..gd. No. M. 4374.

വരിസംഖ്യ കൊല്ലത്തിൽ 4 ക
ഇന്ത്യക്കു പുറമെ 5 ക

മാപ്പിള റവ്യൂ

THE MAPPILA REVIEW.

VOL. 1 | MARCH 1942 | NO. 11

Insure with

RUBY GENERAL INSURANCE CO., LTD.

SPONSORED BY THE WELLKNOWN BUSINESS HOUSE OF

BIRLA BROS., LTD.

Mark the LEAP!

Rs. 30 Lakhs in 1940

OVER RUPEES 50 LAKHS WORTH OF LIFE BUSINESS Completed in 1941

PUBLIC

BEST PROOF of the INCREASED

CONFIDENCE

Life, Fire, Motor, Workmens' Compensation, Marine Etc.

Chairman: Mr. B. M. BIRLA H. O:—CALCUTTA.

Madras Branch: 12, THAMBU CHETTY STREET,

Sub-Office:—"Tower Building" Variety Hall Road, COIMBATORE.

Chief Agent for Malabar

Mr. Punathil Aboo Backer

SOUTH BEACH ROAD, CALICUT.

റൂബി ജനറൽ ഇൻഷ്വറൻസ്

കമ്പനി ലിമിററഡ്.

അദൃശ്യമായ സാമ്പത്തികസ്ഥിരതക്ക നിങ്ങളുടെ ജീവൻ ഈ കമ്പനിയിൽ ഇൻഷൂർ ചെയ്യുക.

ഫയർ, മോട്ടോർ, മാറൈൻ, വർക്ക്മെൻസ് കാമ്പൻസേഷൻ ഈ പദ്ധതികളുമുണ്ട്. മലബാർ ചീഫ് ഏജൻറ്:

മി. പുനത്തിൽ അബുബക്കർ,

സൌത്ത് ബീച്ച് റോഡ്, കോഴിക്കോട്.

ബുദ്ധിയുള്ളവരെല്ലാം

ശ്രദ്ധിക്കുവിൻ.

വരാനിരിക്കുന്ന ജീവിതാവസ്ഥകളെ സംബന്ധിച്ച ദീർഘദർശനമോ ധനപരമായ മിതവ്യയത്തെയും സമ്പാദനത്തെയും സംബന്ധിച്ച നവീനോപായങ്ങൾ നൽകുന്ന ഭാവികാലത്തെക്കുറിച്ചുള്ള മുൻകരുതലോ ഇല്ലാത്ത ഒരുവന് മനുഷ്യജീവിതത്തെപ്പററി മതിയായ ഒരു ധാരണയുണ്ടായിരിക്കുകയില്ല. നമ്മെയും മററുള്ളവരെയും സംരക്ഷിക്കുക നമ്മുടെ കടമയാണ്. അതുതന്നെയാണ് നമ്മുടെ സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാനവും. ലൈഫ് അഷ്വറൻസ്, സാമൂഹ്യമായ നമ്മുടെ കടപ്പാടുകളെ നിർവഹിക്കുവാൻ ഏററവും എളുപ്പവും സമാധാനകരവും ആയ മാർഗ്ഗങ്ങൾ നൽകുന്നു.

നിങ്ങളേയും നിങ്ങളുടെ ആശ്രിതരേയും

'യുണൈററഡ് ഇൻഡ്യ'യിൽ

ഇൻഷ്വർചെയ്തു സംരക്ഷിക്കുവിൻ.

ദി യുണൈററഡ് ഇൻഡ്യ
ലൈഫ് അഷ്വറൻസ്
കമ്പനി, ക്ലിപ്തം.

"യുണൈററഡ് ഇൻഡ്യ ലൈഫ്
ബിൽഡിങ്ങ്"

എസ്പ്ലനേഡ്, മദ്രാസ്.

പോസ്റ്റ്ബോക്സ് No: 281.

ടെലിഗ്രാംസ്: "യുണൈററഡ്"

ട്രസ്റ്റി:

മദ്രാസ് ഗവമ്മേണ്ടിന്റെ ഒഫീഷ്യൽ ട്രസ്റ്റി.

ഇന്ത്യാ, സിലോൺ, മലയാ ഇവിടങ്ങളി-
ലാസകലം ബ്രാഞ്ചുകൾ.

ശാഖ ആപ്പീസ്: അശോക ബിൽഡിങ്ങ്സ്
ബാങ്ക്റോഡ്, കോഴിക്കോട്.

മലയാളത്തിന്റെ മഹനീയമായ
ഒരു അപൂർവ്വ ഭാഗ്യസമ്പത്തായ

മാപ്പിള റവ്യൂ വിശേഷാൽ പ്രതി

ആരേയും ആകർഷിക്കുന്ന ആകൃതിയോടും പ്രകൃതിയോടും കൂടി

ഏപ്രിൽ ആദ്യവാരത്തിൽ പുറപ്പെടുന്നു.

മേൽത്തരം കടലാസ്സ്, ഡമ്മി $\frac{1}{4}$

ഭാഷാ പ്രകൃതികൾക്കും ദേശാഭിമാനികൾക്കും സമുദായസ്നേഹികൾക്കും മതഭക്തന്മാർക്കും ഒന്നുപോലെ ആകാമ്യവും ആനന്ദപ്രദവും ആയ ഒരു **അനർഘ പ്രസിദ്ധീകരണം.** കേരളത്തിലെ പ്രശസ്തരും പ്രമുഖരുമായ എഴുത്തുകാരുടെയെല്ലാം തൂലികാവിലാസങ്ങളുടെ ഒരു **വിമോഹന സമാഹാരം.**

വിജ്ഞാനപ്രദമായ ഉപന്യാസങ്ങൾ, വിശിഷ്ടമായ നിഷ്പക്ഷവിമർശങ്ങൾ, സൌന്ദര്യമധുരമായ മനോഹരകവിതകൾ, കലാവിലാസം നിറഞ്ഞ വികാരജനകമായ ഖണ്ഡകഥകൾ, സജീവമായ ജീവചരിത്രങ്ങൾ.

കൈരളിയുടെ അക്ഷയമായ ഒരു **സുന്ദര സാഹിത്യോപഹാരം.**

കടലാസ്സിന്റെ ഇന്നത്തെ അമിതമായ വിലക്കയററത്തെയും 'പത്ര'ക്കാർക്ക് നേരിട്ടിരിക്കുന്ന മററു അസൌകര്യങ്ങളെയും വിഗണിച്ചുകൊണ്ടും ഓരോ മലയാളിയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടും ഭീമമായ ഒരു ചെലവിന്മേൽ വെളിക്കിറങ്ങുന്ന ഒരു **നിശ്ശബ്ദസാഹിത്യമഹോത്സവം.** ശ്രീമാന്മാർ വള്ളത്തോൾ, ഉള്ളൂർ ജി. ശങ്കരക്കുറുപ്പ്, ചങ്ങമ്പുഴ കൃഷ്ണപ്പിള്ള, പാലാ നാരായണൻനായർ, എം. പി. പോൾ, എം. എ, പ്രഫസർ ശങ്കരൻനമ്പ്യാർ, എം. എ, ഡാക്ടർ എ. അയ്യപ്പൻ, ബി. എ., പി. എച്ച്. ഡി., ഡാക്ടർ ചേലനാട്ടു അച്യുതമേനോൻ, കെ. ഭാസ്കരൻ നായർ, എം. എസ്സ്. സി., കെ. മുഹമ്മദുസാഹിബ്, എം. എ., എം. നാരയണൻ ബി. എ. എൽ. ടി., കുററിപ്പുറത്തു കേശവൻനായർ, വിദ്വാൻ സി. എസ്സ്. നായർ, ലളിതാംബിക അന്തർജ്ജനം, തകഴി ശിവശങ്കരപ്പിള്ള, വിദ്വാൻ വി. ആർ. പരമേശ്വരൻപിള്ള, പി. ഒ. എൽ., കെ. കാത്ത്യായനി അമ്മ, എം. എ., കെ. മുഹമ്മദാലി, ബി. എ. എൽ. ടി., വി. വി. കെ. നമ്പ്യാർ, സാഹിത്യശിരോമണി കുട്ടികൃഷ്ണമാരാർ, വി. വി., എ. മുഹമ്മദുകണ്ണു ബി. എ. എൽ. ടി., ബി. കല്യാണിഅമ്മ, ബി. എ. എൽ. ടി., സി. എച്ച്. കുഞ്ഞപ്പ, എ. എം. അബ്ദുൽഖാദർ, ടി. എൻ. ഗോപിനാഥൻ നായർ, എസ്സ്. കെ. പൊറെറക്കാട്ട്,

വൈക്കം മുഹമ്മദുബഷീർ, സി. കെ. സബാസ്റ്റ്യൻ, എം. ആർ. രാമുണ്ണിനായർ എം. എ., കെ. എ. ദാമോദരമേനോൻ, ബി. എ., ബി. എൽ. ബി. ററി, പ്രഫസർ ജോസഫ് മുണ്ടശ്ശേരി, വക്കം എം. അബ്ദുൽഖാദർ, കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ് മുതലായവരുടെയും മററും ഗദ്യപദ്യലേഖനങ്ങളും അവരുടെ ഛായാചിത്രങ്ങളോടുകൂടി ഇതിലുണ്ടായിരിക്കുന്നതാണ്.

ഒററപ്രതിക്കു 1-ക. യിൽ കവിയാതെ വിലവരുന്നതായിരിക്കും. മാസികയുടെ സ്ഥിരം വരിക്കാർക്ക് പ്രത്യേക ചെലവുകൂടാതെ കിട്ടുന്നതിനു സൗകര്യപ്പെടുത്താൻവേണ്ടി 12-ം, (രണ്ടാം വാല്യം) 1-ം ലക്കങ്ങൾക്കു പകരമായിട്ടായിരിക്കും ഈ വിശേഷാൽപ്രതി. എന്നാൽ 1942 ഏപ്രിൽമാസം ഉൾപ്പെടെ വരിസംഖ്യ അടച്ചിട്ടില്ലാത്തവർക്ക് ഈ വിശേഷാൽപ്രതി അയച്ചുകൊടുക്കുന്നതല്ല. മുൻകൂറു 6 മാസത്തെയെങ്കിലും വരിസംഖ്യ അടക്കുന്ന പുതിയ വരിക്കാർക്ക് ആദ്യത്തെ രണ്ടു ലക്കത്തിനു പകരം ഇതു ലഭിക്കുന്നതാണ്.

വിശേഷാൽപ്രതി ഒററക്കാവശ്യമുള്ളവർ 4-ണ. മുൻകൂറായി അടച്ചു അവരുടെ കോപ്പി റിസർവ്വ് ചെയ്യേണ്ടതാണ്.

വിശേഷാൽപ്രതി വില്പനക്കു

ജാമ്യസംഖ്യ കെട്ടിവെക്കുവാൻ തയ്യാറുള്ള ഏജണ്ടുമാരെ ആവശ്യമുണ്ട്. വിവരത്തിന് അപേക്ഷിക്കുക.

മാനേജർ,
മാപ്പിള റെവ്യൂ,—കോഴിക്കോട്.

Advertise in the
Mappila Review Annual
and increase your business.

പരസ്യക്കാർക്കു പററിയ ഒരു അമൂല്യാവസരം,
അവർക്കൊരു മഹത്തായ അനുഗ്രഹം.

മാപ്പിള റെവ്യൂവിൻെറ വിശേഷാൽപ്രതിയിൽ പരസ്യക്കാർക്കുവേണ്ടി ഞങ്ങൾ കുറെ സ്ഥലം നീക്കിവെച്ചിട്ടുണ്ട്. മാർച്ച് 25-ാംനു-ക്കകം തങ്ങളുടെ സ്ഥലം റിസെർവ്വ് ചെയ്യാത്ത പരസ്യക്കാരുടെ പരസ്യങ്ങൾ സ്വീകരിക്കപ്പെടുന്നതല്ല. പരസ്യനിരക്കിനും മററും ഉടനെ അന്വേഷിക്കുക.

Manager,
THE MAPPILA REVIEW,
CALICUT.

വിഷയവിവരം (Contents)

		ഭാഗം.
1.	ലോകോൽപത്തി Creation of the Universe—Moulvi Arabi Schamnad	1
2.	പ്രേമവും ജീവിതവും Love and Life—Alexis Carel M. D.	5
3.	ആഗ്രാകോട്ട Agra Fort—S. K. Pottekkat	10
4.	മലബന്ധ നിവാരണം Remedy for Constipation—M. Koya B. Sc. L. T.	12
5.	വിദ്യാൎത്ഥികളും ഉറക്കംതൂക്കലും School children & Their Drowsiness—B. Kalliani Amma B. A., L. T.	15
6.	അജ്ഞതയിൽ (പദ്യം) Beyond Perception (poem)—V. V. K.	18
7.	വിദ്യാഭ്യാസപുരോഗതി Educational Progress	19
8.	വ്യവസായലോകം Industrial World	22
9.	വിവരങ്ങളും വിശേഷങ്ങളും Facts and Figures	24
10.	മി. വിൻസ്റ്റൺചൎച്ചിൽ Mr. Winston Churchill	25
11.	ആ അന്ത്യപ്രബോധനം The Last Sermon	30
12.	പസിഫിക്ക് യുദ്ധരംഗം Pacific War Front—P. V. K. Nedungadi	32
13.	ബ്രാഞ്ച് പോസ്റ്റ്മാസ്റ്റർ Branch Post Master—Ambi	36
14.	ദീനാനുകമ്പ (ചരിത്രകഥ) Compassion—(Historic Story) K. P. Thangal	39
15.	ആലിംഗനം (പദ്യം) Embrace—(Poem) Vidwan Palayakott Narayana Menon	43
16.	സാമൂതിരിപ്പാടും മഹമ്മദീയരും Zamorin & The Mohammadans—P. C. Manavikrama Raja B. A., L. T.	44
17.	ബാലപങ്ക്തി(Children's Column)	
18.	കപ്പലിൽനിന്ന് From the Steamer—K. Muhamad M. A.	47
19.	കുറിപ്പുകൾ Notes	50

To face page 25.



മി. വിൻസ്റ്റൺ ചച്ച്ിൽ.

മാപ്പിളറവ്യ

പുസ്തകം 1.	1942 മാർച്ച്	ലക്കം 11.

ലോകോല്പത്തി

അതെപ്പററി ഖുർആൻ എന്തുപറയുന്നു?

(മൗലവി അറബിശംനാട്)

II

കഴിഞ്ഞ ലേഖനത്തിൽ, ലോകസൃഷ്ടിയേയും അതിൻെറ ക്രമാനുഗതമായ വളർച്ചയേയും സംബന്ധിച്ച് ശാസ്ത്രജ്ഞന്മാർ നടത്തിയ അന്വേഷണങ്ങളുടെ ഫലമായി നമുക്ക അറിവാൻ കഴിഞ്ഞിട്ടുള്ള ചില സംഗതികളെയാണല്ലൊ സംഗ്രഹിച്ചിരുന്നത്. ഈ രണ്ടാമത്തെ ലേഖനത്തിൽ, ഈ വിഷയകമായുള്ള ഖുർആൻെറ നിലയെന്താണെന്ന മാത്രം അറിവാൻ നമുക്ക ശ്രമിക്കാം.

ലോകോൽപ്പത്തിയെപ്പററി പല അവസരങ്ങളിലും ഖുർ-ആൻ വ്യക്തമായ ഭാഷയിൽ പ്രതിപാദിച്ചിട്ടുണ്ട്.

(1) "തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആകാശങ്ങളേയും ഭൂമിയേയും ആറു കാലഘട്ടങ്ങളിലായി സൃഷ്ടിച്ചവനായ അല്ലാഹുവാകുന്നു.........(7: 54) ഇവിടെ കാലഘട്ടം എന്നൎത്ഥം പറഞ്ഞിട്ടുള്ളത് 'യൌമ്'' എന്ന പദത്തിനാണ്. ഖുർ-ആനിൽ ഈ പദം നിമിഷത്തെയും അനേകായിരം കൊല്ലങ്ങളെയും വിവക്ഷിക്കുന്ന അൎത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണമായി "അവൻ ആകാശത്തിലെയും ഭൂമിയിലെയും സംഗതികളെ നിയന്ത്രിക്കുന്നു (നിയമവൽകരിക്കുന്നു) അവ അവനിലേക്ക ഒരു ദിവസം ഉയരും'' ആ ദിവസത്തിൻെറ അളവ് നിങ്ങളുടെ കണക്കപ്രകാരം ആയിരംവൎഷമാണ്, (32: 5) ഇവിടെ ആയിരം വൎഷമെന്നു പറഞ്ഞതു് നിശ്ചിതമായ അൎത്ഥത്തിലല്ല. അനേകകാലം എന്നുദ്ദേശിച്ചാണ് ഈ ശൈലി പ്രയോഗിച്ചിട്ടുള്ളത്. മററു ഭാഷകളിലും ഈ മാതിരി പ്രയോഗങ്ങൾ

കാണാം. ഒരു പുസ്തകശാലയിൽ പോയി 'നിങ്ങളുടെ പക്കൽ ഒരു പുസ്തകമുണ്ടോ ? എന്നു ചോദിച്ചാൽ, There are thousand and one books here, but which do you ask for ? എന്നു മറുപടിലഭിക്കാറു സാധാരണമാണ്. നമ്മുടെ മലയാളഭാഷയിൽത്തന്നെ' ഇതുപോലെ ഒരു ആറായിരംപേരെ ഞാൻ കണ്ടിട്ടുണ്ട് എന്നു പ്രയോഗിക്കപതിവുണ്ട്. ഇതെല്ലാം ക്ലിപ്തസംഖ്യയേ ഉദ്ദേശിച്ചല്ല പ്രയോഗിക്കുന്നത്. അനവധി എന്ന അർത്ഥമേ ഈ വക ശൈലികൾക്കുള്ളു. മേലുദ്ധരിച്ച ഖുർ-ആൻ വചനം ലോകാവസാനത്തെ വിവരിച്ച അവസരത്തിൽ പ്രസ്താവിച്ചതാണ്. അതേവിഷയത്തെത്തന്നെ പ്രതിപാദിക്കുന്ന മറ്റൊരുവചനം നോക്കുക. "മാലാഖാമാരും അശരീരികളും ഒരു ദിവസം അവനിലേക്കു ഉയരപ്പെടും. ആ ദിവസത്തിൻെറ അളവ് അമ്പതിനായിരം വർഷമാകുന്നു." (70: 4) ഒരു സ്ഥലത്ത് ആയിരമെന്നും മറ്റൊരുസ്ഥലത്തു അമ്പതിനായിരമെന്നും പ്രയോഗിച്ചതിൽനിന്നു ക്ലിപ്തവർഷമല്ല ഇവിടെ ഉദ്ദേശിച്ചിട്ടുള്ളതെന്നും അനവധി എന്ന അർത്ഥം മാത്രമേ ഈ പ്രയോഗത്തിനുള്ളുവെന്നും വ്യക്തമാകുന്നുണ്ട്. അതിനാൽ ഒന്നാമത്തെ ഖുർ-ആൻ വചനത്തിൽ പ്രസ്താവിച്ച കാലഘട്ടം ഏററവും വലുതായ ഒരു ദശമാത്രമാണെന്നു സുവ്യക്തമായിരിക്കുന്നു. ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതിൽനിന്നു പ്രപഞ്ചത്തിൻെറ വയസ്സു നമുക്കു കിപ്തമായി നിർണ്ണയിക്കുന്നതിനു കഴിയുന്നില്ല. അനവധി കൊല്ലമായിട്ടുണ്ട് എന്നു മാത്രമേ അനുമാനിക്കാൻ തരമുള്ളു. അല്ലാതെ 160 കോടിയെന്നും 40 കോടിയെന്നും 25 കോടിയെന്നും ക്ലിപ്തപ്പെടുത്തുന്നതിനു സാദ്ധ്യമല്ല. ഖുർ-ആൻ പറയുന്നതും ഇതുതന്നെ. പക്ഷേ ഈ വസ്തുത 13 ശതാബ്ദത്തിനു മുമ്പു ഖുർ-ആനിൽ സൃഷ്ടികർത്താവു അറിയിച്ചുകൊടുത്ത ഒരു വാസ്തവമാണെന്നു ഓർക്കുമ്പോഴാണ് ആശ്ചര്യം തോന്നുന്നത്.

(4) "അവിശ്വസിക്കുന്നവർ കാണുന്നില്ലേ ? ഭൂമിയും ആകാശവും ഒന്നായി അടഞ്ഞിരുന്നു. പക്ഷേ നാം അവയേ തുറന്നു. നാം ജലത്തിൽനിന്നും സർവ്വ ജീവജാലങ്ങളേയും സൃഷ്ടിച്ചു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?" (21: 30-31) ഈ വചനത്തിൽനിന്നും ഭൂമിയും ആകാശവും ഒന്നായിരുന്നെന്നും അതിനെ ആകാശഭൂമികളായി വേർതിരിച്ചതാണെന്നും വ്യക്തമാണല്ലോ. ഈ വിഷയത്തിൽ ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിലേക്കു വായനക്കാരുടെ ശ്രദ്ധയെ സാദരം ക്ഷണിച്ചുകൊള്ളുന്നു. (5) "അവൻ അതിനെ (ആകാശത്തെ) ഉയരത്തിൽ ഉയർത്തി; അതിനുശേഷം അതിനെ ശരിയായ അവസ്ഥയിലാക്കി; അവൻ അതിൻെറ രാത്രിയെ ഇരുളാക്കുകയും അതിൻെറ വെളിച്ചത്തേ കൊണ്ടുവരികയും ചെയ്തു; അതിനുശേഷം അവൻ ഭൂമിയേ വികസിപ്പിച്ചു; അവൻ അതിൽനിന്നും വെള്ളവും വിളനിലങ്ങളുമുണ്ടാക്കി. പർവ്വതങ്ങളെ അവൻ ഉറപ്പിച്ചു.........................

(79: 28-32) ഈ വചനത്തിൽ ആകാശം ഈ സ്ഥിതിയിലെത്തുന്നതിനുമുമ്പ് ഭൂമിയുമായി സംഘടിച്ചിരുന്നെന്നും അതിൽ യാതൊരു ശരിയായ അവസ്ഥയുമില്ലായിരുന്നെന്നും വ്യക്തമാകുന്നുണ്ട്. കൂടാതെ ആകാശത്തേ ഉയത്തി, അതിനെ ശരിയായ അവസ്ഥയിലാക്കിയശേഷമാണ് ഭൂമിയെ ഈ സ്ഥിതിയിൽ ആക്കിയതെന്നും പറഞ്ഞിരിക്കുന്നു. ഇതെല്ലാം ശാസ്ത്രീയവാദങ്ങളോടു അക്ഷരംപ്രതി യോജിക്കുന്നെന്നു പറയേണ്ടതില്ലല്ലോ. (6) ഭൂമിയേയും ആകാശങ്ങളേയും അതിനിടയിലുള്ള വസ്തുക്കളേയും ആറു കാലഘട്ടങ്ങളിലായി സൃഷ്ടിച്ചവനായ അവനാകുന്നു അല്ലാഹു, അവൻ ശക്തിയിൽ ഉറച്ചവനാകുന്നു. നിങ്ങാക്ക് അവനല്ലാതെ ഒരു രക്ഷകത്താവോ ഇടനിലക്കാരനോ ഇല്ല. ഇനിയും നിങ്ങാ മനസ്സിലാക്കുന്നില്ലേ? (32: 4-5)

(7) "പറയുക, എന്തു? ഭൂമിയെ രണ്ടു കാലഘട്ടങ്ങളിലായി സൃഷ്ടിച്ചവനിൽ നിങ്ങാ അവിശ്വസിക്കുന്നുവോ? അവനോടു സമന്മാരേ നിങ്ങാ കല്പിക്കുന്നുവോ? അവനാണ് ലോകങ്ങളുടെ രക്ഷിതാവ്.

അവൻ അതിൻെറ (ഭൂമിയുടെ) ഉപരിഭാഗത്തു പവ്വതങ്ങളേ ഉണ്ടാക്കി അവൻ അതിനെ അനുഗ്രഹിച്ചു; അതിനുള്ളിൽ, അന്വേഷിക്കുന്നവക്ക് ഒരുപോലെ, നാലു ഘട്ടങ്ങളിലായി ഭക്ഷണസാധനങ്ങളെ സൃഷ്ടിച്ചു.

അങ്ങനെ അവൻ ആകാശത്തിലേക്കു തിരിഞ്ഞു, അതു് ആവിയായിരുന്നു. ആകയാൽ അവൻ ഏഴ് ആകാശങ്ങാക്കു രണ്ടുഘട്ടമായി നിയമിക്കയും ഓരോ ആകാശങ്ങളിലും അതിൻെറ കാൎയ്യങ്ങളെ വെളിവാക്കയും ചെയ്തു." (61: 9-12) ഈ വചനത്തിൽ ഭൂമി ഫലമൂലാദികാ വിളയുന്നതിനുതക്ക അവസ്ഥയിലെത്തിയതു് രണ്ടു ദശകളേ തരണംചെയ്തതിനുശേഷമാണെന്നും പിന്നീടു നാലുദശകളിലാണ് ഭക്ഷണസാധനങ്ങളായി നാം ഇന്നു കണ്ടുവരുന്ന വൃക്ഷലതാദികളും പക്ഷിമൃഗാദികളും ഉണ്ടായതെന്നും എത്ര വ്യക്തമായ ഭാഷയിൽ പ്രതിപാദിച്ചിരിക്കുന്നു. ഈ വിഷയത്തിൽ ശാസ്ത്രജ്ഞന്മാർ എന്തഭിപ്രായം പറയുന്നുവെന്നു ആദ്യംതന്നെ പറഞ്ഞിട്ടുള്ളതു പരിശോധിച്ചുനോക്കുക.

(8) "അതു് (ഭൂമി) നിങ്ങളോടുകൂടി ഇളകാതിരിക്കാൻവേണ്ടി അവൻ പവ്വതങ്ങളെ ഭൂമിയിൽ തറച്ചു." (16: 15)

(9) അതു് (ഭൂമി) നിങ്ങളോടുകൂടി ചലിക്കാതിരിക്കുന്നതിനു നാം ഭൂമിയിൽ വലിയ പവ്വതങ്ങളുണ്ടാക്കി. നാം അതിൽ വീതിയുള്ള വഴികളെ അവർ (മനുഷ്യർ) നേർവഴിക്കു നടക്കുന്നതിനുവേണ്ടിയുണ്ടാക്കി" (21: 31) ഈ രണ്ടു ഖുർ-ആൻ വചനങ്ങളിൽനിന്ന് ഭൂമി അതിവേഗതയിൽ ചലിച്ചിരുന്നുവെന്നും ചലനശക്തി കുറഞ്ഞതും ഭൂമി ഉറച്ചതും പവ്വതങ്ങളുടെ ഉത്ഭവത്തിനു ശേഷമാ

ണെന്നും വെളിവാകുന്നു. പർവ്വതങ്ങൾ ഭൂമിയിൽ ഇല്ലാത്തപക്ഷം ഭൂമി ഇളകിമറിഞ്ഞു നശിച്ചുപോകുമെന്നുമാണ് ശാസ്ത്രജ്ഞന്മാരുടെയും അഭിപ്രായം. ലോകത്തിന്റെ ഒരററം മുതൽ മറേറ അററംവരെ തുടർച്ചയായി പർവ്വതപരമ്പരകൾ നീണ്ടു കിടക്കുന്നതു നാം കാണുന്നുണ്ട്. മേൽ ഉദ്ധരിച്ച ഖുർ-ആൻ വചനങ്ങളിലുള്ള ശാസ്ത്രീയതത്വങ്ങൾ സുവ്യക്തങ്ങളായതിനാലാണ് അവയെ അധികം വിസ്തരിച്ചെഴുതാതിരുന്നത്. അവയിലെ വിഷയങ്ങളും ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായവും ഒരേ സ്ഥലത്തുവന്നു യോജിക്കുന്നു എന്നു പ്രഥമദൃഷ്ട്യാ ഏവനും മനസ്സിലാക്കാവുന്നതാണ്. പക്ഷേ എത്രയോ ബുദ്ധിമാന്മാരായ ശാസ്ത്രജ്ഞന്മാരുടെ അഹോരാത്രമുള്ള അദ്ധ്വാനഫലമായിട്ടാണ് ഈ വക സത്യങ്ങൾ കണ്ടുപിടിക്കാൻ കഴിഞ്ഞതത്. നേരേമറിച്ചു ഖുർ-ആനിൽ പ്രസ്താവിച്ചിട്ടുള്ള സത്യങ്ങളുടെ വെളിച്ചത്തിൽ അവർ പ്രകൃതിരഹസ്യങ്ങളെ മനസ്സിലാക്കുന്നതിനു ശ്രമിച്ചിരുന്നെങ്കിൽ എത്ര അദ്ധ്വാനംകൂടാതെ കഴിയുമായിരുന്നു എന്നു പറയാതെ തരമില്ല.

ധർമ്മോദയം കമ്പനി,
(തൃശ്ശിവപേരൂർ)
പുതിയ മാസക്കുറി.

111 നറുക്ക്. നറുക്കൊന്നുക്ക് 50ക. 5550ക. സല.

പ്രസ്തുത കുറി 1942 മാർച്ച് 7-ാംനു-ക്ക് 1117 കുംഭം 24-ാംനു- നറുക്കെടുക്കുന്നതാകുന്നു. കുറിയിൽ കുറഞ്ഞത് 1-ക. 9-ണ.യുടെ വീതം വരെ ചേർക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫോറത്തിന്നും ആവശ്യപ്പെടുക.

സി. പാലുലോനപ്പൻ,
ചെയർമാൻ ഓഫ് ദി ബോർഡ്.
(Chairman, Municipal Council, Trichur)

പ്രേമവും ജീവിതവും*

(അലെക്സിസ് കാറെൽ എം. ഡി.)

പ്രേമം അതീവ നിഗൂഢമായ ഒന്നാണ്. അതു അദൃശ്യമാകുന്നു; അതു പദാൎത്ഥമല്ല, എന്നാൽ അതു ഉരുക്കുപോലെ യഥാൎത്ഥവും പ്രബലവും ആകുന്നു. കാററിൽ ചരിക്കുന്ന പുകപോലെ അതു അയവുള്ളതാണെങ്കിലും മരണത്തേക്കാൾ ശക്തമാണ്. മൃഗീയവികാരത്തിൽനിന്നു അതു നിസ്വാൎത്ഥവും അലംഘനീയവുമായ പരിശുദ്ധ സ്നേഹത്തിലേക്കു വളൎന്നുവെന്നു വരാം.

പ്രേമത്തിന്റെ ഉല്പത്തി.

പ്രേമത്തിന്റെ ഉൽഭവം ഇന്ദ്രിയസംബന്ധവും മാനസികവുമാണ്. വൃഷണമോ ബീജകോശമോ രക്തസിരകളിലേക്കു പ്രവഹിപ്പിക്കുന്ന സാരാംശത്തിന് ബുദ്ധിവ്യാപാരത്തിന്റെ മേൽ ശക്തിമത്തായ സ്വാധീനതയുണ്ട്. ലിംഗബന്ധപരമായ അഭിനിവേശത്തെ അവ ശരീരത്തിൽ കലൎത്തുന്നു. അവ നിസ്വാൎത്ഥപ്രേമത്തെ ഉദ്ദീപിപ്പിച്ച് ആത്മസമൎപ്പണത്തെ പ്രേരിപ്പിക്കുന്നു. അനശ്വരമായ ആനന്ദാനുഭൂതിയാൽ അവ കാമുകീകാമുകന്മാരുടെ ലോകത്തെ പ്രകാശിപ്പിക്കുന്നു. മററുവിധത്തിൽ പറയുകയാണെങ്കിൽ, മനസ്സിന്റെ ഏററവും സമുന്നമായ വ്യാപാരങ്ങൾക്കു അവ ശാരീരികാവശ്യങ്ങളെ പ്രദാനം ചെയ്യുന്നു. സന്താനോല്പാദനത്തിന്നു വേണ്ടിയുള്ള മനഃപ്രേരണയാണ് പ്രേമത്തിന്റെ ഉല്പത്തി.

പ്രേമപ്രകടനം.

ഏററവും പുരാതനമായ കാലത്തെന്നപോലെ, ഇന്നും മനുഷ്യന്റെ യുവത്വം അതിന്റെ അതിമനോഹരവും എന്നാൽ അപായകരവും ആയ മോഹങ്ങളുടെ നൈസൎഗ്ഗികശക്തിയെ പ്രേമലബ്ധിക്കായി പ്രയോഗിച്ചുവരുന്നു. എന്നാൽ ഇത്തരം പ്രേമചേഷ്ടകൾ വിശിഷ്യ, വിവാഹത്തിന്നു വേണ്ടിയുള്ള പ്രേമപ്രകടനങ്ങൾ സാധാരണ വിജയത്തിൽ കലാശിക്കാറില്ല. പരിണയത്തിന് ശേഷമുള്ള പ്രേമം എളുപ്പമുള്ള ഒന്നല്ല. വൈവാഹികശാസ്ത്രത്തിന്റെ വളൎച്ച മനുഷ്യന്റെ സുഖത്തിന്നും നാഗരികത്വത്തിന്റെ മഹത്വത്തിന്നും ആവശ്യമാണെന്നിരുന്നാലും അതു നിൎഭാഗ്യത്താൽ ഇന്നു വികസിക്കാതെയാണിരിക്കുന്നത്.

വിവാഹോദ്ദേശ്യം.

വിവാഹത്തിന്റെ ഏററവും അടുത്ത പ്രയോജനം, ലിംഗബന്ധപരമായ പ്രേരണയുടെ പരിഹരണവും സന്താനോല്പാദനവും ആകുന്നു. ഈ പ്രേരണ അ

* പരിഭാഷകൻ, എ.

ല്ലെങ്കിൽ അഭിനിവേശം പ്രകൃതിയുടെ അക്ഷയമായ ഒരു നിയമമാണ്. ഒരു പ്രണയകേളി എന്ന നിലയെക്കാൾ അതിനു മഹിമയും പ്രാധാന്യവുമുണ്ട്.

വിവാഹാനന്തരമുള്ള പ്രേമം ഉല്പാദനപരമായ ഒരു ഉദ്യമമാണ്. ആകസ്മികമായോ ജന്മവാസന കൊണ്ടോ ലഭിച്ചിട്ടുള്ള ഒന്നല്ല അത്. സന്താനോല്പാദനത്തിന്നായുള്ള സ്ത്രീപുരുഷന്മാരുടെ സംയോഗത്തിൽ അപാരമായ ഒരു സൗന്ദര്യവും വിശുദ്ധിയും കലന്നിരിക്കുന്നു.

വിവാഹപ്രശ്നം.

വൈവാഹികബന്ധത്തെ, വിരമിക്കാത്ത ഒരു വിജയമാക്കിത്തീർക്കുവാൻ സാദ്ധ്യമായ സകല ഉപായങ്ങളും ശാസ്ത്രീയമാർഗ്ഗങ്ങളും പ്രയോഗിക്കപ്പെടണം. ഭാര്യാഭർത്താക്കന്മാരെ ഒരിക്കലും വേർപിരിയാത്ത ഒരു കൂട്ടുകെട്ടിൽ ലയിപ്പിക്കുകയാണ് വിവാഹപ്രശ്നം ചെയ്യേണ്ടത്. സ്ത്രീപുരുഷന്മാർ അവരുടെ വിപരീത സ്വഭാവവിശേഷങ്ങൾകൊണ്ട് പരസ്പരം ആകൃഷ്ടരായിരിക്കുന്നു. പുരുഷനു എത്രത്തോളം അവൻെറ ആണത്തം കൂടിയിരിക്കുന്നു; അതുപോലെ സ്ത്രീക്കു എത്രമാത്രം അവളുടെ സ്ത്രീത്വം വർദ്ധിച്ചിരിക്കുന്നു, അത്രത്തോളം അവരുടെ പരസ്പരബന്ധം വികാരജനകവും ബലവത്തുമായിരിക്കും. എന്നാൽ ലൈംഗികബന്ധം മനസ്സിനെയും ശരീരത്തെയും വേർപെട്ടുനില്ക്കുന്ന ഒന്നല്ല. സ്ത്രീപുരുഷന്മാർക്കു തമ്മിൽ വമ്പിച്ച അന്തരമാണുള്ളത്. എത്ര ഹൃദയംഗമമായി അവർ പരസ്പരം യോജിച്ചിരുന്നാലും ഒരു വിടവ് അവരെ വേർപെടുത്തി നിറുത്തുന്നു.

പരസ്പരവ്യത്യാസങ്ങൾ.

സ്ത്രീപുരുഷന്മാരുടെ ശാരീരികവും മാനസികവും ആയ വ്യത്യാസങ്ങൾ അവരുടെ അപരിച്ഛേദ്യമായ യോജിപ്പിനെ വിഷമകരമാക്കിത്തീർക്കുകയാണ് ചെയ്യുന്നത്. പുരുഷൻ ചുറുചുറുക്കും ചൊടിയും ഉള്ളവനും കഠിനമായി അദ്ധ്വാനിക്കുന്നവനും ആകുന്നു. സ്ത്രീ നിശ്ചേഷ്ടയും (Passive) ഓരോ മാതിരി വികാരത്തിനും തോന്നലിനും അധീനയായി വർത്തിക്കുന്നവളും സഹബോധമുള്ളവളുമാണ്. മാനസികവും ശാരീരികവും ആയ അവളുടെ അവസ്ഥാപ്രകൃതി അവളെ മാതൃപദം വഹിക്കുവാൻ പ്രേരിപ്പിക്കുന്നു. വിവാഹം രണ്ടു വ്യത്യസ്തവ്യക്തികളുടെ സഹകരണമാണ്. ഈ സഹവാസത്തിൻെറ പ്രാപ്തിക്കും വിഷമതകൾക്കും അവരുടെ സ്വഭാവവിശേഷങ്ങളാണ് ഉത്തരവാദിത്വം വഹിക്കുന്നത്.

കായികവും മാനസികവുമായി ഭാര്യാഭർത്താക്കന്മാർ പരസ്പരം വ്യത്യസ്തരായിരിക്കുന്നുവെന്നു മാത്രമല്ല, ഈ വ്യത്യാസം അവരുടെ ലൈംഗികമനോഭാവം അനുസരിച്ച് മാറിമാറിക്കൊണ്ടിരിക്കയും ചെയ്യുന്നു. ഈ ലൈംഗികലയം പുരുഷനെ അപേക്ഷിച്ച് സ്ത്രീയിലാണ് കൂടുതലായി കാണപ്പെടുന്നത്.

ഇച്ഛാപരമായ അടക്കവും വികാരപരമായ നിയന്ത്രണവുംപോലെ ധാതുപുഷ്ടിയും വിവാഹജീവിതത്തിൻെറ വിജയത്തിനുകൂടിയേ തീരൂ. മററൊരു പ്രകാരത്തിൽ പറയുകയാണെങ്കിൽ വ്യവസ്ഥാപിതവും സമാധാനകരവും ആയ ദാമ്പത്യജീവിതത്തിൻെറ വിജയം ഭാര്യാഭർത്താക്കന്മാരുടെ സ്വഭാവത്തേയും നടവടിയേയും ആശ്രയിച്ചാണിരിക്കുന്നതു്. രോഗംകൊണ്ടോ ഗർഭോൽപാദനംകൊണ്ടോ ഭാര്യക്കു സുഖമില്ലാതിരിക്കുമ്പോൾ ഭർത്താവ് അയാളുടെ ലിംഗബന്ധപരമായ അഭിനിവേശങ്ങളേയും അഭീഷ്ടങ്ങളെയും അടക്കുകതന്നെ വേണം. ദാമ്പത്യജീവിതത്തിൽ, സംയോഗത്തിൽനിന്നു വിരമിച്ചുനില്ക്കുവാൻ ഇച്ഛാശക്തിയും ധാർമ്മികധീരതയും ഇരുകൂട്ടർക്കും ഒഴിച്ചുകൂടാ. എന്നാൽ പലക്കും അതു ദുസ്സാധ്യമായ ഒരു ധീരകൃത്യമായിട്ടാണ് തോന്നാറുള്ളതു്. വിവാഹത്തിന്് മുൻപു മാതൃകാപരമായ അവസ്ഥ നിർദ്ദോഷമായ നടത്തയാകുന്നു. നല്ല നടത്തത്തിന്, കാലേക്കൂട്ടിയുള്ള മാനസിക പരിശീലനം അത്യാവശ്യമാണ്. അതു ആത്മനിയന്ത്രണത്തിൻെറ ഏററവും ഉന്നതമായ ഒരു പ്രകടനമാകുന്നു. ലിംഗബന്ധപരമായ സംയോഗത്തെ യൗവ്വനത്തിൽ, സേച്ഛാനുസൃതമായി നിയന്ത്രിക്കുന്നതു നിമിത്തം ജീവിതത്തിൻെറ ഗുണങ്ങൾ വർദ്ധിക്കുന്നു. വേശ്യകളുമായുള്ള സംയോഗം അപായകരമാണ്. പണത്തിനു വേണ്ടിയുള്ള പ്രേമപ്രകടനങ്ങൾ യഥാർത്ഥമായ സംയോഗത്തെ അപകർഷത്തിലേക്കു നയിക്കും.

യഥാർത്ഥമായ പ്രേമംപോലും ലൈംഗികബന്ധത്തിൻെറ ചില നിശ്ചിത വിപത്തുകളിൽ നിന്ന് ഭാര്യാഭർത്താക്കന്മാരെ സംരക്ഷിച്ചില്ലെന്നു വരാം. കാലേക്കൂട്ടിയുള്ള അമിതമായ സംഭോഗം ശരീരത്തിൻെറയും മനസ്സിൻെറയും പൂർണ്ണവികാസത്തെ തടയുന്നു. ക്ഷീണിച്ചിരിക്കുമ്പോഴൊ വിരസനായിരിക്കുമ്പോഴൊ അമിതമായ സംഭോഗാസക്തിയുള്ള ഒരു ഭാര്യ ഭർത്താവിനെ ഒരിക്കലും ലിംഗബന്ധപരമായ കർമ്മത്തിന്ന് പ്രേരിപ്പിക്കരുത്. പ്രേമം അജ്ഞതക്കും സ്വാർത്ഥത്തിനും ചേരുന്നതല്ല. രോഗത്തിനും അതു യോജിച്ചതല്ല.

സ്ത്രീപുരുഷബന്ധത്തിനു പ്രത്യക്ഷമായ നിയമങ്ങളില്ല. എന്നാൽ ദാമ്പത്യജീവിതത്തിൽ ബുദ്ധിയും മനോനിയന്ത്രണവും കൈവെടിഞ്ഞുകൂടാ. സാങ്കേതികമാർഗ്ഗപരമായ അജ്ഞത പലപ്പോഴും ദാമ്പത്യജീവിതത്തിൻെറ പരാജയകാരണമായിത്തീരാറുണ്ട്. പരസ്പരപേച്ഛയുള്ള ഭാര്യാഭർത്താക്കന്മാർ കുറവാകുന്നു. ഭാര്യയെ അപേക്ഷിച്ച്, ഭർത്താവിന് പലപ്പോഴും സംയോഗാസക്തി വർദ്ധിച്ചിരിക്കും തൻെറ അജ്ഞതയോ നിഷ്ഠുരതയോ നിമിത്തം ഭർത്താവ് സാധാരണ ലൈംഗികമായ സംയോഗമുറകളെ അവ്യവസ്ഥിതവും അന്യായവുമാക്കിത്തീർക്കുന്നു.

ജീവിതം സ്നേഹപൂൎണ്ണമായിരിക്കണം

ഭാൎയ്യാഭൎത്താക്കന്മാർ തങ്ങളുടെ പരസ്പരപ്രേമവായ്പിനെ വളൎത്തിക്കൊണ്ടിരിക്കുന്നതിൽ കരുതലുള്ളവരായിരിക്കണം. ഇതിന് വലിയ അദ്ധ്വാനത്തെയോ പ്രയാസത്തെയൊ നേരിടണമെന്നില്ല. പ്രതിപത്തിയേയും പ്രേമത്തേയും പ്രകാശിപ്പിക്കുന്ന മധുരഭാഷണങ്ങൾകൊണ്ടു അവർ അവരുടെ നിത്യജീവിതത്തിന് ചൈതന്യം നൽകണം. ഈ മാതിരി സ്നേഹപുരസ്സരമായ സംഭാഷണങ്ങൾ ലിംഗബന്ധപരമായ വിഷയങ്ങളെ സംബന്ധിച്ചായിരിക്കണമെന്നില്ല. അവർ അന്യോന്യമുള്ള സ്നേഹത്തേയും മതിപ്പിനേയും വാക്കുകൾകൊണ്ടും ഭാവങ്ങൾകൊണ്ടും നയങ്ങൾകൊണ്ടും മനസ്സിലാക്കികൊടുക്കുന്നതിൽ ജാഗരൂകരായിരിക്കണം. സ്നേഹം നിറഞ്ഞ പെരുമാററത്തിൻെറയും മധുരമായ വാക്കുകളുടേയും അത്ഭുതശക്തി വാചാതീതമാകുന്നു.

സ്വഭാവമഹിമ

സന്താനങ്ങളുടെ വ്യവസ്ഥാപിതവും നിയന്ത്രിതവും ആയ വളൎച്ചയെ ഭാൎയ്യാഭൎത്താക്കന്മാർ ഗൌരവപൂൎവ്വം വീക്ഷിക്കേണ്ടതാണ്. ജീവിതത്തിൽ, തങ്ങൾക്കു വിലയും വിശിഷ്ടതയും സിദ്ധിക്കുവാൻ സഹായിക്കുന്ന സ്വഭാവമഹിമയെ രൂപവൽക്കരിക്കേണ്ട ഭാരം ഭാൎയ്യാഭൎത്താക്കന്മാൎക്കുണ്ടെന്നു അവർ വിസ്മരിക്കരുത്. പാരമ്പൎയ്യഗുണം സന്താനങ്ങളിൽ പ്രതിഫലിക്കുന്നതുകൊണ്ടു സ്വഭാവത്തിലും നടപടികളിലും ദമ്പതിമാർ മാതൃകായോഗ്യരായിരിക്കണം.

ഭാൎയ്യാഭൎത്താക്കന്മാരുടെ പ്രജ്ഞാപരമായ യോജിപ്പ് അഭികാമ്യമായ ഒന്നാണ്. സ്ത്രീയുടെ ബുദ്ധി, പുരുഷൻെറതിൽനിന്ന് വ്യത്യസ്തമാണെങ്കിൽ അതിനെ അപേക്ഷിച്ച് തരം താഴ്ന്നതാണെന്നു പറഞ്ഞുകൂടാ. ആൺകുട്ടികൾക്കു ലഭിക്കുന്നപോലെ പെൺകുട്ടികൾക്കും പ്രജ്ഞാപരമായ വിദ്യാഭ്യാസം ലഭിക്കണം. ജീവിതകടമകളെ നിൎവ്വഹിക്കുവാനും സാമുദായികമായ ചുമതലകളെ പരിഹരിക്കുവാനും അവർ പല വിഷയകമായി പരിജ്ഞാനം സമ്പാദിക്കണം. ഗൃഹജോലികൾമാത്രം അവർ പരിശീലിക്കുന്നതുകൊണ്ടു മതിയാകുന്നില്ല. ദാമ്പത്യജീവിതത്തിൻെറയും സമുദായത്തിൻെറയും ഭാവിസുഖം പ്രേമവ്യാപാരത്തിൽ പ്രദശിപ്പിക്കേണ്ട ബുദ്ധിയെ ആശ്രയിച്ചിരിക്കുന്നു. അഭിനവ വിദ്യാഭ്യാസംഓരോ ആൺകുട്ടിയിലും പെൺകുട്ടിയിലും അങ്ങെ അററംവരെ വളൎത്തുന്ന സ്വാതന്ത്ര്യപ്രതിപത്തിയാണ് പ്രേമത്തിൻെറ ബദ്ധശത്രു.

പ്രേമം ഒരു സുഖാനുഭോഗമല്ല. അത് ഒരു ആവശ്യമാണെന്നു നാം വേണ്ടുവോളം ഇനിയും മനസ്സിലാക്കിയിട്ടില്ല. ഭാൎയ്യയേയും ഭൎത്താവിനേയും അവരുടെ സന്താ

നങ്ങളേയും അന്യോന്യം ബന്ധിക്കുന്നതു പ്രേമമാണ്. വ്യക്തികളുടേയും സമുദായത്തിന്റെയും ജനതയുടേയും നിലനില്പിനെ കാത്തുകൊണ്ടിരിക്കുന്നതും അതു തന്നെയാണ്.

വ്യവസായത്തിലും കലയിലും ശാസ്ത്രത്തിലും മഹത്വം ആർജ്ജിച്ചിട്ടുള്ളവരെല്ലാം പ്രബലമായ ലൈംഗികവാസനയോടുകൂടിയവരാണ് പ്രേമത്തെ അടിച്ചമർത്തുമ്പോഴാണ് അതു പൂർണ്ണശക്തിയോടെ ജ്വലിച്ചുയരുന്നതു്. അപ്രാപ്യമായി, അസാദ്ധ്യമായിത്തീരുമ്പോഴം അതിന്റെ പ്രഭാവം ലോകത്തെയും ജയിച്ചുപോവുന്നു. “ബിയാട്രീസ് ഡാന്റിയുടെ പതിയായി പരിണമിച്ചിരുന്നുവെങ്കിൽ നമുക്ക് ‘ഡിവൈൻകാമഡി’ എന്ന വിശ്വഗ്രന്ഥം ലഭിക്കുമായിരുന്നുവോ?

Use **"CROWN" BRAND TILES**

P. K. NAIR
Managing Director.

REGD.

Tele | gram: NAIR, FEROKE
| Phone: 70, Calicut.

TRADE MAKR

Sales Depot &
Branch Office at
Wolfendhol
Street, Colombo

std. 1920.

14,, gague

perfect Model

Best quality "Crown" brand roofings and other tiles

Strong, light & non-porous.

Largely used throughout
INDIA, MBURA, CEYLON & F. M. S.

Manufactured by:—

The Malabar Tile Works,
FEROKE, S. Maabar.

ആഗ്രാകോട്ട

എസ്. കെ. പൊറെറക്കാട്ട്.

ആഗ്രയിലെ മനോഹരമായ കോട്ട, ആഗ്രാഫോർട്ട്, റെയിൽവെസ്റ്റേഷന്നു തൊട്ടുതന്നെയാണു് കിടക്കുന്നത്. ദൽഹിയിലെ ചുകന്ന കോട്ടയുടേതുപോലെ ഈ ദുർഗ്ഗത്തിൻേറയും ഒരു ഭാഗം പട്ടാളആവശ്യങ്ങൾക്കു വേണ്ടി നീക്കിവെച്ചിരിക്കയാണ്. കോട്ടയെ ചുററിക്കൊണ്ടു അഗാധമായ ഒരു കിടങ്ങുണ്ട്. കോട്ടയുടെ പുറമെ, സൈനികപരിശീലനത്തിന്നുപയോഗിച്ചിരുന്ന വിശാലമായൊരു മൈതാനം കിടക്കുന്നു. അവിടെ ഇന്നു കവാത്തു നടത്തുന്നതു് ബ്രിട്ടീഷ് ഗവമ്മേണ്ടിൻേറ പട്ടാളമാണെന്നേ ഒരു വ്യത്യാസമുള്ളു.

യമുനാനദിയുടെ വലത്തെക്കരയിൽ, നദിയോട്ട് വളരെ അടുത്തല്ലാതെയാണു്, ചെങ്കല്ലുകൊണ്ടു നിമ്മിച്ച, ഭീമാകൃതിയിലുള്ള ഈ കോട്ട കിടക്കുന്നത്. ദൽഹിയിലെ കോട്ടയേക്കാളും, സമനിരപ്പിൽ നിന്നു വളരെ ഉയൎന്നിട്ടാണ് ഇതിൻേറ അന്തർഭാഗം. കോട്ടക്ക് 1½ മൈൽ ചുററളവുണ്ട്.

ആഗ്രാകോട്ട, മഹാനായ അക്ബർ ചക്രവത്തിയുടെ പേരിനോടാണു ബന്ധപ്പെട്ടുകിടക്കുന്നത്. ഈ കോട്ടയിൽവെച്ചു ചക്രവത്തി ഭാരതഖണ്ഡത്തിൻേറ ഭരണം നടത്തി. ഇവിടെവെച്ചുതന്നെ ചരമമടയുകയും ചെയ്തു.

ഔറംഗസീബ് ദൽഹിയിലേക്കു ഭരണകേന്ദ്രം മാററുന്നതുവരേക്കും, ആഗ്രാനഗരത്തിന്നും അക്ബർചക്രവത്തി പണി ചെയ്യിപ്പ് ഈ മനോഹരദുർഗ്ഗത്തിന്നും പ്രാധാന്യമുണ്ടായിരുന്നു.

ജഹാംഗീർ മഹൽ.

“ദിവാൻ--ഇ--ഖാസ്” (സ്വകായ്യമന്ദിരം), ദിവാൻ-ഇ--ആം; നഗീനിമസ്ജിദ്, ശീശ്മഹൽ, മുത്തുപള്ളി (Pearl mosgue) മുതലായവയാണ് പ്രധാനങ്ങളായ കെട്ടിടങ്ങൾ. ജഹാംഗീർ മഹൽ, ഹൈന്ദവരീതിയിലുള്ള ഒരു കൊട്ടാരമാണ്. ഇതു് അക്ബർ ചക്രവത്തി പുത്രന്നുവേണ്ടി പണിചെയ്യിച്ചുകൊടുത്തതാണ്. മുത്തുപള്ളി ധവളശിലകൊണ്ടു അതിമനോഹരമായി പണിചെയ്ത ഒരു പള്ളിയാണ്. ഖാസ്മഹലിനോടു അനുബന്ധിച്ചുണ്ടാക്കിയ ശീശ്മഹൽ, സ്നാനഗൃഹമാണ്. വണ്ണസ്ഫടികങ്ങൾ പതിച്ചിരുന്ന വെള്ളികൊണ്ടുള്ള വിചിത്രവേലകൾ, അധികം മാഞ്ഞുപോയിട്ടില്ലാത്തതുകൊണ്ടു ഇതിൻേറ അന്തർഭാഗം ഇന്നും അതികൌതുകകരമായ ഒരു കാഴ്ചയാണ്. അവിടത്തെ സൂക്ഷിപ്പുകാരൻ വണ്ണമത്താപ്പുകൾ കത്തിച്ച് ആ ശോഭക്കു ഒരു പ്രത്യേകത വരുത്തി പ്രദർശിപ്പിച്ചു തരും.

കൊട്ടാരത്തിന്നു മുമ്പിലുള്ള മുന്തിരിത്തോട്ടമാണ് മറെറാരു കാഴ്ച. ഇതിന്നു പാററിയ വളം ചേൎന്ന മണ്ണ്, ചക്രവൎത്തി, പേർസ്യയിൽ നിന്നു പ്രത്യേകമായി വരുത്തിയതാണത്രെ. ഈ മണ്ണ് പ്രത്യേകതടങ്ങളിലായി സൂക്ഷിച്ച്‌വെച്ചിരിക്കുന്നത് ഇപ്പോഴും കാണാം.

പുഷ്പവാടികളും, ജലധാരകളും ആഗ്രാദുൎഗ്ഗത്തിൻെറ അന്തർഭാഗത്തെ ഇന്നും അലങ്കരിക്കുന്നു. കോട്ടയുടെ വലിയൊരു ഭാഗത്തേക്കു കാഴ്ചക്കാൎക്കു പ്രവേശം നിഷേധിക്കപ്പെട്ടിരിക്കുന്നുവെങ്കിലും, ശേഷമുള്ള ഭാഗങ്ങളിലെ കാഴ്ചകൾകൊണ്ടുതന്നെ കോട്ടയുടെ പണ്ടത്തെ പ്രതാപവും സൌന്ദൎയ്യവും നമുക്കു കണ്ടറിവാൻ കഴിയും.

നിങ്ങളുടെ ശിശുക്കൾക്കു ഞങ്ങളുടെ കൈപ്പ്, തികട്ടൽ, അരുചി ഇല്ലാത്ത

‘സ്വരാജ് കാസ്റ്റർ ഓയിൽ’

വാങ്ങി ഉപയോഗിക്കുവിൻ.

ഇതിന്നും പുറമെ ആയുൎവ്വേദ വിധി പ്രകാരം തയ്യാറാക്കപ്പെട്ട സൎവ്വ മരുന്നുകളും കസ്തൂരി, ഗോരോചനം, പച്ചക്കൎപ്പൂരം മുതലായ മേൽമരുന്നുകളും, ഹിമാലയാ അടിവാരത്തിൽനിന്നു വരുത്തിയ അഷ്ടവൎഗ്ഗങ്ങളും മിതമായ വിലക്കു വിററുവരുന്നു.

വനിതാ ഹല്വാ സ്ത്രീകൾക്കുള്ള സകല രോഗങ്ങൾക്കും വിശേഷമാണ്.

ചിന്താമണി ഹല്വായും, സുഖഭേദി ഹല്വായും വയറിളക്കുവാൻ അത്യുത്തമം. ഒരിക്കൽ ഉപയോഗിച്ചുനോക്കുക.

പുറരാജ്യങ്ങളിലേക്ക് വി; പി. യായി മൊത്തമായും, ചില്ലറയായും മരുന്നുകൾ അയച്ചുകൊടുക്കുന്നതാണ്.

പി. എ. കുഞ്ഞഹമ്മത് & ബ്രദർ, മരുന്നുകച്ചവടം, വലിയങ്ങാടി, പാലക്കാട്.

മലബന്ധനിവാരണം

അതുനമ്മുടെ ആരോഗ്യതക്കു ഒഴിച്ചുകൂടാത്തതാണ്

(എം. കോയാ, ബി. എസ്സ് സി. എൽ. ടി.)

നമ്മിൽ അധികമാളുകളും മലബന്ധംകൊണ്ടുള്ള അസുഖം അനുഭവിക്കുന്നവരാണ്. മലബന്ധത്തിന്റെ യാതൊരു ഉപദ്രവും ഇല്ലെന്ന് വിചാരിക്കുന്നവരിൽ 90 ശതമാനത്തിലധികവും മലബന്ധം ബാധിച്ചവരാണെന്ന് നിസ്സംശയം പറയാം. ദിവസം ഒരു പ്രാവശ്യം വിരേചനമുണ്ടായാൽ മതിയെന്നാണ് നമ്മുടെ ധാരണ. അങ്ങിനെ സംഭവിക്കുന്നപക്ഷം നാം വിരേചനൌഷധങ്ങൾക്ക് വേണ്ടി പണം ചെലവഴിക്കാതെ കഴിക്കുന്നു. അല്ലാത്തപക്ഷം നമുക്കു പലമാതിരി വിരേചനൌഷധങ്ങൾക്കു കൂടുതൽ പണം ചെലവാക്കേണ്ടിവരുന്നു. ഔഷധവ്യാപാരികൾ ഇക്കാലത്ത് ധാരാളം വിരേചനൌഷധങ്ങൾ വിററുവരുന്നുണ്ട്.

രോഗാണുക്കളും മററു വിഷബീജങ്ങളും നമ്മുടെ ശരീരത്തിൽ പ്രവേശിക്കുന്നതുകൊണ്ടും, നമുക്ക് വേണ്ടതായ എല്ലാ പോഷകസാധനങ്ങളും നാം കഴിക്കുന്ന ഭക്ഷണത്തിൽ ഇല്ലാതിരിക്കുന്നതുകൊണ്ടുമാണ് നമുക്ക് രോഗങ്ങൾ പിടിപെടുന്നത്. മലബന്ധംകൊണ്ടുണ്ടാകുന്ന പല രോഗങ്ങളും രണ്ടാം ഇനത്തിൽ പെട്ടവയാണ്. അത്ത്, കുടൽപ്പുണ്ണ്, വയറുവേദന, തലവേദന, അസ്വാസ്ഥ്യം, ഉറക്കമില്ലായ്മ, ക്ഷീണം, നാവിന്മേൽപ്പുണ്ണ്, വിയർപ്പുനാററം മുതലായവക്കു പുറമെ, രക്തവാതം, കല്ലടപ്പ് ഹൃദ്രോഗം, ഏക്കം, മുതലായ ഗൌരവതരമായ രോഗങ്ങളെയും ഉണ്ടാക്കുന്നു. രക്തത്തിൽ വിഷകരമായ പദാർത്ഥങ്ങൾ കലരുന്നതുകൊണ്ടാണ് ഈ രോഗങ്ങൾ ഉണ്ടാകുന്നത്. മലബന്ധംകൊണ്ട് ഈ വിഷങ്ങൾ എങ്ങിനെ രക്തത്തിൽ പ്രവേശിക്കുന്നുവെന്ന് നോക്കാം.

നാം കഴിക്കുന്ന ഭക്ഷണം സുമാറ് മൂന്നു മണിക്കൂർ ആമാശയത്തിൽ കിടന്ന്, ആമാശയനീരിന്റെ പ്രവർത്തനത്താൽ ഒരു വിധം ദീപനംവന്നു കുടലിൽ പ്രവേശിക്കുന്നു. ഇരുപതടിയിൽപരം നീളമുള്ള ചെറുകുടലിന്റെ ആദ്യഭാഗങ്ങളിൽ ഇതിനോട് പല ദീപന രസങ്ങളും ചേരുന്നു. ഈ രസങ്ങളുടെ പ്രവർത്തനത്താൽ ഭക്ഷണത്തിന്ന് വേണ്ടവിധം ദീപനം വരുന്നു. ആമാശയത്തിന്റെയും ചെറുകുടലിന്റെയും തരംഗരൂപത്തിലുള്ള ചലനമാണ് ഭക്ഷണത്തെ ആമാശയത്തിൽനിന്ന് കുടലിലേയ്ക്കും, കുടലിന്റെ ഒരററം മുതൽ മറെറ അററംവരെയ്ക്കും കൊണ്ടുപോകുന്നത്. ദീപനം വന്നു ജലത്തിൽ ലയിച്ച ഭാഗത്തെ,

അതിൻെറ കുടലിൽക്കൂടെയുള്ള യാത്രയിൽ, ചെറുകുടലിൻെറ ഭിത്തികൾ വലിച്ചെടുത്തു് രക്തത്തോട് ചേർക്കുന്നു. ഇങ്ങിനെ ആന്ത്രഭിത്തി ദീപനം വന്ന ആഹാരാംശത്തെ നിപാനം ചെയ്യതിന്ന് ശേഷം ശേഷിക്കുന്ന ദീപനം വരാത്ത ഭാഗം, 6 അടി നീളമുള്ള പെരുങ്കുടലിൽ പ്രവേശിച്ച്, അതിൽക്കൂടി സഞ്ചരിച്ച് ഗുദദ്വാരത്തിൽക്കൂടി പുറത്തു് പോകുന്നു. ഒരു പ്രാവശ്യം കഴിച്ച ഭക്ഷണത്തിൻെറ അവശിഷ്ടം ഗുദദ്വാരത്തിൽക്കൂടെ പുറത്തു പോകുവാൻ ചുരുങ്ങിയതു് 18 മണിക്കൂർ ആവശ്യമാണ്.

ദിവസത്തിൽ ഒരു പ്രാവശ്യം മാത്രം മലവിസർജ്ജനം ചെയ്യുന്ന ഒരാളുടെ പെരുങ്കുടലിൽ ഓരോ ഭക്ഷണത്തിൻേറയും അവശിഷ്ടം 50 മണിക്കൂറിലധികം കിടക്കുന്നുവെന്ന്, നവീനഗവേഷണത്തിൻെറ ഫലമായി മനസ്സിലായിരിക്കുന്നു. ഇങ്ങിനെ മലം അധികനേരം പെരുങ്കുടലിൽ കിടക്കുമ്പോൾ അതു് ജീർണ്ണിക്കുവാൻ തുടങ്ങുകയും, അതിൽനിന്ന് പല വിഷങ്ങളും ഉൽഗ്ഗമിക്കുകയും ചെയ്യുന്നു. മലബന്ധമുള്ള ആളുടെ കുടലിൽ പല വാതകങ്ങളും ഉണ്ടായി ഗുദദ്വാരത്തിൽക്കൂടി പുറത്തു് പോകുന്നതു്, മലം ഇങ്ങിനെ ജീർണ്ണിച്ചിട്ടാണ്. വിഷദ്രവ്യങ്ങളിൽ അധികഭാഗത്തേയും പെരുങ്കുടൽ വലിച്ചെടുത്തു് രക്തത്തിൽ ചേർക്കുന്നു.

മലം ദോഷകരമായ രീതിയിൽ അധികനേരം പെരുങ്കുടലിൽ കിടക്കാതെ ഒഴിഞ്ഞുപോകണമെങ്കിൽ ഓരോ ദിവസവും പ്രധാനമായി കഴിക്കുന്ന ഭക്ഷണത്തിൻെറ എണ്ണത്തോളം, മലവിസർജ്ജനവുമുണ്ടാകേണ്ടതാണ്. നമ്മളിൽ അധികമാളുകളും പ്രധാനമായി രണ്ടു പ്രാവശ്യം ഭക്ഷണം കഴിക്കുന്നതു്കൊണ്ട് കുറഞ്ഞതു് രണ്ടു പ്രാവശ്യമെങ്കിലും നാം മലവിസർജ്ജനം ചെയ്യണം. മൂന്നും നാലും പ്രധാനഭക്ഷണം കഴിക്കുന്ന പാശ്ചാത്യന്മാർ മൂന്നും നാലും പ്രാവശ്യം മലവിസർജ്ജനം ചെയ്യേണമെന്നാണ് ഇക്കാലത്തെ പേരുകേട്ട പാശ്ചാത്യഭിഷഗ്വരന്മാർ ഉപദേശിക്കുന്നതു്. ഊണിൻെറ എണ്ണത്തോളം മലശോധനയും വേണമെന്നുള്ളതു് വൈദ്യശാസ്ത്രത്തിൻെറ ജനകനെന്നറിയപ്പെടുന്ന മഹാനായ ഹിപ്പോക്രിററിസും, (ക്രി. മു. 6-ാം വർഷശതകത്തിൽ ഗ്രീസിൽ ജീവിച്ചിരുന്നു) ഇരുപതാം നൂററാണ്ടിലെ ഒരു സുപ്രസിദ്ധ ഭിഷഗ്വരനായ സർ ആർബത്ത്നോട്ട് ലെയിനും പറയുന്നു. ഓരോ പ്രധാന ഭക്ഷണത്തിന്നു ശേഷവും മലശോധനയുണ്ടാകണമെന്നു ലെയിൻ പ്രസ്താവിക്കുന്നു.

ഊണ് കഴിച്ച ഉടനെ മലവിസർജ്ജനത്തിന് പോകുന്നതു് ആരോഗ്യത്തിന്ന് വളരെ ഹാനികരമാണെന്നുള്ള തെററിദ്ധാരണ നമ്മുടെയിടയിൽ വേരൂന്നിയിരിക്കുന്നു. നമ്മുടെ അജ്ഞതമാത്രമല്ല, നമ്മുടെ ഭിഷഗ്വരന്മാരുടെ പ്രചാരവേലയുംക്കൂടി ഇതിന്നു കാരണമായിത്തീർന്നിട്ടുണ്ട്. അരോഗരായ കുട്ടികൾ ഭക്ഷണം കഴിഞ്ഞയുടനെ മലവിസർജ്ജനത്തിന്നു പോകാനൊരുമ്പെട്ടാൽ അവരെ തങ്ങളു

ടെ മാതാക്കൾ തടയുന്നതു സാധാരണമാണ്. എത്ര മാതാപിതാക്കന്മാരാണ് തങ്ങളുടെ സന്താനങ്ങളുടെ ആരോഗ്യതയെ ഹനിച്ച് അവരെ രോഗികളാക്കിത്തീക്കുന്നത്? കക്കൂസിൽ പോകുവാനുള്ള ഏററവും നല്ല അവസരം ഊണ് കഴിച്ചയുടനെയത്രെ. തിന്ന ഉടനെ മലവിസർജ്ജനത്തിന്നു പോയാൽ തിന്നതൊക്കെ ഒഴിഞ്ഞുപോകുമെന്ന് ആരും ഭയപ്പെടേണ്ടതില്ല. മൃഗങ്ങളിലും, അപരിഷ്കൃതരിലും, പരിഷ്കൃതരുടെ സന്താനങ്ങളിലും കണ്ടുവരുന്ന ഒരു പ്രാകൃതഗുണമത്രെ ഇത്. ഊണുകഴിച്ചയുടെ ഉണ്ടാകുന്ന ആന്ത്രങ്ങളുടെ ഉഗ്രചലനം പെരുങ്കുടലിലെ മലത്തെ മുഴുവനും പുറത്തേക്കയപ്പാൻ നമ്മെ സഹായിക്കുന്നു.

കുട്ടികളെ അവൎക്കു തോന്നുമ്പോൾ മലവിസൎജ്ജനം ചെയ്യാനനുവദിക്കാതിരിക്കരുതു്. തോന്നുമ്പോൾ മലവിസൎജ്ജനം ചെയ്യാഞ്ഞാൽ മലം ഗുദത്തിൽ കിടന്നു ജീൎണ്ണിക്കുകയും, പിന്നീടു അതു ഉണങ്ങി ഗുദഭിത്തിയോടു പററിപ്പിടിക്കുകയും ചെയ്യുന്നു. പിന്നീടു വിസർജ്ജനത്തിന്ന് ശ്രമിച്ചാൽ അതു വേഗം സാധിക്കാത്തതാണെന്ന് എല്ലാവരുടെ അനുഭവത്തിലും ഒരു പക്ഷെ പെട്ടിട്ടുണ്ടായിരിക്കാം. മലബന്ധമുണ്ടാകുന്നതു് പ്രധാനമായി ഇങ്ങിനെ ആഗ്രഹം ജനിക്കുമ്പോൾ കക്കൂസിൽ പോകാത്തതുകൊണ്ടാണ്. ഇതിന്നുള്ള പരിഹാരം തോന്നുമ്പോൾ വിസൎജ്ജിക്കലാണ്.

പെരുങ്കുടലിൽ പുതിയ മലം അധികമുണ്ടാകുന്നതു് ആന്ത്രചലനത്തെപ്രോത്സാഹിപ്പിക്കുന്നു. മുഴുവൻ ഭാഗവും ദഹിച്ച് ശരീരത്തിൽ ചേരുന്നതായ മാംസം, പാൽ, മുട്ട, ധാന്യങ്ങൾ മുതലായവ മാത്രംകൊണ്ടു വേണ്ടത്ര മലമുണ്ടാകുന്നതല്ല. ദീപനം വരാതെ മലമായി ശേഷിക്കുന്ന സസ്യഹാരം അധികമുള്ള പച്ചിലകളും ഫലങ്ങളും, തവിടും കഴിക്കുന്നതു മലബന്ധനിവാരണത്തിന്നത്യാവശ്യമാണ്.

വ്യായാമമില്ലാതിരിക്കലും ചൂടുവെള്ളത്തിൽ കുളിക്കലും ആന്ത്രചലനത്തെ മന്ദീഭവിപ്പിക്കുന്നു അതുകൊണ്ടു മലബന്ധമില്ലാതെ കഴിപ്പാൻ മേൽപറഞ്ഞ പ്രധാനസംഗതികൾക്കു പുറമെ വ്യായാമം ശീലിക്കയും, ചൂടുവെള്ളത്തിൽ കുളിക്കാതിരിക്കയും വേണം.

വിദ്യാൎത്ഥികളും ഉറക്കം തൂക്കലും

(ബി. കല്യാണിഅമ്മ)

ആരോഗ്യകരമായ ജീവിതത്തിന്ന് അവശ്യം വേണ്ടതായ ശുദ്ധവായു, ശുദ്ധജലം ആദിയായ ആറു കാൎയ്യങ്ങളിൽ നിദ്രയും ഉൾപ്പെട്ടിട്ടുണ്ടെന്നു ഏവൎക്കും അറിയാവുന്നതാണല്ലൊ. രണ്ടാംതരം തുടങ്ങി ആരോഗ്യശാസ്ത്രം പഠിപ്പിക്കുന്ന ഏതു ക്ലാസ്സിലെ വിദ്യാൎത്ഥിയുടെയും നോട്ടുപുസ്തകങ്ങളിൽ ഒന്നിൽ ഈ കാൎയ്യങ്ങളെപ്പററി വിശദമായ കുറിപ്പുകൾ കാണാം. ഈ പ്രധാന വിഷയങ്ങളെ മനസ്സിരുത്തി പഠിപ്പിക്കുന്നതിൽ മിക്ക അദ്ധ്യാപകന്മാരും ബദ്ധശ്രദ്ധരായിക്കണ്ടിട്ടുണ്ട്. എന്നാൽ അവയെ പ്രായോഗികമായി ജീവിതത്തിൽ ശീലിക്കുന്നതിന്നു കുട്ടികളെ സഹായിക്കുന്ന കാൎയ്യത്തിൽ അവരിൽ പലരും അലസരാണ്. ഈ വിഷയത്തിൽ വിദ്യാലയഭാരവാഹികളും വിദ്യാൎത്ഥികളുടെ മാതാപിതാക്കന്മാരും സഹകരിച്ചു യത്നിച്ചാൽ മാത്രമെ നമ്മുടെ സന്താനങ്ങൾ ആരോഗ്യശാലികളായി വളൎന്നുവരാൻ സാധിക്കുയുള്ളു.

മേൽപറഞ്ഞ ആറുകാൎയ്യങ്ങളിൽ ഒന്നായ നിദ്ര ഈ ലേഖനവിഷയത്തെ ഏറെക്കുറെ സ്പൎശിക്കുന്നതാണല്ലൊ. നിദ്രക്കുള്ള സമയം രാത്രിയാണ്, വിദ്യാൎത്ഥികൾ പാഠശാലയിൽ കഴിക്കുന്നതു പകൽ അഞ്ചാറുമണിക്കൂമാത്രം; നിദ്രയെപ്പററിയ പ്രായോഗികവിധികൾ പാഠശാലയിൽ പരിശീലിക്കുന്നതെങ്ങിനെ എന്ന പ്രശ്നം ഇവിടെ ഉത്ഭവിക്കുന്നു. എന്നാൽ ഏതു പാഠശാലയിലും, ഏതു ക്ലാസ്സിലും, മിക്കവാറും ഏതു സമയത്തും ഏതാനും ചില കുട്ടികളെങ്കിലും ഉറക്കം തൂങ്ങിയിരിക്കുന്നതു സാധാരണയാണ്. ഇതിന്നുള്ള കാരണങ്ങൾ ആരാഞ്ഞു അങ്ങിനെ സംഭവിക്കാതിരിപ്പാനുള്ള മാൎഗ്ഗങ്ങൾ പ്രയോഗിക്കേണ്ടതു് അദ്ധ്യാപകന്മാരുടെ ചുമതലയാണ്.

കുട്ടികൾ ക്ലാസ്സിൽ ഇരുന്നു ഉറക്കം തൂക്കുന്നതിന്നു പല കാരണങ്ങളുമുണ്ട്. ക്ലാസ്സുമുറിയിലെ വായു അശുദ്ധമായിത്തീരുകയും കുട്ടികൾ കൂട്ടംകൂടിയിരുന്നു അതിനെത്തന്നെ വീണ്ടും വീണ്ടും ഉൾക്കൊള്ളുകയും ചെയ്യുമ്പോൾ മിക്ക കുട്ടികൾക്കും ഉറക്കച്ചടവുണ്ടാകുന്നു. ഇക്കാൎയ്യം മനസ്സിലാക്കി ഓരോ പാഠത്തിന്റെയും അവസാനത്തിൽ കുട്ടികളെ ഏതാനും നിമിഷനേരത്തേയ്ക്കെങ്കിലും മുറിയിൽ നിന്നു പുറത്തയക്കുന്ന പക്ഷം, കുട്ടികൾക്ക, പുറമെയുള്ള ശുദ്ധവായു ശ്വസിച്ചു ഉറക്കച്ചടവു മാററാൻ സാധിക്കുന്നതിന്നു പുറമെ, അവരുടെ അസാന്നിദ്ധ്യത്തിൽ ഒഴിഞ്ഞ മുറിയിൽ നിൎബാധമായി കാറേറാട്ടമുണ്ടായി അവിടത്തെ വായുവും ശുദ്ധമാകുകയും ചെയ്യുന്നു.

അധികനേരം ചെറുകുട്ടികൾ അനക്കം കൂടാതിരുന്ന് എഴുതുകയൊ വായിക്കുകയൊ അദ്ധ്യാപകൻ പറയുന്നതിനെ ശ്രദ്ധിക്കുകയൊ ചെയ്യുമ്പോൾ അവരുടെ മാംസപേശികൾക്കു തളൎച്ചയുണ്ടാകുന്നു; ഇതു് ചിലൎക്ക് അസ്വസ്ഥതയും ചിലൎക്ക് ഉറക്കം തൂക്കലും ഉണ്ടാക്കിത്തീൎക്കുന്നു. പാഠത്തിൻെറ മദ്ധ്യേയായാലും വിരോധമില്ല, ഉറക്കച്ചടവിൻെറ അടയാളങ്ങൾ കണ്ടാൽ, കുട്ടികളെ കൂടക്കൂടെ എഴുന്നേല്പിച്ചു നിറുത്തുക, അവരുടെ മാംസപേശികൾക്കു അയവും ചലനവും ലഭിക്കത്തക്ക ചില്ലറ വ്യായാമങ്ങൾ ഏതാനും നിമിഷനേരത്തേക്കെങ്കിലും ചെയ്യിക്കുക എന്നിവയാൽ മേൽപറഞ്ഞ ക്ഷീണവും ഉറക്കച്ചടവും പരിഹരിക്കാവുന്നതാണ്.

പാഠങ്ങളുടെ വിരസതയാണ് ഉറക്കം തൂക്കലിനു മറെറാരു പ്രധാനകാരണം. എല്ലാ പാഠ്യവിഷയങ്ങളും എല്ലാ കുട്ടികൾക്കും ഒരുപോലെ രസകരമായിരിക്കയില്ല. എന്നാൽ അത്തരം പാഠങ്ങളുടെ വിരസതയെ കഴിയുന്നത്ര കുറയ്ക്കുകയും, വിരസങ്ങളും പ്രയാസങ്ങളുമായ പാഠങ്ങൾ ചെറുകുട്ടികളെ ഏറെനേരം തുടൎന്നു പഠിപ്പിക്കാതിരിക്കയും, പാഠമദ്ധ്യേ കുട്ടികൾക്കു ഉന്മേഷവും ഉത്സാഹവും തോന്നത്തക്കവണ്ണം അവരെക്കൊണ്ടു പ്രായോഗികമായി വല്ലതും പ്രവൎത്തിപ്പിക്കുകയും ചെയ്യുന്നപക്ഷം വിദ്യാൎത്ഥികളുടെ മുഷിവും ഉറക്കച്ചടവും മാറാനിടവരുന്നു.

രാത്രിയിൽ വേണ്ടത്ര വിശ്രമവും നിദ്രയും ലഭിക്കാതിരുന്നാൽ കുട്ടികൾക്കു പകൽ സമയം ക്ഷീണവും ഉറക്കച്ചടവും ഉണ്ടാകുന്നു. ഇക്കാൎയ്യത്തിൽ അദ്ധ്യാപകരും മാതാപിതാക്കന്മാരും ഒപ്പം അപരാധികളാണ്. കുട്ടികൾക്കു ദീൎഘങ്ങളായ ഗൃഹപാഠങ്ങൾ കൊടുക്കുക, കൂടക്കൂടെ പരീക്ഷകൾ നടത്തുക എന്നിവയാൽ കുട്ടികൾ രാത്രിയിൽ കൂടുതൽ നേരം ഉറക്കമിളച്ചിരുന്നു പ്രവൃത്തിഎടുക്കേണ്ടിവരുന്നു. താണക്ലാസ്സുകളിൽ ഗൃഹപാഠങ്ങൾ കൊടുക്കേണ്ട ആവശ്യം തന്നെ ഇല്ല. പാഠങ്ങൾ രസകരമായി പഠിപ്പിക്കുക, സമയമുള്ളപ്പോൾ അവയെ ക്ലാസ്സിൽ വെച്ചുതന്നെ പുനരാവൎത്തനം ചെയ്ക, അനദ്ധ്യയദിവസങ്ങളിൽ ചെയ്വാൻ മാത്രം ഗൃഹപാഠങ്ങൾ ക്രമപ്പെടുത്തുക, പരീക്ഷകളുടെ 'എണ്ണവും വണ്ണവും' കഴിയുന്നത്ര ചുരുക്കുക ഇങ്ങിനെ വിവേകപൂൎവ്വം അദ്ധ്യാപകന്മാർ പ്രവർത്തിക്കുന്നപക്ഷം കുട്ടികൾ ഉറക്കമിളച്ചു, പഠിക്കേണ്ടിവരികയില്ല; കുട്ടികൾ പഠിച്ചുമിടുക്കന്മാരാകണം ക്ലാസ്സിൽ ഉയൎന്നസ്ഥാനം കരസ്ഥമാക്കണം, പരീക്ഷകളിൽ സ്തുത്യർഹമാംവണ്ണം ജയം നേടണം എന്നൊക്കെ ആഗ്രഹിച്ചു അജ്ഞരും, ചിലപ്പോൾ അജ്ഞരല്ലാത്തവരും ആയ മാതാപിതാക്കന്മാർപോലും തങ്ങളുടെ കുട്ടികളുടെ ആരോഗ്യത്തെപ്പററി അല്പംപോലും ചിന്തിക്കാതെ സുഖനിദ്ര ചെയ്യേണ്ടസമയത്തു അവരെ പഠിക്കുവാൻ അനുവദിക്കുകമാത്രമല്ല, ഉത്സാഹിപ്പിക്കയും, ശിക്ഷിക്കയും കൂടെ ചെയ്തു രാത്രിയിൽ ഉറക്കമിളപ്പിക്കുന്നു. രാത്രികാലങ്ങളിൽ 'കളി' കാണ്മാൻ അയച്ചിട്ടും ചില മാതാപിതാക്കന്മാർ കുട്ടികളുടെ ഉറക്കസമയത്തെ ചുരുക്കുന്നു. കു

ട്ടികളുടെ ഗൃഹപാഠങ്ങളും മററും അവരുടെ സമയസൌകര്യങ്ങളെ കവിഞ്ഞു നില്ക്കുന്നതായിക്കണ്ടാൽ മാതാപിതാക്കന്മാർ വിവരം അദ്ധ്യാപകന്മാരെ അറിയിക്കുകയും ഇരുകൂട്ടരും സഹകരിച്ചു കുട്ടികളുടെ ഭാരത്തെ ലഘൂകരിക്കുകയും ചെയ്യുന്നതായിരിക്കും ഏററവും ബുദ്ധിപൂർവ്വമായ സഹകരണം.

ഏററവും താണക്ലാസിലെ ചെറുപൈതങ്ങൾക്കു ഉച്ചക്കുറങ്ങുവാൻ ഒരു നിശ്ചിതസമയം തന്നെ പാഠവിവരപ്പട്ടികയിൽ ഉൾപ്പെടുത്തണം. ദേഹസുഖമില്ലാത്ത കുട്ടികൾക്കു ക്ലാസ്സിലെ പാഠങ്ങളിൽ ഉണർച്ചയോടെ ശ്രദ്ധിക്കുവാൻ സാദ്ധ്യമല്ല. അദ്ധ്യാപകൻ ഇതു കണ്ടുപിടിച്ചു മാതാപിതാക്കന്മാരെ അറിയിക്കേണ്ടതാണ്. ഇങ്ങിനെ മാതാപിതാക്കന്മാരും വിദ്യാലയാധികൃതരും യോജിച്ചു പ്രവൃത്തിക്കുന്നപക്ഷം നമ്മുടെ കുട്ടികളുടെ മാനസികവും കായികവുമായ ആരോഗ്യത്തിന് ഹാനിതട്ടാനിടയില്ല.

നവരത്നം

ഗ്രന്ഥകർത്താ: വിദ്വാൻ, പി. അപ്പുക്കുട്ടമേനോൻ,
ബി. എ., എൽ. ടി., വിശാരദ്.

കോമാളിയുടെ ഹൃദയം, കല്യാണി, യശോദാബായി, ഛായ, താരുകുമാരി, മഹാമായ, ഉന്മാദിനി, വീരബാല, ദർശനാവസരം എന്നിങ്ങനെ 9 ചെറുകഥകളാണ് ഇതിൽ അടങ്ങിയിട്ടുള്ളത്. ആക്കും വായിച്ചു രസിക്കത്തക്ക പ്രതിപാദനരീതി. വില 10 അണ.

ഇന്നത്തെ റഷ്യ

വിവൎത്തകൻ: വള്ളത്തോൾ വാസുദേവമേനോൻ, ബി. എ.

സത്യങ്ങളും, അർദ്ധസത്യങ്ങളും, അസത്യങ്ങളുംതന്നെ പ്രചരിച്ചുവരുന്ന റഷ്യയെക്കുറിച്ച് ഒരു സന്ദർശകന്റെ നിലയിൽ മി. എൻ. എൻ. ബാനർജി എഴുതിയ പ്രസിദ്ധ കൃതിയുടെ വിവൎത്തനം. സ്വാനുഭവങ്ങളായ അനേകം സംഗതികളും സംഭാഷണങ്ങളും അടങ്ങിയ ഈ പുസ്തകത്തിൽ റഷ്യയുടെ ഇന്നത്തെ നില നിഴലിച്ചുകാണാം. വളരെ നല്ല കടലാസ്സിൽ ആകർഷകമായ മട്ടിൽ പ്രസിദ്ധീകരിച്ച ഈ കൃതിക്ക് വില 1ക. 8ണ.

മദനമഞ്ജുഷ (എം. വാസുദേവനമ്പൂതിരി ത്താൻ)	1	8	0
ചാറൽസ് ഡാർവ്വിൻ (എം. കെ. നെടുങ്ങാടി)	0	6	0
കാവ്യോപഹാരം (കുററിപ്പുറത്ത് കേശവൻനായർ)	0	8	0
നവ്യോപഹാരം ,,	0	12	0

ഇതിന്നു പുറമെ മലയാളത്തിലുള്ള എല്ലാവിധ പുസ്തകങ്ങളും വില്പാൻ തയ്യാറുണ്ട്.

THE DECCAN PUBLISHING HOUSE, CALICUT.

അജ്ഞതയിൽ

(ദ്രുതകാകളി.)

വി. വി. കെ.

ലോകമുൽഗതി ദൃഷ്ട്വിലാസത്തിനാൽ
ഭീകരവും കലുഷവുമല്ലയോ?
നേരു:—ജീവിതപ്പോരെന്നൊരോമന-
പ്പേരുകൊണ്ടതു സാധൂകരിപ്പു നാം.
എന്തറിയാ, മറിയേണ്ടതെന്തിനി
യെന്നറിയാത്ത 'സർവ്വജ്ഞ'രായ നാം
വായുവിങ്കൽപ്പറക്കു, മലകളിൽ
വായുവേഗത്തിൽ നീന്തുമെന്നാകിലും
എങ്ങനെ നടക്കേണമവനിയി-
ലെന്നു മാത്രമറിയില്ല വിസ്മയം !

ലോകകാവ്യമുഖവുരപോലുമേ
ശോകമാണെന്ന വാസ്തവമല്ലയോ
പെറവവീണിട്ടുമോരോരോ പൈതലു
മാല്യരോദനംകൊണ്ടറിയിപ്പതും ?
ജീവിതത്തിൻപുറം തൊലിയൊന്നൊന്നു
സാവധാനം കിഴിച്ചുനോക്കീടുകിൽ-
'ഞാനുമെൻറയും' കൊണ്ടുപൊതിഞ്ഞൊര
പ്പീനഭാണ്ഡമഴിച്ചു നോക്കീടുകിൽ !
കണ്ടതല്ല പൊരുളു;തുകാണുവാ-
നുണ്ടു; ദൂരത്തിലജ്ഞാതകോടിയിൽ !

വിദ്യാഭ്യാസപുരോഗതി

ഈജിപ്തിൻെറയും, തുക്കിയുടെയും ആധുനികാവസ്ഥ
സ്ത്രീകളുടെ ഉത്സാഹപൂർവ്വമായ ഉണർവ്വ്.

I

ഈജിപ്ത്:— കഴിഞ്ഞ ഏതാനും കൊല്ലങ്ങൾകൊണ്ട് വിദ്യാഭ്യാസവിഷയത്തിൽ ഈജിപ്ത് ത്വരിതമായ അഭിവൃദ്ധിയെ പ്രാപിച്ചിരിക്കുന്നു. അവിടത്തെ എല്ലാ സർവ്വകലാശാലയിലും ഇംഗ്ലീഷും ഫ്രെഞ്ചും അഭ്യസിപ്പിച്ചുവരുന്നു. ഫ്രെഞ്ചിനെ അപേക്ഷിച്ചു ഇംഗ്ലീഷിനാണ് കൂടുതൽ പ്രചരണവും പ്രസിദ്ധിയും ലഭിച്ചിട്ടുള്ളത്. മുസ്ലിം ലോകത്തിലെ ഏററവും പഴക്കമുള്ള അൽഅസ്ഹർ സർവ്വകലാശാലയെ ഇപ്പോൾ വളരെ വികസിപ്പിച്ചിരിക്കുന്നു. സ്ത്രീകൾ ധാരാളമായി ഉയന്ന പഠനത്തിനു സന്നദ്ധകളായി കാണപ്പെടുന്നു. കെയറോ സർവ്വകലാശാലയിൽ സഹവിദ്യാഭ്യാസം നടപ്പിൽ വരുത്തിയിരിക്കുന്നു. സ്ത്രീകൾക്കു വേണ്ടിയുള്ള കോളേജുകളുടെ സംഖ്യ വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. ഹുദാഷറാവിയുടെ നേതൃത്വത്തിൽ സ്ത്രീകളുടെ സാമൂഹ്യപദവിയെ ഉന്നമിപ്പിക്കുവാൻ വേണ്ടി ആവിർഭവിച്ച പ്രസ്ഥാനം ഈജിപ്തിൽ ദൃഢമൂലമായിത്തീന്നിരിക്കുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസകാര്യങ്ങളെ നിയന്ത്രിക്കുവാൻ വിദ്യാഭ്യാസകാര്യവകുപ്പിൽ സ്ത്രീകൾതന്നെ ഉത്തരവാദിത്വമേറിയ ജോലികൾ വഹിച്ചുവരുന്നു.

പ്രാഥമികവിദ്യാഭ്യാസം ഈജിപ്തിൽ നിർബ്ബന്ധമാണ്. അവിടത്തെ കഷകന്മാരും പത്രപാരായണം ചെയ്യുന്നു. ഈജിപ്തിൻെറ എല്ലാ കോണുകളിലെയും നിവാസികളെ അവിടത്തെ 'റേഡിയോ' രാഷ്ട്രീയബോധമുള്ളവരാക്കിത്തീത്തിരിക്കുന്നു.

II

തുർക്കി:— മഹായുദ്ധത്തെ തുടന്നുണ്ടായ തുക്കിവിപ്ലവത്തിനു ശേഷം കമാൽ അതാ—തുർക്കിൻെറ നേതൃത്വത്തിൽ രൂപവത്ക്കരിക്കപ്പെട്ട റിപ്പബ്ലിക്കൻ ഗവമ്മെണ്ട് തുക്കിയെ പാശ്ചാത്യപരിഷ്കാരസമ്പ്രദായങ്ങൾക്കനുസരണം നവീകരിക്കാൻ തുടങ്ങി.

ദേശീയപുനഃസംഘടനയുടെ പ്രാരംഭഘട്ടത്തിൽ തുക്കിയിലെ വിദ്യാഭ്യാസപരമായ സ്ഥിതി വളരെ കുഴപ്പത്തിലായിരുന്നു. വിദ്യാഭ്യാസപരമായ ഭരണസമിതി, പരിഷ്കൃതവിദ്യാഭ്യാസത്തെ സംബന്ധിച്ച് പറയത്തക്ക നിയമങ്ങൾ അന്നു നടപ്പിൽ വരുത്തിയിരുന്നില്ല. മതപരമായ പല വിഘ്നങ്ങൾ അവരെ വിഷമി

പ്പിച്ചിരുന്നതാണ് അതിനു കാരണം. കാലോചിതമല്ലാത്ത വിധത്തിൽ, അനാശാസ്യമായ സമ്പ്രദായത്തിലാണ് അന്നുണ്ടായിരുന്ന മദ്രസാകൾ അദ്ധ്യാപനം നടത്തിയിരുന്നത്. അറബിയിലും പേർസ്യനിലുമാണ് അവരെ പഠിപ്പിച്ച് വന്നിരുന്നത്. ഗ്രാമങ്ങളിൽ വിദ്യാലയങ്ങളെ നിയന്ത്രിച്ചിരുന്നത് പള്ളികളായിരുന്നു. വലിയ പട്ടണങ്ങളും നഗരങ്ങളും വൈദേശികവിദ്യാലയങ്ങളെ ആശ്രയിച്ചുവന്നു. അക്കാലത്തു തുർക്കിയിലെ ഭൂരിപക്ഷമാളുകളും അക്ഷരപരിജ്ഞാനമില്ലാത്തവരായിരുന്നു.

പതിനഞ്ചു കൊല്ലംകൊണ്ടു റിപ്പബ്ളിക്കൻ ഗവർമെൻറ് തുർക്കിയിലെ വിദ്യാഭ്യാസ സമ്പ്രദായങ്ങളെ അഭിനവരീതിയിൽ പരിഷ്കരിച്ചു, അവയ്ക്കു പൊതുവിൽ ഒരു അനുയോജ്യത സൃഷ്ടിച്ചു. അന്ധമായ രീതിയിൽ നടത്തപ്പെട്ടിരുന്ന മതപരമായ വിദ്യാലയങ്ങളെയും മദ്രസാകളെയും ഇസ്താംപൂൾ സർവ്വകലാശാലയുടെ ആദ്ധ്യാത്മികസമിതി, മാററി സ്ഥാപിച്ചു. ഐറോപ്യൻ രാജ്യങ്ങളിൽ പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള വിദ്യാഭ്യാസ രീതികളാണ് അവർ പ്രസ്തുത വിദ്യാലയങ്ങളിൽ നടപ്പാക്കിയത്. എന്നാൽ തുർക്കിയുടെ വ്യാവസായികവും സാമ്പത്തികവും ആയ പുരോഗമനത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രത്യേക വ്യവസ്ഥകളെ അവർ പരിത്യജിച്ചില്ല.

സൗജന്യമായും നിർബ്ബന്ധമായും നൽകപ്പെടുന്ന പ്രാഥമികവിദ്യാഭ്യാസം ഏഴാമത്തെ വയസ്സിൽ ആരംഭിച്ചു അഞ്ചുകൊല്ലംവരെ തുടരുന്നു. കാർഷികഗ്രാമങ്ങളിൽ ഇത്രയുംകാലം മൂന്നുകൊല്ലമായി കുറച്ചിരിക്കുന്നു. ഇസ്താംപൂളിലും അങ്കാറായിലും രണ്ടു സർവ്വകലാശാലയുണ്ട്. മറെറാന്നുകൂടി അടുത്ത ഭാവിയിൽ തന്നെ ഇറാനിയൻ അതിർത്തിക്കടുത്ത 'വാൻ' എന്ന സ്ഥലത്തു ആരംഭിക്കുന്നതാണ്. സർവ്വകലാശാലയിലെ പാഠ്യവിഷയങ്ങളിൽ, സാമ്പത്തികശാസ്ത്രം, കല, സയൻസ്, നിയമം, ശാസ്ത്രം, ആദ്ധ്യാത്മികശാസ്ത്രം, വൈദ്യശാസ്ത്രം എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു.

1928-ൽ മുസ്തഫാ കമാൽ പെട്ടെന്നു തുർക്കി ലിപിയെ നിയമംമൂലം നിരോധിക്കയും അറബിനു പകരം ലാററിൻലിപി സ്വീകരിക്കയും ചെയ്തപ്പോൾ ഗ്രന്ഥങ്ങളെയും ഗ്രന്ഥാലയങ്ങളെയും സംബന്ധിച്ച വലിയ വിഷമം നേരിട്ടു. ഈ നിയമംകൊണ്ടുണ്ടായ ആദ്യത്തെ ഫലം അഭ്യസ്തവിദ്യരെയെല്ലാം അക്ഷരപരിജ്ഞാനമില്ലാത്തവരാക്കിത്തീർക്കയായിരുന്നു. വൃത്താന്തപത്രങ്ങൾക്കു വായനക്കാരെല്ലാം നഷ്ടപ്പെട്ടു. പ്രായപൂർത്തി വന്നവരെയെല്ലാം വീണ്ടും വിദ്യാഭ്യാസം ചെയ്യിക്കേണ്ടിവന്നു. പത്രങ്ങൾക്കു പൂർവ്വസ്ഥിതിയിൽ പ്രചരണം കിട്ടുവാൻ അഞ്ചു കൊല്ലത്തെ താമസം വേണ്ടിവന്നു ഇന്നു ഇസ്താംപൂളിൽ മാത്രം പത്രങ്ങളുടെ 100,000-ൽപരം പ്രതികൾ വില്ക്കപ്പെട്ടുവരുന്നു. വർത്തമാനപത്രങ്ങൾ പുതിയ ലിപിയിലായതോടുകൂടി പാഠ്യപുസ്തകങ്ങളും മററുതരം ഗ്രന്ഥങ്ങളും അതേ ലി

പിയിൽ ധാരാളമായി വെളിക്കിറങ്ങി. ഈ ലിപിഭേദംകൊണ്ട് വിദേശികൾക്ക് തുക്കിഭാഷയുംതുക്കികൾക്ക പാശ്ചാത്യഭാഷകളും അഭ്യസിക്കുന്നതിന് കൂടുതൽ സൗകര്യം ലഭിച്ചു.

വിദ്യാലയങ്ങളിലെല്ലാം തുക്കിഭാഷയിൽ തന്നെയാണ് അധ്യാപനം നടത്തുന്നത്. അധ്യാപകന്മാരെ നിയമിക്കുന്നതു വിദ്യാഭ്യാസകാര്യവകുപ്പാണ്. സാഹിത്യം, ചരിത്രം, ഭൂമിശാസ്ത്രം, പൗരധർമ്മം എന്നിവയൊഴിച്ചു മററു വിഷയങ്ങൾ ഇതരഭാഷയിൽ പഠിപ്പിക്കുന്നതിനു അനുവാദമുണ്ട്. മിഡിൽ സ്കൂളുകളിൽ അഭ്യസിപ്പിച്ചുവരുന്ന പ്രധാന പാശ്ചാത്യഭാഷകൾ, ഇംഗ്ലീഷ്, ഫ്രെഞ്ച്, ജർമ്മൻ എന്നിവയാണ്.

സാമ്പത്തികമായി ഇതരരാജ്യങ്ങളെ ആശ്രയിക്കാതെ, തുക്കിക്കു ഒരു സ്വാശ്രയസ്ഥിതി കൈവരുത്തുവാൻ 1939-ൽ തുക്കി ഗവമ്മെൻറ് ഒരു പഞ്ചവത്സരപദ്ധതി രൂപവത്ക്കരിച്ചു. അതനുസരിച്ച് വ്യാവസായികസ്ഥാപനങ്ങളും കൈത്തൊഴിൽശാലകളും വദ്ധിപ്പിച്ചു.

ഇസ്റ്റാംപൂളിലെ എൻജിനീയറിംഗ് കാളേജ് പുതിയ വ്യവസ്ഥകൾക്കനുരൂപമായി പരിഷ്കരിച്ചു. അതിൽനിന്നു ആറു കൊല്ലത്തെ പരിശീലനം കഴിഞ്ഞു പുറത്തുവരുന്നവർ ഗവമ്മെൻറു സർവ്വീസിൽ നിയമിക്കപ്പെടുന്നു. തുക്കിയുടെ വ്യാവസായിക പുരോഗതിയെ വദ്ധിപ്പിക്കുവാൻ വ്യാവസായികവിദ്യാലയങ്ങളിലെല്ലാം പാശ്ചാത്യസമ്പ്രദായങ്ങളിൽ തൊഴിൽ പരിശീലനം നൽകപ്പെട്ടുവരുന്നു. ഇസ്റ്റമ്പൂൾ സർവകലാശാലയിൽ സയൻസിനും സാങ്കേതികവിദ്യാഭ്യാസത്തിനും പ്രത്യേക ഗണനനൽകിയിട്ടുണ്ട്. ഇയ്യിടെയായി അവിടെ ഒരു കെമിക്കൽഎൻജിനീയറിംഗ് കാളേജുകൂടി സ്ഥാപിതമായിരിക്കുന്നു.

അവിടത്തെ ഒൻപതു വ്യാവസായിക വിദ്യാലയങ്ങളുടെയും ഉദ്ദേശ്യം തൊഴിൽ വിദഗ്ദ്ധന്മാരെ സൃഷ്ടിക്കുകയാണ്. ഇതിനുവേണ്ടി വിദേശങ്ങളിൽനിന്നു പരിശീലനം കഴിഞ്ഞിട്ടുള്ള തൊഴിൽ വിദഗ്ദ്ധന്മാരെ വിദ്യാലയങ്ങളിൽ നിയമിച്ചിട്ടുണ്ട്.

നവീന തുക്കിയിലെ ജനങ്ങൾ വിദ്യാഭ്യാസത്തോട് അതീവമായ അഭിനിവേശം പ്രകടിപ്പിച്ചുവരുന്നു. ഗവർമ്മെൻറു അവരുടെ സ്വകാര്യജീവിതത്തെയും പൊതുജീവിതത്തെയും രാജ്യത്തിൻെറ ഉൽക്കർഷത്തിനും ദേശീയസംഘടനക്കും ഉപയുക്തമാക്കുവാൻ കഴിയുന്നത്ര പ്രയത്നിക്കുന്നു. തുക്കിയിലെ എല്ലാ സാംസ്ഥാനിക തലസ്ഥാനനഗരികളിലും സ്ഥാപിക്കപ്പെട്ടിട്ടുള്ള പൊതുജനവിദ്യാഭ്യാസസ്ഥാപനങ്ങളിലെ അംഗങ്ങളാണ് തുക്കിയിലെ ഓരോ പൗരനും.

പുതിയ ഭരണം നടപ്പിൽ വന്നതോടുകൂടി സ്ത്രീകൾക്കു പരിപൂർണ്ണമോചനം ലഭിച്ചു. ഗവർമ്മെൻറുദ്യോഗങ്ങളിലൊ മററു തൊഴിലുകളിലൊ പ്രവേശിക്കുന്നതിൽ അവർക്കു പുരുഷന്മാരോടൊപ്പം അധികാരവും അവകാശവും അനുവദിക്കപ്പെട്ടിരിക്കുന്നു.

വ്യവസായലോകം

തേനീച്ചവളത്തൽ

ഓജസ്സുനിറഞ്ഞ ഒരു ആഹാരമാണ് തേൻ. ശരീരത്തിന്ന ആവശ്യമുള്ള വാതകങ്ങളും ലവണപദാൎത്ഥങ്ങളും അതിൽ അടങ്ങിയിരിക്കുന്നു. അതിനാൽ തേൻ മനുഷ്യൻെറ ശക്തിയേയും കരുത്തിനെയും ഉല്ലാദിപ്പിക്കുന്നതിൽ അതിപ്രധാനമായ ഒന്നായി ഗണിക്കപ്പെട്ടുവരുന്നു. തങ്ങളുടെ ആഹാരത്തോടൊന്നിച്ചു തേൻ ഉപയോഗിച്ചുകൊണ്ടിരിക്കുന്നയാളുകൾ അവർ തങ്ങളുടെ കായികബലത്തെയും മസ്തിഷ്കശക്തിയേയും വർദ്ധിപ്പിക്കുകയാണെന്നുള്ളതിൽ സംശയമില്ല. യുദ്ധസ്ഥിതിനിമിത്തം ചില ആഹാരസാധന നിൎമ്മാണം ചുരുക്കിയിരിക്കുന്ന ഈ അവസരത്തിൽ, അതിപ്രധാനമായ തേൻ ഉണ്ടാക്കുന്നതിനെ വർദ്ധിപ്പിക്കേണ്ട ആവശ്യകതയെ എത്ര ഊന്നിപ്പറഞ്ഞാലും അധികമായിപ്പോകയില്ല.

പാവപ്പെട്ട ഗ്രാമീണൻെറ ലാഭകരമായ ഒരു വ്യവസായമെന്ന നിലയിലും അഭ്യസ്തവിദ്യരുടെ കൗതുകകരവും പ്രയോജനപ്രദവും ആയ ഒരു വിനോദമെന്ന നിലയിലും തേനീച്ചവളത്തൽ ഇന്നു വ്യാപരിച്ചു പുരോഗമിച്ചുകൊണ്ടാണിരിക്കുന്നത്. പല സംസ്ഥാനങ്ങളിലും നാട്ടുരാജ്യങ്ങളിലും ഈ വ്യവസായത്തെ വളത്തിക്കൊണ്ടുപോവാൻ, പരിശീലനംനൽകുന്ന സ്ഥാപനങ്ങളും ഗവേഷണകേന്ദ്രങ്ങളും ഏൎപ്പെടുത്തപ്പെട്ടിരിക്കുന്നു. "പഞ്ചാബിൽ ഈ വ്യവസായത്തിന്ന പ്രത്യേകപ്രോത്സാഹനം നൽകപ്പെടുന്നു. അവിടെ, കൗൺസിലിൻെറ ചെലവിൽ, വിദേശങ്ങളിൽപോയി തേനീച്ചവളത്തലിൽ പരിശീലനം കഴിഞ്ഞുവന്നിട്ടുള്ള ഗവർമെൻറുദ്യോഗസ്ഥന്മാർ, ഈ വ്യവസായികൾക്കു വേണ്ട സഹായവും സേവനവും ചെയ്യുന്നുണ്ട്. പഞ്ചാബിൽ, ഈ വ്യവസായ ഡിപ്പാർട്ടുമെണ്ടിൻെറ പ്രചരണഫലമായി, ചുവർക്കൂടുകൾ മാററി അവക്കുപകരം നവീനരീതിയിലുള്ള തേനീച്ചക്കൂടുകൾ സ്ഥാപിച്ചിരിക്കുന്നു. ഇപ്പോൾ അവിടെ ആധുനികസമ്പ്രദായത്തിലുള്ള അഞ്ചൂറു തേനീച്ചക്കൂടുകളെ ഗവൎമ്മെണ്ടു സംരക്ഷിച്ചുവരുന്നു. തേനീച്ചകളുടെ ശത്രുക്കളെ തടയുക, കാട്ടുതേനീച്ചകളെ വശപ്പെടുത്തുക, തേനീച്ചക്കൂടുകളെ പരിഷ്ക്കരിക്കുക എന്നീ പ്രവൎത്തനങ്ങൾ, പ്രധാനമായി ബോംബെ, ഐക്യസംസ്ഥാനം, ആസാം, മദ്ധ്യസംസ്ഥാനം, മദ്രാസ്, മൈസൂർ, തിരുവിതാംകൂർ എന്നീ സംസ്ഥാനങ്ങളിലും നാട്ടുരാജ്യങ്ങളിലും നടന്നുകൊണ്ടിരിക്കുന്നു.

ഫിഷ്ലിവർ ഓയിൽ

മരുന്നിനും മററു ആവശ്യങ്ങൾക്കും വേണ്ടിയുള്ള 'മീൻ നെയ്യ്' നിർമ്മാണം ചുരുങ്ങിപ്പോയതിനെ സംബന്ധിച്ച്, കാർഷികഗവേഷണത്തിനായുള്ള ഇംപീരിയൽ കൗൺസിലിൻെറ ഉപദേശകസമിതി ന്യൂഡെൽഹിയിൽ വെച്ചുകൂടിയ യോഗത്തിൽ പര്യാലോചിക്കയുണ്ടായി. ഇതുപോലുള്ള എല്ലാ വ്യവസായങ്ങളുടെയും ഉൽഗതിക്കുവേണ്ട കൂടുതൽ ഗവേഷണങ്ങൾ നടത്തണമെന്നു പ്രസ്തുതസമിതി ആവശ്യപ്പെട്ടിരിക്കുന്നു.

വെണ്ണ

1939-ൽ ഇന്ത്യയിൽ ദിനംപ്രതി നിർമ്മിച്ചുവന്നിരുന്ന വെണ്ണയുടെ കണക്ക് 20,000 റാത്തലായിരുന്നു. ഇപ്പോൾ 50,000 റാത്തൽ വെണ്ണയാണുണ്ടാക്കിവരുന്നത്. ഇന്നത്തെ ആവശ്യങ്ങളുടെ വർദ്ധനയെയാണ് ഇതു സൂചിപ്പിക്കുന്നത്.

1942 കലണ്ടർ 1942

ഇംഗ്ലീഷ്, മലയാളം, അറബി എന്നീ തിയ്യതികളോടുകൂടി മൂന്നു കളറിൽ അടിച്ച വിശേഷപ്പെട്ട വലിയ ഷീററ് കലണ്ടർ 3ക. യുടെ മരുന്നു വരുത്തുന്നവർക്ക് വെറുതെ കൊടുക്കുന്നതാണ്. 7ണ. യുടെ സ്റ്റാമ്പയക്കുന്നവർക്ക് റജിസ്റ്റ്രൂഡ് ബുക്ക്പോസ്റ്റായും അയച്ചുകൊടുക്കും.

101 ആവർത്തിച്ച ധാന്വന്തരം



എല്ലാവിധ വാതരോഗങ്ങൾ, നാഡിപ്പിഴ, ഞരമ്പുസംബന്ധമായ രോഗങ്ങൾ, യോനിരോഗങ്ങൾ, ക്ഷയരോഗം ഇവക്ക് വളരെ കൈകണ്ടതാണ്. പ്രസവവൈഷമ്യങ്ങൾക്കും പ്രസവരക്ഷക്കും ഇതിൽപരം ഗുണപ്രദമായ മററൊന്നില്ല. 1 ഔൺസ് പെട്ടിക്ക് 3ക.

എല്ലാവിധ ആയുർവ്വേദ മരുന്നുകളും തെയ്യാറുണ്ട്.

അധികവിവരം അറിയേണ്ടവർ കേററ്ലോഗിന്നാവശ്യപ്പെടുക.

P. M. A. & CO, VAIDYA SALA,

Post: IRIMBILIYAM (M. R.) Malabar

വിവരങ്ങളും വിശേഷങ്ങളും

ഇന്ത്യയിൽ ഇന്നു 1,42000-ൽ പരം ലൈസൻസുള്ള റേഡിയോ സെററുകളുണ്ടു്. അവയിൽ ഓരോന്നിനും അഞ്ചുപേർ ശ്രോതാക്കളുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

* * *

തൊഴിൽകാര്യവകുപ്പിന്റെ സാങ്കേതിക പരിശീലനപദ്ധതിയനുസരിച്ചു 1943 മാർച്ച്മാസത്തോടുകൂടി 48,000 ആളുകൾ തങ്ങളുടെ പരിശീലനം പൂർത്തിയാക്കുമെന്നു കാണുന്നു. ഇതിന്നായി 300 പരിശീലനകേന്ദ്രങ്ങളിൽ തൊഴിൽ പരിശീലനം ആരംഭിച്ചു കഴിഞ്ഞു.

* * *

ഇന്ത്യൻ പേപ്പർ മില്ലുകൾക്കു കൊല്ലത്തിൽ അങ്ങേഅററം 100,000 ടൺ കടലാസ്സുണ്ടാക്കുവാൻ കഴിയുന്നു. കൊല്ലത്തിൽ 120,000 ടൺ കടലാസ്സിന്റെ ചെലവു വരുന്നതിനാൽ ഗവൺമെണ്ടു ആപ്പീസ്സുകളിലെ ചെലവ് 5,000 ടൺ കുറക്കുവാൻ ഗവർമ്മെണ്ടു ഉദ്ദേശിക്കുന്നു.

* * *

ഗവമ്മെണ്ടു വകുപ്പുകളിലെ ഉപയോഗത്തിന്നായി സെൻടൽ സ്റ്റേഷനറി ആഫീസ്സ് മുഖാന്തിരം പ്രതിമാസം ശരാശരി അറനൂറ ടൈപ്പ് റൈറ്റേർസ് ചെലവായിവരുന്നു. യുദ്ധത്തിനു മുൻപു ഈ സംഖ്യ 200 ആയിരുന്നുവത്രെ.

* * *

യുദ്ധത്തേയും യുദ്ധവാർത്തകളെയും സംബന്ധിച്ചു പ്രക്ഷേപണങ്ങൾക്കായി അഖിലേന്ത്യാറേഡിയോ, 7,000 മണിക്കൂറുകൾ വിനിയോഗിക്കുന്നു. ദിവസം, ശരാശരി, 70,000 വാക്കുകളാണ് പ്രക്ഷേപണം ചെയ്തുവരുന്നത്.

* * *

യുദ്ധസ്ഥിതി നിമിത്തം, ഇൻഡ്യാഗവമ്മെണ്ടിന്റെ സവ്വേഡിപ്പാർട്ടുമെണ്ടിനുള്ള ഭൂപടച്ചെലവ് വളരെ വദ്ധിച്ചിരിക്കുന്നു, 1941-ലെ ആദ്യത്തെ നാലുമാസങ്ങളിലായി 1290 ഭൂപടങ്ങളുടെ 1,311,000 പ്രതികൾ അച്ചടിച്ചു വെളിപ്പെടുത്തുകയുണ്ടായി.

* * *

മെസപ്പട്ടോമിയായിലേക്കും മററു പല അന്യസ്ഥലങ്ങളിലേക്കും, അവിടങ്ങളിൽ യുദ്ധം ചെയ്യുന്ന പട്ടാളക്കാർക്കു, പാൽ, വെണ്ണ എന്നീ സാധനങ്ങൾ നൽകേണ്ട ആവശ്യത്തിനു ഇന്ത്യയിൽനിന്നു കഴിഞ്ഞ കൊല്ലത്തിൽ പശുക്കളെ കയററിഅയച്ചിരുന്നു. ഈ കൊല്ലത്തിൽ പശുക്കൾക്കു പകരം ഇന്ത്യയിൽനിന്നു അയച്ചുകൊടുക്കുന്നതു ഉറച്ചപാലും പാൽപൊടിയും വെണ്ണയുമാണ്.

* * *

93 ലക്ഷം ആടുകളുള്ള ഇന്ത്യയിൽ കൊല്ലംതോറും 86 ലക്ഷം റാത്തൽ കമ്പിളി ഉണ്ടാക്കാൻ കഴിയുമെന്നു കണക്കെടുത്തിരിക്കുന്നു. കമ്പിളിസാധനങ്ങളുടെ ഒരു കൊല്ലത്തെ കയററുമതിക്ക് 3,85,00,000ക. വിലവരുന്നു.

* * *

ഇന്ത്യൻകളിമണ്ണുവ്യവസായംകൊണ്ടു 1,200,000 ആളുകൾക്കു തൊഴിലുണ്ടെന്നു കാണുന്നു; കല്ലുരിവ്യവസായത്താൽ തൊഴിലുള്ളവരുടെ സംഖ്യ 200,852 ആകുന്നു. നൂറുകൊല്ലം മുൻപു ബാസൽമിഷനാണ് ഇന്ത്യയിൽ കളിമണ്ണു വ്യവസായം ആരംഭിച്ചതു്.

മി. വിൻസ്റ്റൺ ചർച്ചിൽ

ഒരു 'വികൃതി'ക്കുട്ടിയായി വളർന്ന്
ഒരു സാമ്രാജ്യ നായകനായി വിജയിച്ച വീരപുരുഷൻ

സുധീരമായ ജീവചൈതന്യവും നിർഭീതമായ മനോഭാവവും സുവ്യക്തമായി സ്ഫുരിക്കുന്ന ശക്തിമത്തായ പ്രസ്താവങ്ങളും ഉജ്ജ്വലമായ പ്രസംഗങ്ങളുംകൊണ്ടു ബ്രിട്ടീഷ്‌സാമ്രാജ്യത്തിന് ആശയും കരുത്തും കഴിവും നൽകുവാൻ ഉത്സാഹിക്കുന്ന ഒരു അസാധാരണ വ്യക്തിയെന്ന നിലയിൽ മാത്രമല്ല നാം മി. ചർച്ചിലിനെ അറിയുന്നതു്. ഏററവും ഗൗരവാവഹവും ഉൽക്കണ്ഠാജനകവും ആയ അത്യാപത്തുകളുടെ ഭയങ്കരനാശത്തിൽനിന്ന് ഒരു മഹാസാമ്രാജ്യത്തെ സംരക്ഷിക്കുവാൻ സമർത്ഥമായ നയോപായങ്ങളാലും തികഞ്ഞ രാജ്യതന്ത്രജ്ഞതയാലും അചഞ്ചലമായ ദേശാഭിമാനത്താലും ഭഗീരഥപ്രയത്നം ചെയ്തുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രീയനായകനായിട്ടാണ് അദ്ദേഹത്തെ നാം അധികമായറിയുന്നതു്. അത്യത്ഭുതകരമായ ഒരു അസാധാരണ വാചാലതയുടെ പിന്നിൽ വർത്തിക്കുന്ന വമ്പിച്ച ഒരു കർമ്മധീരതയാണ് മി. ചർച്ചിൽ.

ഹിററ്ലർ, മുസോളിനി, സ്റ്റാലിൻ, മുസ്തഫാകമാൽ എന്നിവരുടെ ജീവിതത്തിൽ നാം കാണുന്ന, ഭയാനകമായ ദുരിതസംഘട്ടനങ്ങളോ നാനാതരത്തിലുള്ള വിഷമതകളുടെയും വിഘ്നങ്ങളുടെയും നേർക്കുള്ള പോരാട്ടങ്ങളോ ദുഃസഹമായ ക്ലേശാനുഭവങ്ങളോ മി. ചർച്ചിലിന്റെ ജീവിതത്തിൽ കണ്ടില്ലെന്നുവരാം. മേൽപറഞ്ഞ നായകന്മാരെപ്പോലെ, ദാരിദ്ര്യത്തിന്റെയും മനഃക്ലേശത്തിന്റെയും അസൗകര്യങ്ങൾക്കിടയിലല്ല അദ്ദേഹം ജനിച്ചതു്. അവരെപ്പോലെ ജീവിതത്തോടു പടിപടിയായി, പടവെട്ടിക്കൊണ്ടല്ല അദ്ദേഹം വിജയത്തിന്റെയും പ്രതാപത്തിന്റെയും പരമോന്നതിയെ പ്രാപിച്ചതു്. സുഖസൗകര്യങ്ങളുടെ നടുവിൽപിറന്നു വളർന്നയാളാണ് ചർച്ചിൽ എങ്കിലും അദ്ദേഹത്തിന്റെ ജീവിതം സുധീരകൃത്യങ്ങളിൽനിന്ന് അകന്നതാണെന്നു പറഞ്ഞുകൂടാ. മരണത്തോടടുത്ത ക്ലേശഭൂയിഷ്ഠമായ ഘട്ടങ്ങൾ അദ്ദേഹത്തിന്റെ പൂർവ്വജീവിതത്തിൽ നാം കാണുന്നില്ലായിരിക്കാം. എന്നാൽ അദ്ദേഹത്തിന്റെ ജീവിതം നമ്മെ പലതരത്തിലും രസിപ്പിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്നുണ്ട്.

മാൾബറോയിലെ ഏഴാമത്തെ ഡ്യൂക്കിന്റെ മൂന്നാമത്തെ പുത്രനായ റാൻഡോൾഫ് പ്രഭുവാണ് വിൻസ്റ്റൻ ചർച്ചിലിന്റെ പിതാവ്. ലിയോനാർഡ് ജെ

റോമി എന്ന പ്രസിദ്ധ ന്യൂയാർക്ക് പത്രപ്രവർത്തകൻെറ പുത്രിയായ ഒരു അമേരിക്കൻ വനിതയാണ് അദ്ദേഹത്തിൻെറ മാതാവ്. ഇവർ രണ്ടുപേരും (മി. ചർച്ചിലിൻെറ മാതാപിതാക്കന്മാർ) ബുദ്ധിസാമർത്ഥ്യത്തിലും മററു ഗുണഗണങ്ങളിലും പ്രത്യേക വൈശിഷ്ട്യത്തോടെയാണ് പരിലസിച്ചിരുന്നത്. പാർലിമെൻ്റുസഭയിൽ പ്രശസ്തിയോടെ വിലസിച്ചിരുന്ന ഒരു ഉജ്ജ്വലനായ ഒരു വാചാലനായിരുന്നു മി. റാൻഡോൾഫ് ചർച്ചിൽ.

ഈ മാതാപിതാക്കന്മാരുടെ പുത്രനായി മി. വിൻസ്റ്റൺ സ്പെൻസർ ചർച്ചിൽ 1879 നവെമ്പറിൽ ജാതനായി. ഗണ്യമായ ആരോഗ്യത്തോടെയല്ലെങ്കിലും അപരിമിതമായ ചൈതന്യവിശേഷത്തോടെയായിരുന്നു ഈ കൊച്ചുചർച്ചിൽ വളരാൻ തുടങ്ങിയത്. അദ്ദേഹത്തിൻെറ പ്രാരംഭജീവിതം ഐർലണ്ടിലായിരുന്നു. അവിടുത്തെ വൈസ്രോയിയായിരുന്ന തൻെറ പിതാമഹൻ റാൻഡോൾഫ് പ്രഭുവിനെ അദ്ദേഹത്തിൻെറ സിക്രട്ടരിയായി നിയമിച്ചപ്പോൾ ബാലനായിരുന്ന വിൻസ്റ്റൺ ചർച്ചിൽ മാതാപിതാക്കന്മാരോടൊന്നിച്ച ഐർലണ്ടിലേക്കുപോയി. അന്നു വിൻസ്റ്റൺ പ്രക്ഷുബ്ധശീലനായ ഒരു വികൃതിക്കുട്ടിയായിരുന്നു.

വിൻസ്റ്റൺ ചർച്ചിലിൻെറ വിദ്യാലയജീവിതം ശോഭനമായ ഒന്നായിരുന്നില്ല. പിതാവിനു അനുരൂപനായ പുത്രനാണ് താൻ എന്നു അന്നാരും ഗണിച്ചില്ല. ക്ലാസ്സിൽ ശ്രദ്ധാലുവല്ലായിരുന്ന ബാലൻ അദ്ധ്യാപകന്മാരുടെ മോശമായ അഭിപ്രായത്തിനാണ് പാത്രമായത്. അവരെല്ലാം വിൻസ്റ്റനെ വെറും കുസൃതിക്കാരനായികണ്ടു. പഠിത്തത്തിൽ അദ്ദേഹം തൻെറ സഹപാഠികളുടെയെല്ലാം പിന്നിലായിരുന്നു. വിദ്യാലയം അദ്ദേഹത്തെ വാസ്തവത്തിൽ പൊറുതിമുട്ടിക്കയാണ് ചെയ്തത്. സഹപാഠികളുമായുള്ള കൂട്ടുകെട്ടു മി. വിൻസ്റ്റനു അശേഷം രസപ്രദമായി തോന്നിയില്ല. തൻെറ വിദ്യാലയജീവിതം നിർഭാഗ്യകരമായ ഒന്നായിട്ടാണ് ആരംഭിച്ചത്. അദ്ദേഹം പഠിച്ചിരുന്ന ഒരു പ്രൈവററ് സ്കൂളിൻെറ ഭരണം വളരെ അനാശ്യമായ തരത്തിലായിരുന്നു. വിദ്യാർത്ഥികളെ ക്രൂരമായി ശിക്ഷിച്ചുവന്നിരുന്ന അവിടുത്തെ പതിവ് മി. വിൻസ്റ്റനെ ക്ഷോഭിപ്പിക്കയും പ്രതികാരം ചെയ്വാൻ പ്രേരിപ്പിക്കയും ചെയ്തു. ഒരു തവണ അദ്ദേഹം ഹെഡ്മാസ്റ്ററുടെ ഹാററ് കാലുകൊണ്ടു തട്ടിയെറിഞ്ഞു; അതിന്ന് വിൻസ്റ്റനു അടികൊള്ളുകയുമുണ്ടായി. മറെറാരിക്കൽ സ്കൂളിൽനിന്ന് അദ്ദേഹം എന്തോ മോഷ്ടിച്ചു; അതിനും നല്ല പ്രഹരംവാങ്ങി. അദ്ധ്യാപകന്മാരെല്ലാം വിൻസ്റ്റൻ കൊള്ളരുതാത്ത കുട്ടിയാണെന്നു വിധിച്ചു തൻെറ മാതാപിതാക്കന്മാർ പുത്രനെ, മറെറാരു വിദ്യാലയത്തിൽ ചേർത്തു. അവിടെയും വിൻസ്റ്റൺ അദ്ധ്യാപകന്മാർക്കു ഇണങ്ങാതെ വികൃതിയായിത്തന്നെ വളർന്നു.

പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം അദ്ദേഹം ഇംഗ്ലണ്ടിലെ പൊതുവിദ്യാലയങ്ങളിലൊന്നായ ഹാറോയിൽചേർന്നു പഠനംതുടങ്ങി. എന്നിട്ടും

വിൻസ്റ്റൺ പറയത്തക്കവിധത്തിൽ പരിവൎത്തിതനായില്ല. അവിട്ടത്തെ ആരു കൊല്ലത്തെ പഠനംകൊണ്ടു 'ക്ഷുഭിതനായ ഒരു മറയൻ' എന്ന പേരാണു് അദ്ദേഹം സമ്പാദിച്ചതു്.

വിൻസ്റ്റൻെറ പഠനത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഒരു പ്രത്യേകത തൻെറ ഇംഗ്ലീഷ് ഭാഷാ പാഡവമായിരുന്നു. ഇംഗ്ലീഷ് ഭാഷയിലെ സാമൎത്ഥ്യത്താൽ കാലേക്കൂട്ടിത്തന്നെ പത്രപ്രവൎത്തനം അഭ്യസിക്കുന്നതിന് മി. വിൻസ്റ്റൺ പ്രേരിതനായി. പത്രപ്രവൎത്തനം അദ്ദേഹത്തിനു ഒരുവിധം സുഖംനൽകി. സ്കൂൾ മാസികയുടെ എഡിററർ ഒരു ലിയോപാഠംഡ് ആമറി (ഇപ്പോഠം മി. ചൎച്ചിലിൻെറ മന്ത്രിസഭയിലെ ഒരു അംഗം) യായിരുന്നു. ആമറി ലേഖനമെഴുത്തിൽ മി. ചൎച്ചിലിനെ പ്രേരിപ്പിച്ചു.

പത്രപ്രവൎത്തനനൈപുണ്യം കൂടാതെ അദ്ദേഹത്തിനു കായികാഭ്യാസത്തലും സാമൎത്ഥ്യമുണ്ടായിരുന്നു. അതു പട്ടാളസമ്പ്രദായത്തിലുള്ള ഒരു അഭ്യാസമാണ്. ചൎച്ചിൽ അതിൽ അപാരമായ തല്പരത കാണിച്ചു. അദ്ദേഹം പട്ടാളത്തെ വളരെ ഇഷ്ടപ്പെട്ടിരുന്നു. കൃത്രിമമായി കളിപ്പണ്ടങ്ങളായി നിൎമ്മിക്കപ്പെട്ട സൈന്യത്തോടു കളിക്കുന്നതിൽ അദ്ദേഹം ചെറുപ്പം മുതൽ. പ്രതിപത്തി പ്രകടിപ്പിച്ചിരുന്നു.

പുസ്തകപഠനത്തിൽ മി. വിൻസ്റ്റൺ കാണിച്ച അശ്രദ്ധയെ തൻെറ ബുദ്ധിമോശമായി റാൻഡോഠംഫ് പ്രഭു ഗണിച്ചു. മനസ്സില്ലാമനസ്സോടെയാണ് തൻെറ പുത്രനെ സൈന്യത്തിൽ ചേരുവാൻ പിതാവ് അനുവദിച്ചതു്. മി. വിൻസ്റ്റൻ നിയമപരീക്ഷയിൽ വിജയിയായി പാർലിമെൻറുസഭയിൽ പ്രവേശിക്കണമെന്നതായിരുന്നു റാൻഡോഠംഫ് പ്രഭുവിൻെറ ആശ.

1895-ൽ മി. വിൻസ്റ്റൺചൎച്ചിൽ ബ്രി. സൈനികലോകത്തു പ്രവേശിച്ചു. താമസിയാതെ ആ ജീവിതം അലസമായ ഒന്നാണെന്നു അദ്ദേഹത്തിനു തോന്നി. മറെറവിടെയെങ്കിലും പോയി സജീവപ്രവൎത്തനം തുടങ്ങുവാനുള്ള അവസരത്തെ അദ്ദേഹം കാത്തിരിക്കയായിരുന്നു.

ക്യൂബായിൽ ഒരു യുദ്ധമുണ്ടാകാൻ പോകുന്നതായി 1895-ൽ ലണ്ടനിൽ ഒരു വാൎത്ത ലഭിച്ചു. ചൎച്ചിൽ ക്യൂബായിലേക്കു പോയി. ഊൎജ്ജിതമായ പ്രവൎത്തനത്തിലേക്കുള്ള ആ പോക്ക് ചൎച്ചിലിന് സന്തോഷകരമായിരുന്നു. ക്യൂബായിൽനിന്ന് അദ്ദേഹം അയച്ച കത്തുകഠംക്കു ബ്രിട്ടീഷ്ജനത സ്വാഗതമരുളി. ഒരു പത്രപ്രവൎത്തകനെന്ന നിലയിൽ മി. ചൎച്ചിലിൻെറ പ്രാരംഭജീവിതത്തെ ഇവിടെയാണ് നാം കാണുന്നതു്. ആ കത്തുകഠം അദ്ദേഹത്തിനു ഏതു പത്രത്തിലും സ്ഥിരമായ ഒരു പദവി സമ്പാദിച്ചുകൊടുക്കുവാൻ പോരുന്നവയായിരുന്നു. സൈനികമണ്ഡലത്തിൽ മി. വിൻസ്റ്റൻെറ നില പൂൎവ്വാധികം ഉയൎന്നു.

ക്യൂബായിൽനിന്നു മടങ്ങിവന്നു അദ്ദേഹം വീണ്ടും പട്ടാളത്തിൽ ചേൻറ. താമസിയാതെ തൻെറ സൈനികഭാഗത്തേയുംകൊണ്ടു മി. ചച്ചിൽ ഇൻഡ്യയിലേക്കു പോന്നു. ബാങ്ക്ളൂരിലായിരുന്നു അദ്ദേഹത്തിൻെറ താവളം. ഇൻഡ്യയിലെ വാസം ചച്ചിലിനു സുഖകരമായി തോന്നിയില്ല. ചരിത്രപരവും ശാസ്ത്രീയവും തത്വപരവും ആയ ഗ്രന്ഥങ്ങൾ വായിക്കുകയായിരുന്നു ഇന്ത്യയിലെ താമസത്തിന്നിടയിൽ അദ്ദേഹം ചെയ്ത ഏററവും പ്രധാനകാൎയ്യം. ഗിബ്ബൺ, മെക്കാളെ, ഡാർവിൻ, മാൽത്തൂസ്, ഷാവനാർ, പ്ലേറോ, എന്നിവരെ അദ്ദേഹം പഠിച്ചു. ഈ പഠനം ജീവിതസമരത്തിൽ അദ്ദേഹത്തെ വളരെ സഹായിച്ചു.

ഇന്ത്യയിൽനിന്നു സ്വദേശത്തേക്കുള്ള മടക്കയാത്രയിൽ അദ്ദേഹം പല സൈനിക ഉദ്യോഗസ്ഥന്മാരുടെ പരിചയം സമ്പാദിക്കയും പല സ്ഥലങ്ങൾ സന്ദശിക്കയും ചെയ്തു.

തൻെറ അവധികാലം അവസാനിക്കാറായപ്പോൾ ഹിമാലയങ്ങളിലെ പത്താൻ കലാപത്തെക്കുറിച്ചു അദ്ദേഹം കേൾക്കാനിടയായി. ഉടനെ അദ്ദേഹം സർ ബിൻഡോൺ ബ്ലഡിനു, തന്നെക്കൂടി സൈന്യത്തിൽ ചേക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടു കമ്പിസന്ദേശം അയച്ചു. മറുപടി കിട്ടുന്നതിനു മുൻപുതന്നെ അദ്ദേഹം ഇന്ത്യയിലേക്കു പുറപ്പെട്ടു. ബാംബെയിലെത്തിയപ്പോൾ, പട്ടാളത്തിൽ ഒഴിവില്ലെന്നു കാണിച്ചുകൊണ്ടുള്ള സർ ബ്ലഡിൻെറ സന്ദേശം മി. ചച്ചിലിനു ലഭിച്ചു, യുദ്ധകാൎയ്യലേഖകനായി നിയമിക്കാമെന്ന സർ ബ്ലഡിൻെറ മറുപടി അനുസരിച്ച് മി. ചച്ചിൽ ആ ജോലി സന്തോഷപുരസ്സരം സ്വീകരിച്ചു. അദ്ദേഹം സർ ബ്ലഡിനോടൊന്നിച്ചു വടക്ക്പടിഞ്ഞാറെ അതിൎത്തിസംസ്ഥാനത്തേക്കു സൈന്യത്തെ തുടൻകൊണ്ടു യാത്ര പുറപ്പെട്ടു.

അദ്ദേഹം ലണ്ടനിലായിരിക്കുമ്പോൾ സൂഡാൻ കലാപത്തെ സംബന്ധിച്ചു അറിയുകയും യുദ്ധത്തിൽ പങ്കെടുക്കാനായി അവിടുത്തേക്കു പുറപ്പെടുകയും ചെയ്തു. അവിടെ തൻെറ പ്രവൎത്തനങ്ങൾക്ക് സാരമായ വിജയം ലഭിക്കയുമുണ്ടായി.

ബോവെർയുദ്ധത്തെക്കുറിച്ചു മി. ചർച്ചിൽ ചെയ്ത ഒരു പ്രധാന പ്രസംഗമൂലമാണ് അദ്ദേഹം മി. ലായിഡ്ജാർജ്ജുമായി പരിചിതനായത്. അതിന്നു മുൻപും പിൻപും മി. വിൻസ്റ്റൺ ചച്ചിൽ പല പ്രധാന രംഗങ്ങളേയും വിജയത്തോടെ തരണം ചെയ്തിട്ടുണ്ട്.

സർ ഹെൻറി ക്യാമ്പെൽ—ബാനെർമാൻ 1908-ൽ നിൎയ്യാതനായി. മി. ആസ്ക്വിത്ത് പ്രധാനമന്ത്രിയായി. മന്ത്രിസഭയിൽ ഒരു പദം അനുവദിച്ചുകൊണ്ടു അദ്ദേഹം മി. ചച്ചിലിനെ വ്യാപാരബോർഡിൻെറ പ്രസിഡണ്ടാക്കി. ഒരു മന്ത്രിസഭാംഗമെന്ന നിലയിൽ മി. ചച്ചിൽ ലായിഡ്ജോർജ്ജുമായി വളരെ അടു

ത്തു പരിചയിച്ചു. ഇന്നത്തെ രാഷ്ട്രീയകാൎയ്യങ്ങളുടെയെല്ലാം അടിത്തറയെ സ്പൎശിക്കുന്ന ചച്ചിൽ—ലായിഡ് ജാൎജ്ജ് ഉടമ്പടി ഇവിടെ സ്മരണീയമാണ്.

1910-ൽ മി. ചച്ചിൽ ഹോംസിക്രട്ടറിയും ബഡ്ജററ്ലീഗിന്റെ പ്രസിഡണ്ടുമായി. അദ്ദേഹമാണ് ബ്രിട്ടന്റെ നാവികശക്തിയെ ഉറപ്പിച്ചതും വികസിപ്പിച്ചതും. 1914-ൽ യുദ്ധം തുടങ്ങിയപ്പോൾ ബ്രിട്ടന്റെ നാവികബലം യുദ്ധസന്നദ്ധമായി പരിണമിച്ചതു അദ്ദേഹത്തിന്റെ പ്രയത്നഫലമായിട്ടാണ്. ജൎമ്മന്റെ ആക്രമത്തിൽ നിന്നു ബ്രിട്ടനെ രക്ഷിച്ചതു് ചച്ചിൽ ഒരുക്കിയ ഈ നാവികബലമായിരുന്നു. മഹായുദ്ധകാലത്തു ചച്ചിൽചെയ്ത സേവനങ്ങൾ ഇവിടെ വിവരിക്കുക സാദ്ധ്യമല്ല.

1916-ൽ ആസ്ക്വിത്ത് ഉദ്യോഗം ഒഴിയുകയും മി. ലായിഡ്ജാൎജ്ജ് പ്രധാനമന്ത്രിയാകയും ചെയ്തു. ഇതു ചച്ചിലിന്നു പററിയ ഒരു അവസരമായിരുന്നു. യുദ്ധസാമഗ്രികളെ സംബന്ധിച്ച് ഭരണം മന്ത്രിസഭ അദ്ദേഹത്തിന്നു വിട്ടുകൊടുത്തു. ആ അവസരത്തിൽ ചച്ചിൽ ചെയ്ത ഒരു പ്രധാനസംഗതി ടാങ്കുകൾ പണികഴിപ്പിക്കയായിരുന്നു.

മഹായുദ്ധത്തിനുശേഷം മി. ചർച്ചിൽ ബ്രിട്ടന്റെ മന്ത്രിസഭയിൽ, പ്രധാനമന്ത്രിപദം ഒഴിച്ചു മറെറല്ലാ പദവികളും അലങ്കരിച്ചിട്ടുണ്ട്. ഇന്നു അദ്ദേഹം പ്രധാനമന്ത്രിയായി നിയമിതനായതു ദീൎഘകാലത്തെ പ്രതീക്ഷക്കുശേഷമാണ്. അതെ, ഏററവും സന്നിദ്ധമായ ഒരു അവസരത്തിൽ, ബ്രിട്ടീഷ്ചരിത്രത്തിലെ ഏററവും പ്രധാനമായ ഒരു ഘട്ടത്തിൽ.

നമ്മുടെ തീപ്പെട്ടികൾ

കോഴിക്കോട്ടു നിൎമ്മിക്കപ്പെടുന്നവ.

ഏതു കാലത്തും ഒരുപോലെ

ഉപയോഗിക്കപ്പെടാവുന്നവ.

നമ്മുടെ നാട്ടിലെ സാധുക്കളായ തൊഴിലാളികളാൽ യന്ത്രങ്ങളുടെ സഹായം കൂടാതെ കൈവേലകൊണ്ടു മാത്രം നിൎമ്മിക്കപ്പെടുന്ന ഈ തീപ്പെട്ടി വാങ്ങി ഉപയോഗിപ്പിൻ —തൊഴിലില്ലാത്തവൎക്ക് തൊഴിലുണ്ടാക്കുന്നതിൽ സഹായിപ്പിൻ—

ചെട്ടിയാർ മേച്ച്വൎക്ക്സ്സ്, കോഴിക്കോട്.

ആ അന്ത്യ പ്രബോധനം

ഹിജ്രാ പത്താമത്തെ കൊല്ലത്തിൽ അറേബ്യക്കാർ അന്ത്യ പ്രവാചകൻ സ്ഥാപിച്ച മതത്തിൽ ചേരുവാൻ കൂട്ടംകൂട്ടമായി വന്നുകൊണ്ടിരുന്നു. തങ്ങളുടെയും തങ്ങളുടെ തലവന്മാരുടെയും വർഗ്ഗക്കാരുടെയും മതസ്വീകരണത്തെ തെളിയിക്കുവാൻ അറേബ്യായിലെ എല്ലാ ഗോത്രങ്ങളുടെയും പ്രതിനിധികൾ മക്കായിലേക്കും മദീനായിലേക്കും പ്രവഹിച്ചുതുടങ്ങി. തദവസരത്തിൽ അന്ത്യപ്രവാചകനു താഴെ കാണിക്കുന്ന ഏററവും ഒടുവിലത്തെ ദിവ്യസന്ദേശം ലഭിച്ചു.

"അല്ലാഹുവിൽനിന്നു സഹായവും വിജയവും ലഭിക്കുമ്പോഴും അല്ലാഹുവിൻെറ മതത്തിൽ ജനങ്ങൾ കൂട്ടം കൂട്ടമായിചേരുന്നതു നീ കാണുമ്പോഴും നിൻെറ നാഥനെ സ്തുതിക്കുകയും അവനോടു പൊറുത്തുതരുവാൻ അപേക്ഷിക്കയും ചെയ്യുക."

മഹത്തായ സഹായത്തെയും ദിവ്യമായ വിജയത്തെയും സൂചിപ്പിക്കുന്ന ഈ വചനം നബിയുടെ കർത്തവ്യപരിപൂരണത്തെയാണ് തെളിയിക്കുന്നത്. ഒരു ലക്ഷത്തിൽപരം അനുയായികളൊടോന്നിച്ചു—വിശുദ്ധനഗരം സന്ദർശിക്കുമ്പോൾ മക്കയിൽവെച്ചു നബിക്കു ലഭിച്ച അവസാന ദിവ്യസന്ദേശമാണിതു്. ഈ വചനത്തിൽനിന്നു നബിയുടെ ചരമം ആസന്നമായിട്ടുണ്ടെന്നു ഇബ്ൻ അബ്ബാസ് മനസ്സിലാക്കി. അതുപോലെതന്നെ സംഭവിക്കയും ചെയ്തു. അവസാനസന്ദേശം ലഭിച്ചതിൽപിന്നെ പരിശുദ്ധ പ്രവാചകൻ എട്ടുദിവസമെ ജീവിച്ചിരുന്നിട്ടുള്ളു. എ. ഡി. 632 മാർച്ച് 8-ാംനു- നബി തൻെറ ഒടുവിലത്തെ ഹജ്ജ്കർമ്മം കഴിഞ്ഞു 'മീനാ'യിലായിരുന്നു. അന്നത്തെ കാഴ്ച എത്ര ഹൃദയസ്പൃക്കായ ഒന്നായിരുന്നു! പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഉൾപ്പെടെ അന്നു നബിക്കുചുററും 140,000 ൽ പരം ജനങ്ങൾ തിങ്ങിക്കൂടിയിരുന്നു. അല്ലാഹുവിൽനിന്നു അദ്ദേഹത്തിനു സന്തോഷവർത്തമാനം ലഭിച്ചു "ഇന്നേദിവസം ഞാൻ നിങ്ങൾക്കുവേണ്ടി നിങ്ങളുടെ മതത്തെ പൂർണ്ണമാക്കിത്തരികയും നിങ്ങളുടെ മേലുള്ള എൻെറ പ്രീതിയെ പൂർത്തിയാക്കുകയും ചെയ്തിരിക്കുന്നു."

ഈ അവസരത്തിൽ പരിശുദ്ധ പ്രവാചകൻ ചെയ്തപ്രസംഗം ശ്രദ്ധേയമായ ഒന്നാണ്. അദ്ദേഹം ഒരു ഒട്ടകപ്പുറത്തിരുന്നുകൊണ്ടു് സാവധാനത്തിൽ താഴ്ന്ന സ്വരത്തിൽ സംസാരിച്ചു. ആ വാക്കുകളെ മററുള്ളവർ ഉച്ചത്തിൽ ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നതിനാൽ അവിടെ തടിച്ചുകൂടിയിരുന്ന വമ്പിച്ച ജനസമൂഹത്തിനെല്ലാം അവ കേൾക്കാൻകഴിഞ്ഞു, ഇങ്ങനെയായിരുന്നു ആ പ്രസംഗം:—

ജനങ്ങളെ! എൻെറ വാക്കുകളെ ശ്രദ്ധിക്കുക. മറെറാരുകൊല്ലത്തിൽ എനിക്കു നിങ്ങളുടെമദ്ധ്യേ എന്നെ കാണുവാൻ കഴിയുമൊ എന്നു ഞാൻ അറിയുന്നില്ല.

"ഇന്നു എന്തു ദിവസമാണെന്നു നിങ്ങൾ അറിയുന്നുണ്ടോ? ഇതു ത്യാഗത്തിൻെറ വിശുദ്ധദിനം ആകുന്നു. ഇതു പരിശുദ്ധ മാസമാകുന്നു. ഇതു എന്തു സ്ഥലമാണെന്നു നിങ്ങൾക്കറിയാമൊ? ഇതു പരിശുദ്ധനഗരമാണ്. അതിനാൽ ഈ വിശുദ്ധദിനത്തെയും ഈ വിശുദ്ധമാസത്തെയും ഈ വിശുദ്ധനഗരത്തെയും പോലെ നിങ്ങളുടെ ജീവിതവും നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ ബഹുമതിയും നിങ്ങൾക്ക അന്യോന്യം വിശുദ്ധമായിരിക്കട്ടെ എന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. ഈ സന്ദേശത്തെ ഇവിടെ സന്നിഹിതരായിട്ടുള്ളവർ അല്ലാത്തവർക്ക എത്തിച്ചുകൊടുക്കട്ടെ. നിങ്ങളുടെ പ്രവൃത്തികൾക്ക സമാധാനം പറയുവാൻ നിങ്ങളെവിളിക്കുന്നേ നിങ്ങളുടെ നാഥനെ നേരിടേണ്ടവരാണ് നിങ്ങൾ.

"ജനങ്ങളെ" നിങ്ങളുടെ ഈ രാജ്യത്തു ദൈവത്തിൻെറ ആരാധനയെ പുനഃസ്ഥാപിച്ചതിനാൽ ഈ ദിവസം പൈ കുത്താൻ നിരാശനായിരിക്കുന്നു. നിങ്ങൾ അവനെ അനുസരിക്കയാണെങ്കിൽ അവനു അതു സന്തോഷപ്രദമായിരിക്കും. അതിനാൽ നിങ്ങളുടെ മതത്തെസംബന്ധിച്ച് നിങ്ങൾ അവനെ സൂക്ഷിച്ചുകൊള്ളുവിൻ.

"എൻെറ ജനങ്ങളെ ! നിങ്ങൾക്ക നിങ്ങളുടെ ഭാൎയ്യമാരിൽ ചില അവകാശമുണ്ട്. അതുപോലെ നിങ്ങളുടെ ഭാൎയ്യമാൎക്ക നിങ്ങളുടെ മേലും.........അവർ ദൈവം നിങ്ങളെ ഭാരമേല്പിച്ച സ്വത്തുക്കളാണ്. അതുകൊണ്ടു ദയാപുരസ്സരം അവരോടു പെരുമാറുക...........നിങ്ങളുടെ അടിമകളെ സംബന്ധിച്ചാണെങ്കിൽ, നിങ്ങൾ എന്തു ഭക്ഷിക്കുന്നുവോ അതു അവരെയും ഭക്ഷിപ്പിക്കുക. നിങ്ങൾ എന്തു ഉടുക്കുന്നുവോ അതു അവരേയും ഉടുപ്പിക്കുക.

"ജനങ്ങളെ, ഞാൻ പറയുന്നതിനെ ഹൃദയത്തിൽധരിക്കുക. എല്ലാ മുസ്ലിങ്ങളും പരസ്പരം സഹോദരന്മാരാണ്. നിങ്ങളെല്ലാം സമന്മാരാകുന്നു. പൊതുവായ ഒരു സാഹോദൎയ്യത്തിൻെറ അംഗങ്ങളാണ് നിങ്ങളെല്ലാം. അതിനാൽ ഒരുവൻ സ്വേച്ഛാനുസരണം തരുന്നതിനെ ഒഴിച്ചു മറെറാന്നും അവനിൽ നിന്നു എടുക്കുന്നതിനെ വിരോധിച്ചിരിക്കുന്നു. അതിനാൽ അവരുടെ അവകാശങ്ങളിൽ കൈവെക്കരുത്."

അനന്തരം പ്രവാചകൻ ഇങ്ങനെ ഉച്ചത്തിൽ പറഞ്ഞു. "നാഥാ, ഞാൻ നിൻെറ സന്ദേശത്തെ നൽകിയില്ലേ?" "തീൎച്ചയായും അവിടുന്നു നൽകിക്കഴിഞ്ഞു." എന്ന ജനസമൂഹത്തിൻെറ മറുപടി ആ പ്രദേശത്തെങ്ങും മാറെറാലിക്കൊണ്ടു. അതിനുശേഷം പ്രവാചകൻ പറഞ്ഞു "നാഥാ, ഞാൻ നിന്നോടു കാരുണ്യം അൎത്ഥിക്കുന്നു അതിന് നീ സാക്ഷിയാണ്."

ഇതെത്ര മഹത്തായ കൃത്യം, എത്ര മഹത്തായ കൃത്യനിൎവ്വഹണം!

പസിഫിക്ക് യുദ്ധരംഗം

ജപ്പാൻ ആക്രമണത്തിന്നിരയായ പ്രധാനദ്വീപുകളുടേയും മററും വിവരങ്ങൾ

(പി. വി. കെ. നെടുങ്ങാടി.)

ഇന്നത്തെ യുദ്ധം നിമിത്തം ഇതേവരേയും അഗണ്യകോടിയിൽ തള്ളപ്പെട്ടിരുന്ന പല പ്രദേശങ്ങളും ലോകത്തിൻെറ ശ്രദ്ധയെ അത്യധികം ആകർഷിച്ചിട്ടുണ്ട്. അങ്ങിനെയുള്ള രാജ്യങ്ങളിൽ പ്രാധാന്യമർഹിക്കുന്നവയാണ് ജപ്പാൻെറ വമ്പിച്ച ആക്രമണത്തിന്നിരയായിട്ടുള്ള പസിഫിക്ക് ദ്വീപുകൾ.

ഹിന്തുസമുദ്രം മുതൽ പസിഫിക്ക് സമുദ്രത്തിൻെറ ഏതാണ്ട് മദ്ധ്യത്തിലോളം നീണ്ടുകിടക്കുന്ന തെക്കൻ പസിഫിക്ക് ദ്വീപുകൾ വലിപ്പത്തിലും ജനസംഖ്യയിലും രാഷ്ട്രീയ പ്രാധാന്യത്തിലും പരസ്പരം വളരെ വ്യത്യസ്തമാണ്. പക്ഷെ ഇന്നു ജപ്പാൻെറ ആക്രമണത്തിന്നിരയായിട്ടുള്ള ഈ ദ്വീപുകൾ മുഴുവൻ, പ്രകൃതിവിഭവസമൃദ്ധികൊണ്ടു ലോകത്തിൽ വളരെ ഉന്നതമായ നിലയിലാണുള്ളത്. അനേകലക്ഷം ചതുരശ്രനാഴികയുള്ള ഈ ദ്വീപുകൾ മിക്കവാറും ഇപ്പോൾ പാശ്ചാത്യകോയ്മകളുടെ ആധിപത്യത്തിലാണെന്നുള്ളതും പ്രസ്താവ്യമത്രെ.

ഡച്ച് ഈസ്റ്റിൻഡീസ്.

"ദ്വീപുകൾ" എന്നു പൊതുവെ പറഞ്ഞാലും ഇവയിൽ ചിലതു ഫ്രാൻസിനെക്കാളും ജമ്മനിയേക്കാളും വിസ്തീണ്ണമുള്ളവയാണ്. ഡച്ച് ഈസ്റ്റിൻഡീസ് എന്നു പറയുന്ന ദ്വീപസമൂഹങ്ങൾക്കെല്ലാംകൂടി മൊത്തത്തിൽ $7\frac{1}{2}$ ലക്ഷം ചതുരശ്രനാഴിക വിസ്തീർണ്ണവും 6 കോടി ജനങ്ങളുമുണ്ട്. എന്നാൽ ഈ ദ്വീപുകളുടെ ഭരണാധികാരം വഹിക്കുന്ന യൂറോപ്പിലെ ഹോളണ്ട് (ഡച്ച്) രാജ്യമാകട്ടെ വെറും 13000 ചതുരശ്രനാഴിക വിസ്തീർണ്ണവും 65 ലക്ഷം ജനസംഖ്യയുമുള്ള ഒരു ചെറു രാജ്യമാണു താനും !

ഡച്ച് ഈസ്റ്റിൻഡീസ്സിലെ പ്രധാനദ്വീപുകളുടെ വിവരം താഴെചേക്കുന്നു:-

	പേരുകൾ.	വിസ്തീർണ്ണം. (ആയിരം) ച. നാ:	ജനസംഖ്യ. (ആയിരം)
1.	സുമാത്ര	163	7620
2.	ജാവ	50	38000
3.	ബോർണിയോ	285	2210
4.	സെലിബസ്	73	3700
5.	ഡച്ച് ന്യൂഗിനിയ	160	280

ബോർണിയോവിൻെറ വടക്കെ ഖണ്ഡം ബ്രിട്ടൻെറ മേൽനോട്ടത്തിൽ "സാരവാക്ക്" എന്ന ഒരു നാട്ടുരാജ്യവും, വടക്ക കിഴക്കെ അററം ബ്രിട്ടീഷ്ബോർണിയോവുമാണ്. "സാരവാക്ക്" ഭരിക്കുന്നതു ഒരു യൂറോപ്യൻ രാജാവാണ്. ആദ്യകാലത്തു ഒരു യൂറോപ്യൻ സ്ഥാപിച്ച നാട്ടുരാജ്യമാണത്രെ അത്.

വിസ്തീർണ്ണംകൊണ്ടു നോക്കുകയാണെങ്കിൽ സുമാത്രക്കു ഇററലിയെക്കാളും ജാവക്കു ഇംഗ്ലണ്ട് ദ്വീപിനോളവും ബോർണിയോവിന്നു ജർമ്മനിയും ബ്രിട്ടീഷുദ്വീപുകളും ചേർന്നത്രയും വലിപ്പമുണ്ട്. ഈ ദ്വീപുകളെല്ലാംതന്നെ സുമാർ 300 കൊല്ലങ്ങളായി ഡച്ചുകാരുടെ അധീനത്തിലാണ്. ക്രിസ്താബ്ദം 1600-ാമതിൽ യൂറോപ്യൻ രാജ്യക്കാർ ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും വ്യാപാരാർത്ഥം പുറപ്പെട്ടുപോയ കൂട്ടത്തിൽ ഡച്ചുകാരും പോർട്ടുഗീസ്സ് (പറങ്കി)കാരും ഏതാണ്ട് തുല്യനിലയിൽ മത്സരിച്ചിരുന്നുവല്ലൊ. ആ മത്സരം ഡച്ച് ഈസ്റ്റിൻഡീസ്സിലുമുണ്ടായി. ഒടുവിൽ പോർട്ടുഗീസ്സുകാരെ ഡച്ചുകാർ പരാജിതരാക്കി. അതിന്നുശേഷം 1811 മുതൽ 1816 വരെ ഡച്ച് ഈസ്റ്റ്ഇൻഡീസ്സ് ബ്രിട്ടീഷ് ആധിപത്യത്തിൽ വന്നു. പക്ഷെ മലയാദ്വീപുകളെ സംബന്ധിച്ചുണ്ടായ ചില തീർപ്പുകളാൽ ഒടുവിൽ ബ്രിട്ടീഷുകാർ അതു ഡച്ചുകാൎക്കു മടക്കിക്കൊടുത്തു

ഈസ്റ്റിൻഡീസ്സ് ദ്വീപുകൾ പ്രകൃതിവിഭവസമൃദ്ധമാണ്. നെല്ല്, കരിമ്പ്, കാപ്പി, ചായ, റബ്ബർ, പുകയില, മുതലായവ ധാരാളമായി ഈ ദ്വീപുകളിൽ കൃഷിച്ചെയ്യുന്നു. പെട്രോൾ, കൽക്കരി, സ്വർണ്ണം, വെള്ളി, മററുപലതരം ലോഹങ്ങൾ മുതലായവ ഇവിടെ ഖനികളിൽനിന്നു കുഴിച്ചെടുക്കുകയുംചെയ്യുന്നുണ്ട്. ഡച്ചുഈസ്റ്റിൻഡീസ് ദ്വീപുകളിൽ ഒരു കാലത്തു ഹിന്ദുമതവും ഹൈന്ദവഭരണവുമായിരുന്നു നിലനിന്നിരുന്നതെന്നു വിചാരിക്കത്തക്ക പല ചരിത്രലക്ഷ്യങ്ങളുമുണ്ട്. ആ ദ്വീപുകളിൽപ്പെട്ട ബാലിദ്വീപിൽ ഇന്നും നാട്ടുകാൎക്കു സംസ്കൃതഭാഷ അല്പാല്പമായി അറിയാമത്രെ. ഹിന്ദുപുരാണങ്ങളിലും പ്രസ്തുതദ്വീപുകളിൽ ചിലതിനെപ്പററി പറയുന്നുണ്ട്. ഡച്ചുഗവൎമ്മെണ്ടിൻെറ കീഴിൽ ഒരു ഗവർണ്ണർ ജാവാദ്വീപിലെ ബറേറവിയാനഗരത്തിൽനിന്നു ഡച്ചു ഈസ്റ്റിൻഡിസ് ദ്വീപുകളുടെ ഭരണം നടത്തിവരുന്നു. ഇപ്പോൾ ഡച്ച്രാജ്യം ജർമ്മനിക്കു കീഴടങ്ങിട്ടുണ്ടെങ്കിലും ഈ കോളണി സ്വതന്ത്രമായി നിൽക്കുകയാണ്.

ആസ്ത്രേലിയ.

ഒരു പെറിയ വൻകരയായി ഗണിക്കപ്പെടുന്നുണ്ടെങ്കിലും ആസ്ത്രേലിയയും വാസ്തവത്തിൽ പസിഫിക്ക് ദ്വീപുകളിൽപ്പെട്ട ഒന്നാണെന്നുതന്നെ പറയാം. ഡച്ച് ഈസ്റ്റ്ഇൻഡീസ്സ് ദ്വീപുകളിൽപ്പെട്ട ന്യൂഗിനിയയുടെ തെക്കായികിടക്കുന്ന ആസ്ത്രേലിയയുടെ വിസ്തീർണ്ണം 30 ലക്ഷം ചതുരശ്രനാഴികയും ജനസംഖ്യ സുമാർ

85 ലക്ഷം മാത്രവുമാണ്. തന്നിമിത്തം ആസ്ത്രേലിയയിൽ ചതുരശ്രനാഴികക്ക 3 പേർ മാത്രമെ താമസിക്കുന്നുള്ളു. ആസ്ത്രേലിയയിൽ ഇനിയും 6 കോടി ജനങ്ങൾക്ക സുഖമായി താമസിക്കുവാൻ കഴിയുമെന്നു പല വിദഗ്ദ്ധന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും വെള്ളക്കാർക്കല്ലാതെ കറുത്ത വർഗ്ഗക്കാർക്കു അവിടെ കുടിയേറി താമസിക്കുവാൻ തീരെ അസാദ്ധ്യമായ നിലയിലാണ് അവിടുത്തെ നിയമങ്ങൾ എന്നുള്ളതു പ്രസ്താവ്യമത്രെ. ആസ്ത്രേലിയ ബ്രിട്ടീഷു ഡൊമിനിയനുകളിൽ രണ്ടാമത്തേതാണ്. ഇപ്പോഴത്തെ യുദ്ധത്തിൽ ആസ്ത്രേലിയ കനഡയേക്കാൾ കൂടുതലായി പങ്കെടുക്കുന്നുമുണ്ട്. ബ്രിട്ടനിലെ രീതിയനുസരിച്ചുള്ള ജനാധിപത്യഭരണം തന്നെയാണ് ആസ്ത്രേലിയയിൽ നടക്കുന്നതു. വെള്ളക്കാർ കീഴടക്കിയ ശേഷം അവിടുത്തെ പുരാതനവർഗ്ഗക്കാർ തീരെ ക്ഷയിച്ചുപോയിരിക്കുന്നു. 17-ാംനൂറ്റാണ്ടിൽ സ്പെയിൻ രാജാവ് അയച്ചിരുന്ന ഒരു സംഘം നാവികന്മാരാണ് ആസ്ത്രേലിയയിൽ ആദ്യമായി പ്രവേശിച്ചു ചില അധികാരങ്ങൾ സ്ഥാപിച്ചതു. 1606 ൽ ഡച്ചുകാരും അവിടെ കടന്നുകൂടി പക്ഷെ 1688 ൽ വന്ന ബ്രിട്ടീഷുകാർ തങ്ങളുടെ മുൻഗാമികളിൽനിന്നു അധികാരങ്ങളെല്ലാം പിടിച്ചടക്കുകയും അങ്ങിനെ ആസ്ത്രേലിയ ക്രമേണ ബ്രി. ഡൊമിനിയനായി തീരുകയും ചെയ്തു.

ന്യൂസിലണ്ട്

പസിഫിക്ക് ദ്വീപുകളിൽ ഏററവും കിഴക്കെ അററത്തുള്ളതും ആസ്ത്രേലിയയുടെ അടുത്തു (കിഴക്കു) സ്ഥിതിചെയ്യുന്നതുമായ ന്യൂസിലണ്ടും ഒരു ബ്രിട്ടീഷു ഡൊമിനിയനാണ്. പക്ഷെ ഒരു ലക്ഷത്തിൽപരം ചതുരശ്രനാഴിക വിസ്തീർണ്ണമുള്ള ന്യൂസിലണ്ടിൽ ജനസംഖ്യ കഷ്ടിച്ചു 18 ലക്ഷമേയുള്ളു ! ഇതിന്നുള്ള ഒരു മുഖ്യകാരണം ഇവിടേയും കറുത്ത വർഗ്ഗക്കാർക്കു പ്രവേശനം ഏതാണ്ടു നിഷേധിച്ചിരിക്കുന്നുവെന്നതാണ്. ന്യൂസിലണ്ടിലെയും ഭരണം ബ്രിട്ടനിലെ മാതൃകയിലുള്ള ജനാധിപത്യരീതി തന്നെയാകുന്നു. ജനങ്ങൾ പൊതുവെ ബ്രിട്ടനിൽനിന്നു കുടിയേറിപ്പാർത്തവരാണ്. അവിടുത്തെ പുരാതനവർഗ്ഗക്കാരായ മയോറികൾ ഇപ്പോൾ തിരെ ക്ഷയിച്ചുവരികയാണ്. 1840-ലാണ് ന്യൂസിലാണ്ടിൽ ബ്രിട്ടൻ പൂർണ്ണമായ അധികാരശക്തി സ്ഥാപിച്ചത്. "ആസ്ത്രേലിയ ഇനിയും വെള്ളക്കാരുടെ രാജ്യമായി അവശേഷിക്കുമെന്നു" അവിടുത്തെ പ്രധാനമന്ത്രി ഇതിനിടെ പ്രസ്താവിക്കയുണ്ടായി. ഏതാണ്ട് അതേ മനോഭാവം തന്നെയാണ് ന്യൂസിലണ്ടിന്നുമുള്ളത്.

ഫിലിപ്പൈൻ.

സച്ച് ഈസ്റ്റിൻഡീസ്സ് ദ്വീപുകളുടെ വടക്കും ജപ്പാൻ ദ്വീപുകളുടെ തെക്കും ഇൻഡോചൈന സയാം മുതലായ രാജ്യങ്ങളുടെ കിഴക്കുമായി തെക്കുപടിഞ്ഞാറെ പസിഫിക്ക് സമുദ്രത്തിന്റെ മദ്ധ്യത്തിൽകിടക്കുന്ന ഫിലിപ്പൈൻ ദ്വീപ

കൾ സൈന്യപരമായി പസിഫിക്ക് സമുദ്രത്തിന്റെ ഒരു മമ്മസ്ഥാനത്താണ് സ്ഥിതിചെയ്യുന്നതു്. സ്പെയിൻരാജാവായിരുന്ന ഫിലിപ്പ് രണ്ടാമന്റെ നാമധേയമാണ് ഈ ദ്വീപുകൾക്കു നൽകീട്ടുള്ളത്. പക്ഷെ 1898-ൽ സ്പെയിൻകാരിൽനിന്നു അമേരിക്കൻ ഐക്യരാജ്യക്കാർ ഈ ദ്വീപുകൾ കൈവശപ്പെടുത്തി. ചെറുതും വലുതുമായി 7000 ദ്വീപുകൾ അടങ്ങിട്ടുള്ള ഫിലിപ്പൈനിൽ ആൾപ്പാർപ്പുള്ള ദ്വീപുകൾ വളരെകുറയും. അതുപോലെതന്നെ ജനസംഖ്യയും വളരെ കുറവാണ്. ഫിലിപ്പൈൻ ദ്വീപുകളുടെ പ്രാധാന്യം കടൽസൈന്യപരമായിട്ടുള്ളതാകയാലാണ് ജപ്പാൻകാർ എന്തു നഷ്ടം സഹിച്ചും ആ ദ്വീപുകൾ കൈവശപ്പെടുത്താൻ സാഹസപ്പെടുന്നത്.

ചില താരതമ്യങ്ങൾ.

പസിഫിക്ക്ദ്വീപുകളിൽ മുഖ്യമായ താല്പര്യമുള്ളതു്, ഇന്ന് അമേരിക്കക്കും ആസ്ത്രേലിയക്കും, ബ്രിട്ടീഷിന്നുമാണ്. ഫ്രാൻസും ഹോളണ്ടും പരാജയപ്പെട്ടതോടുകൂടെ പ്രസ്തുത രണ്ടു രാജ്യങ്ങളുടെയും സ്വതന്ത്രനില ഇല്ലാതായിരിക്കുന്നു. അതിനാൽ തങ്ങളുടെ രക്ഷക്കുവേണ്ടി ഡച്ച് ഈസ്റ്റിൻഡീസ്സ് ദ്വീപുകളെ രക്ഷിക്കേണ്ടതു ബ്രിട്ടന്റെയും അമേരിക്കയുടേയും ആസ്ത്രേലിയയുടേയും ഭാരമായിത്തീന്നിരിക്കുന്നു. ഈസ്റ്റിൻഡീസ്സിലേക്കു ബ്രിട്ടനിൽനിന്നു സുമാർ 8000 നാഴികയും അമേരിക്കയിൽനിന്നു ഏതാണ്ടു 6000-ത്തിൽപരം നാഴികയും ദൂരമുണ്ട്. മലയയും ഇൻഡോചൈനയും ജപ്പാന്റെ അധീനത്തിലായതിനാൽ ജപ്പാന്നു കൂടുതൽ അടുപ്പവും ആനുകൂല്യങ്ങളുമുണ്ടുതാനും.

മാപ്പിള റവ്യൂ
THE MAPPILA REVIEW.

മാപ്പിളമാരുടെ സാമുദായികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അവശതകളെ പരിഹരിപ്പാനും സാമുദായികമൈത്രി നിലനിത്തിപ്പോരുവാനും നടത്തപ്പെടുന്ന കേരളത്തിലെ ഏകമുസ്ലിം മാസിക.

വരിസംഖ്യ:— കൊല്ലത്തിൽ 4ക. മാത്രം.
ടി ഇന്ത്യക്കു പുറമെ കൊല്ലത്തിൽ 5ക.

പരസ്യനിരക്കിന്നും മററും അന്വേഷിക്കുക,

MANAGER,
THE MAPPILA REVIEW
CALICUT.

ബ്രാഞ്ച് പോസ്റ്റ് മാസ്റ്റർ

(അമ്പി.)

കടലാടിക്ക് കടലിനോടും വെള്ളിക്കോലിന്നു വെള്ളിയോടും കുഴിയാനക്കു ആനയോടും ഉള്ള ബന്ധത്തിലധികമുണ്ടു് ബ്രാഞ്ച് പോസ്റ്റ്മാസ്റ്റർക്കു പോസ്റ്റൽ ഡിപ്പാർട്ടുമെണ്ടുമായുള്ള ബന്ധം എന്നു ധരിക്കുക വിഷമമായിരിക്കുന്നു. എന്നാൽ വൈസറായിയേക്കാൾ അധികാരം ഗ്രാമങ്ങളിൽ അംശംകോൽക്കാരനായിരിക്കുന്നതു പോലെയാണ് ബ്രാഞ്ച് പോസ്റ്റ്മാസ്റ്റർക്കു ഗ്രാങ്ങളിലുള്ള അധികാരം. "മുട്ടിനെട്ട്കമ്പ്" എന്നു പറഞ്ഞതുപോലെ "മൂടാടി" റെയിൽവെ സ്റ്റേഷൻപോലെ നാഴികക്കുരുപത്തു സ്റ്റേഷനുകൾ റെയിൽവെപാതകളുടെ വക്കത്തു വദ്ധിച്ചിട്ടുണ്ടെങ്കിൽ, ഒരു പക്ക്ഭജാറോ ഒരു ബ്രാഞ്ച് പോസ്റ്റാപ്പീസ്സോ ഇല്ലാത്ത നാട്ടുപുറവും ഇന്നു കാണാനില്ലെന്നാണ് വന്നിട്ടുള്ളതു്! പുട്ടും കാപ്പിയും പുഴുങ്ങിയ മധുരക്കിഴങ്ങും ഒണക്ക് ചെമ്മീനും അരിപ്പൊരിയും ചക്കരയും വില്ക്കുന്ന ഒരു കട നാട്ടുപുറത്തെ "ഭജാർ" എന്നു പറയപ്പെടുന്ന നാലഞ്ചു മുറിപ്പീടികയുടെ അധിവാസസ്ഥലത്തു കണ്ടാൽ അതിന്നടുത്തു ഒരു ബ്രാഞ്ച് പോസ്റ്റാപ്പീസ്സും ഉണ്ടെന്നറിഞ്ഞുകൊള്ളണം. സോപ്പ്, ചീപ്പ്, കണ്ണാടി, നീലം, സ്ലെയിററ്, പെൻസിൽ, എക്സർസൈസ്സ്ബുക്ക്, കടലാസ്സ്, പിഞ്ഞാണം, ഭരണി, മിഠായികൾ മുതലായ ഇരുപതാംശതാബ്ദത്തിലെ പരിഷ്ക്കാരത്തിൻെറ "ശപ്പുശിപ്പുശവറുകൾ" വില്ക്കുന്ന ഒരു "പരിഷ്കൃത"ഷാപ്പ് പക്ക്ഭജാറിൽക്കാണുമെങ്കിൽ അതു ഒരു ബ്രാഞ്ച്പോസ്റ്റാപ്പീസ്സുംകൂടിയാണെന്നും, പ്രസ്തുത ഷാപ്പുടമസ്ഥൻ അങ്ങാടിയിലും അങ്ങേപ്പുറത്തും അധികാരം വഹിക്കുന്ന ബ്രാഞ്ച് പോസ്റ്റ്മാസ്റ്ററാണെന്നും ധരിക്കുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല.

ശമ്പളത്തോതിൻെറ വ്യത്യാസത്താലല്ല, പ്രവൃത്തി വൈവിദ്ധ്യത്തിൻെറ ഏററക്കുറവനുസരിച്ചു ബ്രാഞ്ച് പോസ്റ്റ്മാസ്റ്ററെ പല തരക്കാരായി ഭാഗിക്കാം. മേൽപറഞ്ഞപോലുള്ള ഷാപ്പുടമസ്ഥന്മാർതന്നെ ബ്രാഞ്ച് പോസ്റ്റ്മാസ്റ്റർമാരുംകൂടിയായിട്ടാണ് ഇവരിൽ അധികംപേരും. അടുത്ത എലിമെണ്ടറി സ്കൂളിലെ അദ്ധ്യാപകനും, ഭജാറിലെ പ്രധാന കണക്കെഴുത്തുകാരനും, പഞ്ചായത്തുകോടതിയിലെ വക്കീലും, അടുത്ത റജിസ്ത്രാപ്പീസിലേക്കുള്ള ആധാരമെഴുത്തുകാരനും ബ്രാഞ്ച് പോസ്റ്റ്മാസ്റ്ററും കൂടി ഒരാൾതന്നെയാകുന്നതും സുദുർല്ലഭമല്ല. ബ്രാഞ്ച്പോസ്റ്റ്മാസ്റ്റർക്കു ലഭിക്കുന്ന ശമ്പളത്തിൻെറ തോതാണെങ്കിൽ ബഹുവിചിത്രമാണ്. പണ്ടൊരു മാരാക്കുണ്ടായതുപോലുള്ള ഭയം ഏതോ ഒരു കാലത്തു ഏതോ ഒരു ബ്രാഞ്ച്പോസ്റ്റ്മാസ്റ്റർക്കുണ്ടായിരുന്നുവെന്നും, തൽഫലമായിട്ടാണ് ഇന്നും അവ

രുടെ ശമ്പളം ഏട്ടുറുപ്പികയായിത്തന്നെ—ബഡ്ജറ്ററൊപ്പിക്കുവാൻ കട്ടോ യുദ്ധം സംബന്ധിച്ച ബത്തയോ ഇല്ലാതെ—നീക്കപോക്കില്ലാതെ നിലനില്ക്കുന്നതെന്നും ഒരു ഗവേഷണം നടത്തി തെളിയിപ്പാൻ ഞാനൊരുക്കമല്ലെങ്കിലും വാസ്തവം ഇതാണ്. എട്ടുറുപ്പിക ശമ്പളം! അതുകൊണ്ടുതന്നെയാണ് "എട്ടുറുപ്പിക" എന്ന ആരെങ്കിലും വല്ല സംഗതിവശാലും പറയുമ്പോൾ ഉടൻ എനിക്കു ബ്രാഞ്ച് പോസ്റ്റ് മാസ്റ്ററെ ഓമ്മവരുന്നത്.

ബ്രാഞ്ച് പോസ്റ്റ്മാസ്റ്ററുടെ ശമ്പളം ചെറിയൊരു വിചിന്തനം അർഹിക്കുന്ന വിഷയമാണ്. മേൽപറഞ്ഞവിധം സ്കൂൾമാസ്റ്ററും മററും എല്ലാംക്കൂടി ഒരാൾതന്നെയാണെങ്കിൽ സ്കൂളിൽനിന്നു ലഭിക്കുന്ന ശമ്പളവും കണക്കെഴുത്തിന്റെ പ്രതിഫലവും ആധാരമെഴുത്തിന്റെ കൂലിയും പഞ്ചായത്തുകോടതി വക്കീലിന്റെ നിലക്കുള്ള ഫീസ്സും പോസ്റ്റ്മാസ്റ്ററുടെ മാസ്പടിയും എല്ലാംക്കൂടി അദ്ദേഹത്തിന്നു ഗണ്യമായ ഒരു തുക മാസംപ്രതി ലഭിക്കുമെന്നതിന്നു സംശയമില്ല. കൊല്ലത്തിൽ അധികമാസവും പ്രവൃത്തിയില്ലാത്ത ഇന്ത്യയിലെ കഷ്കന്നു വെറുതെയിരിക്കുന്ന കാലത്തു നൂൽനൂൽക്കൽ ഉപജീവനത്തിന്നു വക ലഭിക്കുമെന്നാണല്ലൊ അഖിലേന്ത്യാ നൂൽനൂൽപ്പു സംഘക്കാർ പറയുന്നത്. അതുപോലെതന്നെ, കച്ചവടക്കാരനംക്കൂടിയായ ബ്രാഞ്ച്പോസ്റ്റ്മാസ്റ്റക്കു, ഷാപ്പിൽ വെറുതെയിരിക്കുന്ന കാലത്തെ ചെറിയൊരദ്ധ്വാനംകൊണ്ടു എട്ടുറുപ്പിക വീതം മാസംപ്രതി ലഭിക്കുകയെന്നു വന്നാൽ അതു ചെറിയൊരു നേട്ടമാണൊ? ബമ്മയിൽ നിന്നും പെനാങ്കിൽനിന്നും വരുന്ന മണിയോർഡറുകൾ—ഇതു ജാപ്പാൻ യുദ്ധരംഗത്തിൽ പ്രവേശിക്കുന്നതിന്നു മുമ്പുള്ള സ്ഥിതിയാണെ!— മുക്കാലും എത്തുന്നതു ബ്രാഞ്ച്പോസ്റ്റാപ്പീസ്സുകളിലാണെന്നതു തീച്ചയാണ്. അതിന്മേൽ ചെറിയൊരു കമ്മീഷൻകണക്കാക്കിയാൽ ബ്രാഞ്ച്പോസ്റ്റ്മാസ്റ്ററുടെ ദിവസേനയുള്ള "അപ്പിനും കനത്തിനും" വേണ്ട വകയ്ക്കു വേറെനോക്കേണ്ടതില്ല. ഇനി എട്ടുറുപ്പികയിൽ നിന്നു ഔദ്യോഗികമായി ചെയ്യേണ്ടതായ ചിലവെന്താണെന്നു നോക്കാം. ആപ്പീസ് വാടക എട്ടണ, കഴിഞ്ഞു. ആപ്പീസ്സുമുറി സ്വന്തമാണെങ്കിൽ അതു നിമ്മിക്കുവാൻ വേണ്ടിവന്ന തുകയുടെ പലിശയിലും കടക്കും ഈ എട്ടണ. അടിച്ചുവാരലും മററും സ്വന്തമായി നിവ്വഹിക്കാവുന്നതുകൊണ്ടു കണ്ടിഞ്ചൻസി ചാജ്ജുവേറെയില്ല. അങ്ങിനെ ഏഴര ഉറുപ്പിക മാസംപ്രതി ആ ഇനത്തിൽ മാത്രം പോക്കററിലാക്കാം.

ബ്രാഞ്ച് പോസ്റ്റ്മാസ്റ്ററുടെ അധികാരവും പദവിയും എന്താണെന്നാലോചിക്കുമ്പോഴാണ് എട്ടുറുപ്പികയല്ല എൺപതുറുപ്പികതന്നെ അദ്ദേഹത്തിന്നു മാസപ്പടികൊടുത്താൽപോലും അധികമാകുന്നില്ലെന്നു തോന്നിപ്പോകുന്നത്! സബ്റജിസ്ട്രാർ, ഔട്ട് പോസ്റ്റ് സ്റ്റേഷനിലെ ഹെഡ്കൊൺസ്റ്റബിൾ മുതൽ അംശം കോൽക്കാരൻവരേയുള്ള ബ്രാഞ്ച് പോസ്റ്റാപ്പീസിന്റെ "അധികാരാതൃത്തിക്കകെ"ത്തുള്ള എപ്പേർപ്പെട്ട ഗവമ്മേണ്ടുദ്യോഗസ്ഥന്മാർക്കുപോലും ബ്രാഞ്ച് പോസ്റ്റ്മാസ്റ്ററുടെ

"സേവ" കൂടാതെ നിർവ്വാഹമില്ലെന്നുവന്നാൽ സാധാരണ നാട്ടുകാരുടെ സ്ഥിതിപ റയണൊ? നിങ്ങൾ ഒരു ബ്രാഞ്ച് പോസ്റ്റ്മാസ്റ്ററുടെ സ്നേഹിതനാണൊ? എങ്കി ൽ, അമേരിക്കയിൽ നട്ടുച്ചയാകുന്ന ആ കാലത്തുപോലും നിങ്ങൾക്കു സ്റ്റാമ്പും കാർ ഡും കവറും ലക്കോട്ടും കിട്ടും. നിങ്ങൾ ബ്രാഞ്ച് പോസ്റ്റ് മാസ്റ്ററുടെ "ഗുഡ്സ്ബുക്കി" ൽപ്പെട്ട ഒരാളല്ലയോ? എങ്കിൽ, സ്റ്റാമ്പിന്നുവന്ന നിങ്ങളെ പോസ്റ്റ്മാസ്റ്റർ കണ്ടിട്ടു കൂടിയുണ്ടായിരിക്കയില്ല. അങ്ങിനെ കോലായിൽകാത്തു കെട്ടിനിൽക്കണം ഒന്നരമ ണിക്കൂർ. ആ ഗംഭീരഉദ്യോഗസ്ഥൻെറ ശ്രദ്ധയാകർഷിക്കുന്നതിന്നു ചെറുതായൊന്നു ചുമക്കുന്നതുതന്നെ നിയമത്തിന്നും അച്ചടക്കത്തിന്നും വിരുദ്ധമാണ്! അങ്ങിനെ ഒന്നരമണിക്കൂർ നിൽക്കുമ്പോഴക്കും സമയം ഉച്ചയായി; അല്ലെങ്കിൽ, വൈകുന്നേ രമാണെങ്കിൽ മണി അഞ്ചായി. ഉച്ചക്കും, അഞ്ചുമണിക്കുശേഷവും സ്റ്റാമ്പൊ ക വറൊ വിൽക്കാൻ പാടില്ലെന്നുള്ള നിയമം നിങ്ങൾക്കറിയില്ലെങ്കിൽ ആ യതു പോസ്റ്റ്മാസ്റ്ററുടെ കുററമല്ലല്ലൊ. ആകെക്കൂടെ പക്ക് ഭജാറിലെ ഒരു രാജാവാ ണ് ബ്രാഞ്ച് പോസ്റ്റ്മാസ്റ്റർ.

ചന്ദ്രനും പേടിക്കണം രാഹുവിനേയും കേതുവിനേയും; പ്രസവിച്ച വാലാ യ്മ മാത്രം കഴിഞ്ഞ മാതാവും പേടിക്കണം കുട്ടിക്ക് വസൂരി കീറിവെക്കാൻ കൽപ്പ നയും കൊണ്ടുവരുന്ന ശിപായിയെ! അങ്ങിനെ ബ്രാഞ്ച്പോസ്റ്റ്മാസ്റ്റർക്കും ഭയപ്പെ ടണം ഒരാളെ—പോസ്റ്റ്മാനെ. അദ്ദേഹമാണെങ്കിൽ ഇമ്പീരിയൽ സർവ്വീസിൽ പ്പെട്ട ഒരുദ്യോഗസ്ഥൻ, ബ്രാഞ്ച് പോസ്റ്റ്മാസ്റ്ററുടേതിനേക്കാൾ മൂന്നും നാലും ഇര ട്ടി ശമ്പളം മേടിക്കുന്ന ഒരു ദേഹം, പോസ്റ്റൽ നിയമങ്ങളുടെ കട്ടകട്ടി! ശിപായി വരുമ്പഴക്കും തപ്പാൽ കെട്ടിവെച്ചിട്ടില്ലാത്ത ഒരു ബ്രാഞ്ച് പോസ്റ്റ്മാസ്റ്ററുടെകഥ ഓർമ്മിക്കുമ്പോൾതന്നെ എനിക്കു ഭയമാകുന്നു! പോസ്റ്റ്മാൻെറ മുമ്പിൽ ബ്രാഞ്ച് പോസ്റ്റ്മാസ്റ്റർ പാവം! അയാളുടെ കരുണയില്ലെങ്കിൽ, സബ്പോസ്റ്റ്മാസ്റ്ററെ കാ ണാൻ പോകുന്ന ബ്രാഞ്ച്പോസ്റ്റ്മാസ്റ്റർക്കു, അവിടെ കോലായിൽ കാത്തു കെട്ടി ക്കിടക്കുകമാത്രമെ ഗതിയുള്ളു. സ്റ്റാമ്പൊ കവറൊ വാങ്ങുവാൻവന്ന അപരിചിത നായ ആളെ കോലായിൽ കാത്തു കെട്ടിക്കിടത്തിയതിൻെറ ഫലമാണ് താൻ സ ബ്പോസ്റ്റാപ്പീസിൻെറ വറാന്തയിൽ വെച്ചനുഭവിക്കുന്നതെന്നു ആ സമയത്തെങ്കി ലും ബ്രാഞ്ച് പോസ്റ്റ്മാസ്റ്റർ കരുതുമെങ്കിൽ!

എക്സ്പ്പെരിമെൻറൽ പോസ്റ്റാപ്പീസിൽ ആറുമാസം കിടന്നു മൂത്തശേ ഷമാണ് ഒരാൾ ബ്രാഞ്ച് പോസ്റ്റ്മാസ്റ്ററാകുന്നതു്. പോസ്റ്റ്മാന്നു ഏറിയാൽ ഒരു പോസ്റ്റാപ്പീസ്സ് ക്ലാക്കെങ്കിലുമാകാം. എന്നാൽ ബ്രാഞ്ച് പോസ്റ്റ്മാസ്റ്റർക്കു വളമില്ലാത്ത ഇടത്തിൽ പൊടിച്ച ചീരപോലെ വളച്ചുമുട്ടിക്കിടന്നുകൊള്ളണം. എങ്കിലും അദ്ദേഹത്തിൻെറ ഉദ്യോഗപ്പേരുച്ചരിക്കുമ്പോൾ തോന്നിപ്പോകുന്ന ആ ഗംഭീരപദവി!

ചരിത്രകഥ.

ദീനാനുകമ്പ

(മാമ്പാട്, കെ. പി. കെ. തങ്ങം.)

ശൈത്യവും ഇരുട്ടും കഠിനമായ ഒരു രാത്രിയായിരുന്നു അന്ന്. സർവ്വ ജീവജാലങ്ങളും നിദ്രയിൽ ലയിച്ചിരിക്കുന്നു. രാജാക്കന്മാരും, പ്രഭുക്കന്മാരും, അവരുടെ യോഗ്യതാനുസരണം ശയനമുറികളെ അഭയംപ്രാപിച്ച് പട്ടുമെത്തയിൽ കേറിക്കിടന്നു കൂർക്ക് വലിക്കുകയാണ്. സാധാരണജനങ്ങളും അവക്കനുരൂപമായ വിധത്തിൽ നിദ്രാദേവിയെ ആശ്ലേഷിക്കുന്നു. ആ ഭയങ്കരനിശാമദ്ധ്യത്തിൽ തെരുവീഥികൾ ആകപ്പാടെ ജനശ്ശൂന്യമാണ്. എല്ലാടത്തും അന്ധകാരം! എല്ലാടവും നിശ്ശബ്ദം!! മദീനാനഗരിയിലെ വിശാലമായ മരുഭൂമിയിൽക്കൂടി ആ അസമയത്ത് ദീർഘകായകനും കാഴ്ചയിൽ കോമളനുമായ ഒരു മനുഷ്യൻ, തൻെറ ഭൃത്യനോടൊന്നിച്ച് സകുതുകം യാത്രചെയ്യുന്നുണ്ട്. പുറത്ത് രണ്ടുമൂന്നു കഷണങ്ങൾ തുന്നിപ്പിടിപ്പിച്ച ഒരു കുപ്പായവും ധരിച്ച്കൊണ്ടു പോകുന്ന ആ മനുഷ്യനെ കാണുമ്പോൾ തന്നെ അദ്ദേഹം ഒരു ആഡംബരപ്രിയനല്ലെന്നു ആക്കും ബോദ്ധ്യമാകുന്നതാണ്. അവർ എങ്ങോട്ടാണ് പോകുന്നതെന്നു ആക്കും അറിഞ്ഞുകൂടാ. നാലുപാടും തിരിഞ്ഞു നോക്കിക്കൊണ്ടും, നാനാഭാഗങ്ങളിലേക്ക് ശ്രദ്ധപതിച്ചുകൊണ്ടും അദ്ദേഹം ഭൃത്യനോടൊന്നിച്ച് കുറേദൂരംനടന്നു. അധികം കഴിയുന്നതിന്നു മുമ്പായി അടുത്ത കുന്നിൻമുകളിൽനിന്നു പ്രകാശിച്ചുകൊണ്ടിരുന്ന ഒരുചെറിയ അഗ്നിജ്വാല അവർ കാണുകയുണ്ടായി. പെട്ടെന്നു അദ്ദേഹം അവിടെ നിശ്ചലനായി നിന്നുകൊണ്ടു ഭൃത്യനോട് ചോദിച്ചു:—

"അസ്ലം, (അതായിരുന്നു ഭൃത്യൻെറ നാമധേയം) അതാ, ആ കുന്നിൻമുകളിൽ കാണുന്ന വെളിച്ചം എന്താണ്?

"വല്ലവരും താമസിക്കുന്ന സ്ഥലമോ മററൊ ആയിരിക്കാം." അസ്ലം മറുപടിപറഞ്ഞു.

"മുമ്പ് ഒരിക്കലും ജനവാസമുണ്ടായിട്ടില്ലാത്ത ആ പർവ്വതശിഖരത്തിൽ താമസസ്ഥലമോ? അദ്ദേഹം വീണ്ടും ചോദിച്ചു.

"ഇപ്പോൾ പുതുതായി ആരെങ്കിലും അവിടെ തമ്പുകെട്ടി താമസിക്കുന്നുണ്ടായിരിക്കാം."

"ഛീ! അതൊരിക്കലും ആയിരിക്കയില്ല. വല്ല പാന്ഥന്മാരും ശൈത്യവും ഇരുട്ടും നിമിത്തം വഴിയറിയാതെ അലഞ്ഞുതിരിയുകയായിരിക്കണം. നമ്മളുടെ മനുഷ്യസഹോദരന്മാരാരെങ്കിലും വിദൂരപ്രദേശങ്ങളിൽ കഷ്ടപ്പെടുന്നുണ്ടോ

എന്നു അന്വേഷിക്കേണ്ട കത്തവ്യം നമുക്കുണ്ട്. ഏതായാലും ആ സ്ഥലത്ത്പോയി ഒന്നു പരിശോധിക്കുകതന്നെ വേണം.'' എന്നു ഒരാജ്ഞാസ്വരത്തിൽ പറഞ്ഞുകൊണ്ടു അദ്ദേഹം ഭൃത്യസമേതം അവിടേക്ക് യാത്രയായി.

* * * * *

വെളിച്ചത്തിലേക്ക് അടുത്ത് ചെല്ലുംതോറും ചെറിയ പിഞ്ചുപൈതങ്ങളുടെ സന്താപഗ്രസ്തമായ ദീനരോദനം അവർ കേട്ടുതുടങ്ങി. ബദ്ധപ്പെട്ട്നടന്നു സ്ഥലത്തേക്ക് അടുത്തപ്പോൾ അടുപ്പിൽ കേററിവെച്ചിരിക്കുന്ന ഒരു പാചക പാത്രമാണ് അവർ ദശിച്ചത്. ഇടക്കിടെ കെട്ട്പോകുന്ന തീ ഊതിക്കത്തിച്ചുകൊണ്ടു അവശയായ ഒരു സ്ത്രീ അടുത്തിരിക്കുന്നു. അഗ്നി ജ്വലിക്കുമ്പോഴുള്ള വെളിച്ചത്തിലൂടെ കാണാവുന്ന അവളുടെ മ്ലാനമുഖം, അവൾ എന്തോ അഗാധമായ ആധിക്ക് അധീനയായിരിക്കുന്നുവെന്നു തെളിയിക്കുന്നുണ്ട്. കൂടെക്കൂടെ സമീപത്തിരിക്കുന്ന പിഞ്ചുപൈതങ്ങളുടെ മുഖത്ത് നോക്കി അവൾ നെടുവീപ്പയക്കുകയും ചെയ്യുന്നു.

ആഗതൻ അടുത്ത്ചെന്നു ഇസ്ലാമികോപചാരമനുസരിച്ച് "അസ്സലാമു അലൈക്കും" എന്ന് അഭിവാദ്യംചെയ്തു.

അശ്രുപൂണ്ണങ്ങളായ നയനങ്ങളോടുകൂടി തലഉയത്തി "വ അലൈക്കുമുസ്സലാം'' എന്നു പ്രത്യാഭിവാദ്യം ചെയ്തുകൊണ്ടു അവൾ പറഞ്ഞു:— "നിങ്ങൾ ഈ സാധുസഹോദരിക്ക് എന്തെങ്കിലും സഹായം ചെയ്യാമെന്നുവെച്ച് വന്നവരാണെങ്കിൽ ഇങ്ങോട്ട് അടുത്ത്വരിക ! അതല്ലാ, വെറും വൃഥാസന്ദശനത്തിന്നുവേണ്ടി മാത്രം ആഗതരായവരാണെങ്കിൽ ഞങ്ങളെ ബുദ്ധിമുട്ടിക്കാതെ ഇവിടംവിട്ടു പോകേണമെന്നു എനിക്കപേക്ഷയുണ്ട്.''

"നിങ്ങളുടെ സ്ഥിതിയെന്താണ്? ഈ കരാളരാത്രിയിൽ അസമയത്ത് ഈ കുന്നിൻമുകളിൽ കഴിച്ചുകൂട്ടുവാൻ കാരണമെന്താകുന്നു? ഈ കൊച്ചുകുട്ടികൾ അസഹ്യമായി കരയുന്നതെന്തിന്നാണ്? ആഗതൻ ചോദിച്ചു.

"കുട്ടികൾ കരയുന്നതോ, വിശപ്പു സഹിക്കാൻ കഴിയാതെ'' ഗൽഗദസ്വരത്തിൽ അവൾ മറുപടിപറഞ്ഞു.

"എന്ത്? ആവു !'' അദ്ദേഹം ഉൽക്കണ്ഠാകുലനായി. "ഈ പാചകപാത്രത്തിൽ പാകംചെയ്യുന്നതെന്താണ്?''

"അതിൽ ഒന്നുമില്ല ! പച്ചവെള്ളം മാത്രം.

"വെറും പച്ചവെള്ളമോ ?

"അതേ, സന്താനങ്ങളുടെ വിലാപത്തിന്നൊരറുതിവരുത്തുവാൻ വേണ്ടി അത് അടുപ്പിൽ കേററിവെച്ചുവെന്നു മാത്രമേയുള്ളു.''

"അത്കൊണ്ടെന്തു പ്രയോജനം?'' ആഗതൻ ആശ്ചയ്യപൂവ്വം അന്വേഷിച്ചു.

"ദാരിദ്ര്യത്താൽ അശരണരായി വിലപിക്കുന്ന എന്റെ ഓമനകിടാങ്ങൾക്ക് ഒരു കഷണം റൊട്ടിയൊ, ഒരു കാരക്കച്ചുള്ളയോ കൊടുത്ത് സമാധാനിപ്പിക്കുവാൻ എനിക്ക് നിവൃത്തിയില്ല. നിർഭാഗ്യരായ ഞങ്ങളെ സഹായിക്കുവാൻ ആരെയും ഞാൻ കാണുന്നില്ല. അടുപ്പത്തുള്ള പാചകപാത്രം കണ്ടു ഭക്ഷണം പാകംചെയ്യുകയാണെന്നു തെററിദ്ധരിച്ചു, അത് കാത്തുകൊണ്ടിരിക്കുന്ന മദ്ധ്യേ എന്റെ ഓമനകുഞ്ഞുങ്ങൾ ഉറങ്ങുമെങ്കിലോ!"

ആഗതൻ ഒന്നു നെടുവീർപ്പയച്ചു, അവൾ തുടർന്നു:—

ഇന്നത്തെ ഭരണാധികാരിയായ ഉമർ ഞങ്ങളുടെ കഷ്ടാവസ്ഥ അറിയുന്നില്ല. "അമീറുൽമുഅ്മിനിൻ" എന്ന പട്ടവും ധരിച്ച്കൊണ്ടു ലോകൈകഗുരുവായ റസൂൽതിരുമേനിയുടെ ഖലീഫയായി അദ്ദേഹം അഭിനയിക്കുന്നു. സർവ്വലോകസ്രഷ്ടാവായ അൽലാഹുവിന്റെ തിരുസന്നിധിയിൽ അദ്ദേഹം ഇതിന്നു സമാധാനം പറയേണ്ടിവരും, നിശ്ചയം.

ആഗതൻ തടുത്തുപറഞ്ഞു:— "ഉമർ ഇതെങ്ങിനെ അറിയും?"

"ഉമർ എങ്ങിനെ അറിയുമെന്നോ? മുസ്ലിം പൊതുഭണ്ഡാരത്തിന്റെ താക്കോൽ കയ്യടക്കംവെച്ചുകൊണ്ടിരിക്കുന്ന ആ പ്രജാധിപതി ഞങ്ങളെപ്പോലെയുള്ള ദരിദ്രസമൂഹത്തിന്റെ കഷ്ടപ്പാട് അറിയുകയില്ലെന്നോ? തീർച്ചയായും അതറിയേണ്ടുന്ന ചുമതല അദ്ദേഹത്തിന്നുണ്ട്."

* * * * *

വിഷാദാത്മകമായ ഒരന്തരീക്ഷം അദ്ദേഹത്തെ വലയംചെയ്തു. ആ കൃശാംഗിയിൽനിന്നും നിർഗ്ഗളിച്ച ഗൽഗദാക്ഷരങ്ങൾ പഴുത്ത ചുടുശരങ്ങൾകണക്കെ അദ്ദേഹത്തിന്റെ ഹൃദയത്തിൽ തുളച്ചുകയറി. തപ്തചിത്തനായ അദ്ദേഹത്തിന്റെ കരളലിഞ്ഞു! കവിളുകൾ തുടുത്തു!! കണ്ണുകൾ നിറംപകർന്നു!! സർവ്വോപരി അസാമാന്യമായ ഏതോ ഒരു മഹച്ഛക്തിയെ അദ്ദേഹം ഭയപ്പെടുന്നുണ്ടായിരുന്നു. വികാരതരളിതനായ അദ്ദേഹം ഉടനെ ഭൃത്യനോടൊന്നിച്ച് വായുവേഗത്തിൽ സ്വഗൃഹത്തിലേക്ക് ഗമിച്ചു.

പൊതുജനഭണ്ഡാരം തുറന്നു, ഖജാനയിൽനിന്നു ഒരു ചാക്ക് ഗോതമ്പവും, ഒരു ടിൻ നെയ്യും എടുത്ത് പുറത്ത് വെച്ചു. അദ്ദേഹം പൊതുജനഭണ്ഡാരത്തിന്റെ താക്കോൽക്കാരനായിരുന്നു. മുസ്ലിമീങ്ങളുടെ അന്നത്തെ പ്രജാധിപതിയായിരുന്നു. അതേ—ആ മഹാനുഭാവൻ അറേബ്യാ ഉപദ്വീപ് മാത്രമല്ല, ലോകത്തിന്റെ മുക്കാൽഭാഗവും അടക്കിഭരിച്ചിരുന്ന മുസ്ലിം ചക്രവർത്തിയായ ഹസ്രത്ത് ഉമർഫാറൂഖ(റ)ല്ലാതെ മററാരുമായിരുന്നില്ല

ഖലീഫ ഭൃത്യനെവിളിച്ചു ഗോതമ്പചാക്കും, നെയ്പാത്രവും തന്റെ ചുമലിൽ കേററിവെച്ചു കൊടുക്കുവാൻ ആജ്ഞാപിച്ചു.

"അമീറുൽമുഅ്മിനീൻ അങ്ങയുടെ ചുമലിലോ, അസ്ലം ആശ്ചര്യപൂർവ്വം ചോദിച്ചു.

"അതേ, എന്റെ ചുമലിൽ" ഖലീഫ: മറുപടിപറഞ്ഞു.

"ഇല്ല. ഒരിക്കലും പാടില്ല. ലോകൈകചക്രവത്തിയായ അങ്ങുന്ന് ഇതു തലയിലേററുവാൻ അർഹനല്ല. ഈ സാധനങ്ങൾ നിമിഷമാത്രയിൽ ഞാൻ എടുത്തു അവിടെ എത്തിച്ചുകൊള്ളാം."

കോപത്തോടും നീരസഭാവത്തോടുംകൂടി ഭൃത്യൻെറ മുഖത്ത് നോക്കിക്കൊണ്ടു പ്രജാപതി ചോദിച്ചു:—എൻെറ പാപങ്ങൾ നീയാണോ ചുമക്കേണ്ടത്. എൻെറ പാപം ഞാൻതന്നെ വഹിക്കേണം. ഈ സാധനങ്ങൾ എൻെറ ചുമലിൽ താങ്ങിവെക്കു! ഉം, വേഗമാവട്ടെ.

നിവൃത്തിയില്ലെന്നു കണ്ടു ചാക്കും പാത്രവും, ആ മുസ്ലിം ചക്രവത്തിയുടെ ചുമലിൽ കേററി വെച്ചുകൊടുത്തു് ഭൃത്യനും കൂടെ യാത്രയായി.

* * * * *

സ്ത്രീയുടെ അടുത്തുചെന്നു സാമാനങ്ങൾ താഴെ ഇറക്കിവെച്ചശേഷം ഭക്ഷണം പാകം ചെയ്യുന്നതിന്നുള്ള എല്ലാ ഭാരവും ഹസ്രത്ത് ഉമർ (റ) തന്നെ കയ്യേല്ക്കുകയും ചെയ്തു. പാചകസാധനങ്ങൾ ഇളക്കിയും, തീ ഊതി കത്തിച്ചുകൊണ്ടും സമത്ഥനായ ഒരു അടുക്കളവേലക്കാരനെപ്പോലെ അദ്ദേഹം ബദ്ധപ്പെട്ടു ആഹാരം തെയ്യാറാക്കി തുടങ്ങി. അടുപ്പിൽ ഊതുന്ന സമയം ഹ: ഉമറി(റ)ൻെറ താടികൾക്കുള്ളിലൂടേ തീപ്പുക കടന്നുപോകുന്നതു കണ്ടു അസ്സലം ആശ്ചയ്യപൂവ്വം വ്യസനിച്ചു. സ്വന്തം കൈകൊണ്ടു തന്നെ പാചകപാത്രം താഴെ ഇറക്കിവെച്ചു മറെറാന്നിൽ അവ വിളമ്പി ഒരു കയിൽകൊണ്ടു പരത്തി തണുപ്പിച്ചശേഷം ആ അബലയേയും കുട്ടികളേയും അതുതിന്നുവാൻ അദ്ദേഹം നിർബ്ബന്ധിച്ചു. വിശന്നലഞ്ഞ ആ സാധുകുടുംബം അത്യാത്തിയോടുകൂടി ഭക്ഷണം കഴിക്കുന്നതു അദ്ദേഹം സഹഷം നോക്കി നിന്നു.

കൃതകൃത്യനായ ഹ: ഉമർഫാറൂഖ് (റ) പ്രകടിപ്പിച്ചു പല ലീലകൾകൊണ്ടു ആ ചെറുപൈതങ്ങൾ കുടുകുടെ ചിരിച്ചുതുടങ്ങി. കുട്ടികളുടെ ആനന്ദവും സന്തോഷവും കണ്ടു കൃതാത്ഥനായ അദ്ദേഹം ഭൃത്യനോടൊന്നിച്ചു മടങ്ങിപ്പോകുകയും ചെയ്തു. അനന്തരം ആ സാധുമഹിളയ്ക്കും അവളുടെ ഓമന സന്താനങ്ങൾക്കും പൊതു ഭണ്ഡാരത്തിൽനിന്നും ചെലവുകൾ കല്പിച്ചരുൾചെയ്തപ്പോഴാണ് ആ മഹാശയനായ ദീനഹൃദയൻ ഇസ്ലാമിക ചക്രവത്തിയായ ഹ: ഉമർഫാറൂഖ് (റ) ആണെന്നു അവൾക്കു മനസ്സിലായതു്.

ആലിംഗനം

(വിദ്വാൻ, പാലയക്കോട്ട് നാരായണമേനോൻ.)

ആയുധമേന്തുവാൻ സ്വന്തം സഗോത്രർ ത-
ന്നായുസ്സു ചീന്തുവാൻ ചെന്നിണം ചിന്തുവാൻ
ആശിയ്ക്കുകൊണ്ടല്ലുടവാളെടുത്ത ത-
ന്നാം, ശിസ്സുരുളുന്ന തൃക്കരത്താൽ നബി.
ശാത്രവദൗഷ്ട്യമാം ശോഫം സമുദായ-
ഗാത്രം കരണ്ടു കരണ്ടു വളരവേ,
'ശസ്ത്രക്രിയ'യേ പരിഹാരമെന്നുള്ള
വാസ്തവമാമഹാൻ കണ്ടതു കുററമോ ?

പാൽ കൊടുത്തിട്ടെന്തു ? കൈയ്യുകടിയ്ക്കുന്ന
പാമ്പുകളായ്ത്തന്നെനിന്നാർ ഖുറൈശികൾ;
വേദമോതീട്ടെന്തു ? മാഹിഷപ്രക്രമം
ഭേദപ്പെടുത്താതെതിത്താരറബികൾ !
ധർമ്മത്തിനെക്കൊണ്ടുമായുധമേന്തിച്ച
ദുർമ്മാർഗ്ഗമേ, നന്നു നിൻെറ വിജൃംഭിതം ;
വല്ലാത ഹിംസയെ മട്ടിച്ചു തന്നാഥ-
നില്ലാതെയാക്കി നീ ശാന്തിയും സ്വൈരവും !

പാരിൻെറ ബോധംകെടുത്തു ജൃംഭിച്ചൊര-
ള്ളിരുളാം മറവും തുരത്തി പ്രഭാകരൻ,
വന്നുദിച്ചു ബ്ബദർ'ദേശമാരക്തമാം
തന്നുടെ കൈകളാൽ തൊട്ടുതലോടവേ,
ആസന്നമാകുമടരിന്നു സൈനിക-
ർക്കാശംസ നൽകയായ് ശ്രീനബിദേവനും.*

അല്പാംഗമാണുതൻ സേനാബലം, വന്നു
നേർപ്പാൻ പ്രബലമരിബലമെങ്കിലും
അമ്മഹാത്മാവിന്നിളകീല മാനസം;
ധർമ്മത്തിനല്ലെങ്കിലെങ്ങു ധൈര്യക്ഷയം ?
ഊനാംഗനാട്ടേയരുണനകററുന്നു
പീനാന്ധകാരം മിഹിരപുരസ്കൃതൻ.

ആയിരം ശാത്രവരോടു മുന്നൂറു പേ-
രായോധനം ചെയ്തിടേണ്ടും മുറകളെ,
തോട്ടുണിനിർത്തിപ്പഠിപ്പിയ്ക്കയായ്, സ്വയം
ചിട്ടകൾ കാണുമട്ടിവ്വസൈന്യാധിപൻ.
ചിത്തദോഷങ്ങളാം വൈരിവൃന്ദങ്ങളെ
നേർത്തടക്കാൻ വഴിയോതും തിരുമുഖം,
പേർത്തും പൊഴിച്ചൊരായുധനിർദ്ദേശവും
സാത്വികശുദ്ധമാം കർത്തവ്യസൂക്തമായ്.

പെട്ടെന്നണിവിട്ടുമുന്നിട്ടു നിന്നിത,-
ക്കൂട്ടത്തിൽ നിന്നൊരാളാവേശലോലനായ്.

തൻകയ്യിലെ ദണ്ഡു തെല്ലു ബലത്തില-
ക്കിങ്കരൻ തന്നുദരത്തിലൂന്നി ദ്രുതം
നീക്കിനിർത്തീടിനാൻ, കൃതപ്പിഴകണ്ടു
തൃക്കൺമുന ചെററുചോന്നുള്ള നായകൻ.

'വേദനിപ്പിച്ചോരെ വേദനിപ്പിയ്ക്കു'ന്ന
നാഥോക്തി വേദോക്തിയായെണ്ണുമബ്ഭടൻ
'ചെയ്തേ കഴിയൂ പകാര'മെന്നായ്: നബി
പെയ്താനവനിൽക്കരുണാർദ്രവീക്ഷണം.
'വിശ്വാസദാർഢ്യമെൻ വാക്കിൽ നിനക്കുള്ള-
താശ്വാസമേകുന്നു; വേണ്ടതു ചെയ്ക നീ'
എന്നോതി, ദണ്ഡവൻ നേർക്ക നീട്ടി, ക്ഷണം
തന്നുടെ മാർച്ചട്ട പൊക്കിനിന്നീടിനാൻ

പെട്ടെന്നു ഭാവം തെളിഞ്ഞവൻ ദേവനെ-
ക്കെട്ടിപ്പിടിച്ചതാ മാപ്പിനിരക്കയായ് !

ഇസ്സംഭവം കണ്ടു കോരിത്തരിച്ചുപോ-
യസ്സൈനികർക്കാകെയുള്ളവും ദേഹവും :
നൂതനചൈതന്യമൊന്നേററു, ശാത്രവ-
സ്ഫീതാന്ധ്യഭേദനത്തിന്നവർ ശക്തരായ്.
പൂർണ്ണചന്ദ്രൻപോൽ തെളിഞ്ഞു 'ബദറി'ൻെറ
പുണ്യഹൃദയമാം നിർമ്മലരൂപവും.

---

* മുഹമ്മദ് നബിയെ "ദേവനാ"യി അദ്ദേഹത്തിൻെറ അനുയായികൾ ഗണിക്കുന്നില്ല.

(മ. റ. പത്രാധിപർ.)

സാമൂതിരിപ്പാട്ടും മുഹമ്മദീയരും

(പി. സി. മാനവിക്രമൻ രാജാ, ബി. എ; എൽ. ടി.)

IV

സാമൂതിരിപ്പാട്ടിലേക്കു കപ്പൽസൈന്യവും കരസൈന്യവും ഉണ്ടായിരുന്നു. വാസ്തവത്തിൽ ഇന്ത്യയിലെ രാജാക്കന്മാരിൽ പ്രധാനമായി സാമൂതിരിക്കേ കപ്പൽ സൈന്യമുണ്ടായിരുന്നുള്ളുവെന്നാണ് ചില ചരിത്രകാരന്മാർ പറയുന്നത്. സാമൂതിരിയുടെ കപ്പൽ സൈന്യത്തിലുണ്ടായിരുന്നവർ മുഴുവനും മാപ്പിളമാരായിരുന്നു. പോർച്ചുഗീസുകാരുടെ കാലത്ത്പോലും നായന്മാർ കപ്പലിലിരിക്കുമ്പോൾ തീരെ ഭക്ഷണം കഴിക്കാതെ രണ്ടുമൂന്നു ദിവസം കഴിച്ചുകൂട്ടിയതായി കാണുന്നതിനാൽ കപ്പൽ യാത്രയിലും കപ്പൽ യുദ്ധത്തിലും മാപ്പിളമാർ മാത്രം പങ്കെടുക്കുവാൻ കാരണമായി. കപ്പലിൽ മാപ്പിളമാർ ആൾ പോരാതെവന്നതിനാൽ കടപ്പുറത്തെ ഓരോ മുക്കുവകുടുംബത്തിൽനിന്നും ഒന്നോ രണ്ടോ പേർ മുഹമ്മദീയനാവേണമെന്നും സാമൂതിരി കല്പിച്ചിരുന്നു. സാമൂതിരിയുടെ കപ്പൽസൈന്യം ഈജിപ്തിലും സിലോണിലും (ലങ്ക) പോയി യുദ്ധം നടത്തിയതായി കാണുന്നതിനാൽ മാപ്പിളമാർ ഈ ഘട്ടങ്ങളിൽ വഹിച്ച പങ്കു ഒട്ടും നിസ്സാരമാവാനിടയില്ല. പോർച്ചുഗീസുകാർ കപ്പൽ യാത്രയിൽ മുഹമ്മദീയരെക്കാളും സമർത്ഥന്മാരായിരുന്നിട്ടുകൂടി 1498 മുതൽ 1666 വരെ 168 കൊല്ലത്തോളം സമുദ്രത്തിൽ സാമൂതിരിയും പോർച്ചുഗീസുകാരുമായി യുദ്ധം ചെയ്യേണ്ടിവന്നതിൽ നിന്നും സാമൂതിരിയുടെ കപ്പൽ സൈന്യവും പരാക്രമത്തിൽ ഒട്ടും പിന്നോക്കമായിരുന്നില്ലെന്നു വിശ്വസിക്കാം.

കടൽക്കച്ചവടം നിമിത്തമാണ് സാമൂതിരിയുടെ ഭണ്ഡാരത്തിലും പണം നിറഞ്ഞതു. ഈ കടൽക്കച്ചവടം നടത്തിയതും മുഹമ്മദീയരായിരുന്നുവല്ലൊ. അതിനാൽ കോഴിക്കോട്ടിന്നു പുറമെ കച്ചവടാവശ്യംകൊണ്ടും യുദ്ധാവശ്യത്തിനാലും പല തുറമുഖങ്ങൾ സാമൂതിരിയുടെ രാജ്യത്തു് ഉണ്ടാകുവാനും അവിടങ്ങളിലെല്ലാം മുഹമ്മദീയർ (മാപ്പിളമാർ) ധാരാളം അധിവസിക്കുവാനും സംഗതിയായി. വടകരക്കെതിരായി കോട്ടപ്പുഴയുടെ തെക്കുവശത്തുള്ള പുതുപ്പട്ടണം (തുറശ്ശേരി) തിക്കോടി, പന്തലായിനി (കൊല്ലം) കപ്പാട്ട്, ചാലിയം, താനൂർ, പൊന്നാനി, ചേററുവായ്, കൊടുങ്ങല്ലൂർ മുതലായ തുറമുഖങ്ങളിലെല്ലാം വളരെക്കാലം മുമ്പ് തൊട്ട് മാപ്പിളമാർ അധികമായി താമസിക്കുവാൻ ഇതാണ് കാരണം. കോഴി

ക്കോട്ട കഴിച്ചാൽ മാപ്പിളമാക്ക് പന്തലായിനി, ചാലിയം, പൊന്നാനി, കൊട്ട ങ്ങല്ലൂർ ഈ വക സ്ഥലങ്ങൾ മതപരമായും പ്രാചീനത്വമുള്ളവയാണ്. എല്ലാ തുറമുഖങ്ങളിലും വരുന്ന കപ്പലുകൾക്ക അപായംകൂടാതെ നങ്കൂരമിട്ട് നില്ക്കുന്നതും മററും പരിശോധിക്കുവാനായി സാമൂതിരി ഒരു പ്രധാന മാപ്പിള ഉദ്യോഗസ്ഥനെ നിയമിച്ചിരുന്നു. ഇദ്ദേഹത്തിന്ന് "തുറമരക്കാർ" എന്ന സ്ഥാനവും കൊടുത്തു. കപ്പൽപ്പടയിലെ പ്രധാന നായകസ്ഥാനം (grand Admiral) താലിമരക്കാരുടെ തറവാട്ടിലേക്ക് പാരമ്പര്യാവകാശമായി പണ്ടേതന്നെ സാമൂതിരിപ്പാട് കല്പിച്ചു കൊടുത്തിരുന്നു. കുഞ്ഞാലിമരക്കാരുടെ കുടുംബം പുതുപട്ടണത്തിലായിരുന്നതിനാൽ ആ സ്ഥലത്തിന്ന കൂടുതൽ പ്രാധാന്യവും സിദ്ധിച്ചു. "കോഴിക്കോട്ടുകാർ ധൈര്യശാലികളായ നാവികന്മാരാകയാൽ കടൽക്കള്ളന്മാർ അവരെ ആക്രമിക്കാൻ ധൈര്യപ്പെടുന്നില്ല" എന്ന് 1442-ൽ പേർസ്യയിൽ നിന്നു സാമൂതിരി കോവിലകത്ത് ദൂതനായി വന്ന അബ്ദുൽറസാഖ് പറഞ്ഞിരിക്കുന്നു. പോർച്ചുഗീസ്സ്കാക്ക് കൂടി തീരെ നിശ്ചയമില്ലാത്ത ചില നാവിക യന്ത്രങ്ങൾ അന്നത്തെ മുഹമ്മദീയർ ഉപയോഗിച്ചിരുന്നതായി പോർച്ചുഗീസുകാർതന്നെ സമ്മതിച്ചിട്ടുണ്ട്. എങ്കിലും നിർഭാഗ്യവശാൽ സാമൂതിരി തൻെറ കപ്പൽസൈന്യം കാലത്തിന്നനുസരിച്ച് പരിഷ്ക്കരിക്കാത്തത് അവസാനം ദോഷത്തിന്നിടയാക്കി. കപ്പലുകൾ പണ്ടത്തെപ്പോലെ ചെറുതായിരുന്നതുകൊണ്ടും തോക്കുകൾകൊണ്ട് യുദ്ധം ചെയ്യാൻ സൌകര്യം കുറഞ്ഞതുകൊണ്ടും ഏകോപിച്ച് ശത്രുവെ എതിർക്കുവാൻ അപ്രാപ്തമായി ഭവിച്ചു. ഒളിയുദ്ധത്തിലും (Guerilla) ചണ്ഡ യുദ്ധത്തിലും കപ്പൽസൈന്യത്തിലെ മാപ്പിളമാരെ ആക്കും തോല്പിക്കുവാൻ സാധിച്ചിരുന്നില്ല. എന്നാൽ ധൈര്യവും പരാക്രമവും ശക്തിയുംഒന്നും യൂറോപ്യന്മാരുടെ കപ്പലുകളുമായി നേരിട്ടുള്ള യുദ്ധങ്ങളിൽ വിജയം കൈവരുത്തുവാൻ സഹായിച്ചില്ല. യൂറോപ്യന്മാർ എല്ലാ കപ്പലുകളെയും ഒരുമിപ്പിച്ച് ചിട്ടയിൽ യുദ്ധം നടത്തിയതിനാൽ അവസാനം ജയിച്ചു. സാമൂതിരി തൻെറകപ്പൽസൈന്യത്തിന്നും കച്ചവടകപ്പലുകൾക്കും യാതൊരാപത്തും വരാതിരിക്കുവാനായി തൻെറ വക ശ്രീവളയനാട്ടു ഭഗവതീക്ഷേത്രത്തിൽ "കപ്പലോട്ട ഭഗവതി"യേയും പ്രതിഷ്ഠിച്ച് നിത്യേന പൂജാദികൾ കഴിച്ച് വന്നതായും കാണുന്നു.

സാമൂതിരിയുടെ കരസൈന്യത്തിൽ കാലാൾ പട്ടാളവും കുതിരപ്പട്ടാളവുമുണ്ടായിരുന്നു. കാലാൾ പട്ടാളത്തിലെ "തോക്കും വെടിക്കാരിൽ" (Musketeers) ഭൂരിപക്ഷവും മാപ്പിളമാരായിരുന്നു. എന്നു മാത്രമല്ല വെടിമരുന്നുണ്ടാക്കുവാനുള്ള അവകാശവും മാപ്പിളമാക്കായിരുന്നു അനുവദിച്ചിരുന്നത്. പണ്ടത്തെ സാമൂതിരി കോവിലകത്തിൽ നിന്ന് 1½ നാഴികമാത്രം ദൂരമുണ്ടായിരുന്ന കല്ലായ് അഴിമുഖത്തിൽ കൂടി ശത്രുക്കൾ നഗരത്തിലേക്ക് പ്രവേശിക്കാതിരിപ്പാനായി നീളത്തിൽ കെട്ടിയ കന്മതിലിന്നുള്ളിൽ മാപ്പിളമാരായിരുന്നു കാവൽപട്ടാളമായി നിന്നിരു

ന്നത്. പോർച്ചുഗീസുകാരെ തീരെ നശിപ്പിക്കുന്നതിൽ നായന്മാരേക്കാൾ ഒട്ടും കുറയാത്ത ഒരു പങ്ക് സാമൂതിരിയുടെ മാപ്പിളപ്പട്ടാളക്കാർക്കുമുണ്ടായിരുന്നതായി ചരിത്രംതന്നെ അസംഖ്യം തെളിവ് തരുന്നുണ്ട്. സാമൂതിരി കോഴിക്കോട് നഗരം സ്ഥാപിച്ച് അടുത്തുള്ള പോർളാതിരിയെ ജയിച്ച് തന്റെ സാമ്രാജ്യത്തിന് പിന്നെയും വികസിപ്പിക്കാൻ കാത്തിരിക്കയായിരുന്നു. അതനുസരിച്ച് ഒന്നാമത് വെള്ളാട്ടിരിയിൽനിന്നും തിരുനാവായ പിടിച്ചെടുത്ത് ചേരമാൻ പെരുമാൾ പണ്ട് ചെയ്തിരുന്നപോലെ മാമാങ്കമഹോത്സവം കൊണ്ടാടിയതാണല്ലോ. തിരുനാവായ പിടിച്ചടക്കുവാൻ കോഴിക്കോട്ടു കോയയും മാപ്പിളമാരും സാമൂതിരിപ്പാട്ടിലേക്ക് നല്ല സഹായം ചെയ്തുവെന്നതിന്ന് സംശയമില്ല. ഇങ്ങിനെ സാമൂതിരി തിരുനാവായ പിടിച്ച് മാമാങ്കം കൊണ്ടാടിയത് 12-ാം നൂററാണ്ടിന്റെ ആരംഭത്തോടുകൂടിയാണെന്നാണ് ചരിത്രകാരന്മാർ ഏതാണ്ടു ഊഹിക്കുന്നത്. അതിനാൽ 800 കൊല്ലങ്ങൾക്കു മുമ്പ്തന്നെ സാമൂതിരിയെ യുദ്ധങ്ങളിൽ മാപ്പിളമാർ സഹായിക്കുവാൻ തുടങ്ങിയെന്നും വിചാരിക്കാം. വെള്ളാട്ടിരിയെ തോല്പിച്ച് തിരുനാവായയിൽ വെച്ച് സാമൂതിരി മാമാങ്കം നടത്തുവാനിടയായത് സംബന്ധിച്ച് മുഹമ്മദീയരും ഹിന്ദുക്കളും പൊതുവിൽ വിശ്വസിക്കുന്ന ചില ഐതിഹ്യങ്ങളെപ്പററി അടുത്ത ലേഖനത്തിൽ പ്രസ്താവിക്കുന്നതാണ്.

വിശേഷാൽ പ്രതി

ഉടൻ പുറപ്പെടും.

ധാരാളം ഗദ്യപദ്യലേഖനങ്ങൾ, അനവധി ബ്ലോക്കുകൾ മുതലായവകൊണ്ടു ആരേയും ആകർഷിക്കുന്ന ഒരു സാഹിത്യോപഹാരം. പരസ്യങ്ങൾ, ലേഖനങ്ങൾ, കുറിപ്പുകൾ, ബ്ലോക്കുകൾ മുതലായവ ഉടൻ അയയ്ക്കുക. അനവധി ലേഖനങ്ങളും പരസ്യങ്ങളും ഇതിനകം കിട്ടിക്കഴിഞ്ഞു. ലേഖനങ്ങൾ ഇനിയും ആവശ്യമുണ്ട്.

പരസ്യക്കാർക്കു അമൂല്യാവസരം

പരസ്യങ്ങൾ ശേഖരിക്കുന്നതിന് എല്ലാ സ്ഥലങ്ങളിലും ഏജന്റന്മാരെ ആവശ്യമുണ്ട്. നല്ല കമ്മീഷൻ കൊടുക്കുന്നതാണ്. പരസ്യക്കൂലി മുൻകൂർകിട്ടാതെ പരസ്യം സ്വീകരിക്കുന്നതല്ല. മകരം 10-ാംനു വിശേഷാൽപ്രതിയുടെ അച്ചടി ആരംഭിക്കുന്നതാണ്. വിവരത്തിന് ഇന്നുതന്നെ മാനേജർക്കു എഴുതുക.

മാനേജർ, മുസ്ലിംവനിത—തിരുവല്ലാ.

ബാലപംക്തി

കപ്പലിൽനിന്ന് *

VI   എസ്സ്. എസ്സ്. മംഗോളിയ,

25-8-1923 (ബുധനാഴ്ച)

പോർട്ട് സെയ്ഡ് സന്ദർശിച്ചശേഷം ഞങ്ങളെല്ലാം വീണ്ടും കപ്പൽകയറി യാത്ര ആരംഭിച്ചു. അതിന് മുൻപുതന്നെ ഈ തുറമുഖത്തുനിന്നു ഈജിപ്തുകാരായ കുറെ വിദ്യാർത്ഥികൾ ഞങ്ങളുടെ കപ്പലിൽവന്നു കയറിയിരുന്നു. കപ്പൽ മദ്ധ്യതരണ്യാഴിയിലേക്കു പ്രവേശിക്കുന്ന സ്ഥലത്തു സൂവസ്തോട് പണികഴിപ്പിച്ച ഫെർഡിനാണ്ട്‌ലെസ്സപ്സ് എന്ന ഫ്രഞ്ച് എഞ്ചിനീയരുടെ ഒരു കൽപ്രതിമ പ്രതിഷ്ഠിച്ചിരിക്കുന്നതുകാണാം. ഗംഭീരമായ ഈ പ്രതിമ സൂവസ്തോടിനെയും അതിൽക്കൂടി സഞ്ചരിക്കുന്ന കപ്പലുകളെയും സംതൃപ്തിയോടും ചാരിതാർത്ഥ്യത്തോടും പ്രൗഢഭാവത്തോടുംകൂടി നോക്കിക്കൊണ്ടിരിക്കയാണെന്ന് തോന്നും.

മദ്ധ്യധരണ്യാഴിയിൽ പ്രവേശിച്ചതോടുകൂടി ഞങ്ങളുടെ കപ്പൽ ഒരു പുതിയലോകത്തു കടന്നുവെന്നു തോന്നി. കാലാവസ്ഥ ശീതമായിത്തുടങ്ങിയതിനാൽ പരുത്തികൊണ്ടു നിർമ്മിക്കപ്പെട്ടിട്ടുള്ള വെള്ള ഉടുപ്പുകൾ ധരിച്ചിരുന്ന കപ്പൽ ഉദ്യോഗസ്ഥന്മാരും പണിക്കാരും, രോമംകൊണ്ടുണ്ടാക്കപ്പെട്ട കറുത്ത ഉടുപ്പുകൾ ധരിക്കാൻ തുടങ്ങി. യാത്രക്കാരും, ഈ അവസരത്തിൽ കമ്പിളിവസ്ത്രങ്ങളാണ് ധരിക്കുന്നത്. ഉഷ്ണരാജ്യങ്ങൾ കടന്നുവീണതോടുകൂടി അവരെല്ലാം ഉത്സാഹഭരിതരും ഉന്മേഷചിത്തരുമായിത്തീർന്നു. കപ്പലിലെ വിവിധവിനോദങ്ങളിലും അവർ കൂടുതൽ ജാഗ്രതയോടെ പങ്കെടുക്കുവാൻ തുടങ്ങി. ആയാസത്തിന്നായി 'ഡെക്ക്ടെന്നീസ്' മുതലായ പല കളികളും ഏറ്റപ്പെടുത്തപ്പെട്ടിട്ടുണ്ട്. വെള്ളക്കാരുടെ ആട്ടക്കളികളും

---

* ഡി. എഡ്യുക്കേഷനൽ ഓഫീസർ ജ: മുഹമ്മദ് സാഹിബ് വിദ്യാഭ്യാസപരിശീലനാർത്ഥം ഇംഗ്ലണ്ടിലേക്കു പുറപ്പെട്ട കാലത്ത് ഇന്ത്യക്കു പുറമെയുള്ള വിവിധസ്ഥലങ്ങളിൽനിന്ന് തന്റെ പിതാവിനു അയച്ചിട്ടുള്ള ചില കത്തുകളാണ് അദ്ദേഹത്തിന്റെ അനുമതിയോടുകൂടി ഈ പംക്തിയിൽ ഞങ്ങൾ പ്രസിദ്ധപ്പെടുത്തുന്നത്. തന്റെ യാത്രാനുഭവങ്ങളേയും വിദേശസ്ഥിതികളേയും മററും അധികരിച്ച് അദ്ദേഹം നൽകുന്ന സുലളിതമായ വിവരണങ്ങൾ, എവക്കും വിശിഷ്യ കുട്ടികൾക്കും രസജനകവും ഉപയോഗപ്രദവും ആയിരിക്കുമെന്ന് വിശ്വസിക്കുന്നു. (പത്രാധിപർ)

പാട്ടും നടനങ്ങളും മററും കപ്പൽ ജീവിതത്തിന് ഒരു പ്രത്യേക പ്രസരിപ്പുനൽകാൻ തുടങ്ങി. കിടയ്ക്ക വിരിപ്പും പുതപ്പുമെല്ലാം രോമംകൊണ്ടുള്ളവയാക്കേണ്ടിവന്നു.

മദ്ധ്യധരണ്യാഴി വളരെ കേൾവികേട്ട ഒരു സമുദ്രമാണ്. ഇതു യൂറോപ്പ് ഏഷ്യ, ആഫ്രിക്കാ എന്നീ ഭൂഖണ്ഡങ്ങളുടെ ഇടയിൽ സ്ഥിതിചെയ്യുന്ന ഒരു വലിയ ഉൾക്കടലാണ്.

ഇതിൻെറ പടിഞ്ഞാറുഭാഗം സ്പെയിനിൻെറയും ആഫ്രിക്കയുടേയും ഇടക്കുള്ള ജിബ്രാൾട്ടർ കടലിടുക്കുവഴിയായി അത്‌ലാന്തിക്ക്സമുദ്രമായി യോജിക്കുന്നു. കരിങ്കടലുമായി ബന്ധിക്കുന്ന വടക്കുകിഴക്ക് ഭാഗത്താണ് വളരെക്കാലങ്ങളായി പല പ്രധാന ഐറോപ്യൻകോയ്മകളും കൈവശപ്പെടുത്തുവാൻ കണ്ണുവെച്ചുകൊണ്ടിരിക്കുന്നതും കഴിഞ്ഞ ലോകമഹായുദ്ധത്തിൽ യൂറോപ്പിലെ ദീനക്കാരനെന്നറിയപ്പെട്ടിരുന്ന തുക്കി തൻെറ ദുർബ്ബലകൈകളാൽ മുറുകെ പിടിച്ചു രക്ഷിച്ചതുമായ പ്രധാനപ്പെട്ട ഡാർഡണൽസ് കടലിടുക്കു സ്ഥിതിചെയ്യുന്നത്. മദ്ധ്യധരണ്യാഴിയുടെ വടക്കുഭാഗം ചരിത്രപ്രധാനങ്ങളായ ഗ്രീസ്, ഇററലി, ഫ്രാൻസ് സ്പെയിൻ എന്നീ യൂറോപ്യരാഷ്ട്രങ്ങളുമായും തെക്കെ ഭാഗം ആഫ്രിക്കയിലെ ധാരാളം മുസ്ലിമിങ്ങൾ നിവസിച്ചുവരുന്ന. ഈജിപ്ത്, ട്രിപ്പൊളിമൊറൊക്കൊ മുതലായ ഒരു കാലത്തു സ്വാതന്ത്ര്യങ്ങളും പരിഷ്കാരകൊടി പറപ്പിച്ചുകൊണ്ടിരുന്നവയുമായ രാജ്യങ്ങളുമായും തൊട്ടുകിടക്കുന്നതുകൊണ്ടു ചരിത്രപരമായും കച്ചവടസംബന്ധമായും ഈ സമുദ്രം വളരെ പ്രാധാന്യമേറിയ ഒന്നാണ്. സൂവസ്കനാൽ തുറന്നു മദ്ധ്യധരണ്യാഴിയെ ചെങ്കടലുമായി ഘടിപ്പിച്ചശേഷം ഈ കടൽ എത്രയോ കപ്പലുകൾ സഞ്ചരിക്കുന്ന ഒരു വലിയ കച്ചവടമാർഗ്ഗമായി തീർന്നിട്ടുണ്ട്. ഈ കടലിൽ നിന്നു പല തരം മത്സ്യങ്ങളും പവിഴക്കൊടികളും സ്പൊഞ്ചും ലഭിക്കുന്നു. മദ്ധ്യധരണ്യാഴിക്ക് രണ്ടായിരത്തിഇരുന്നൂറോളം നാഴിക നീളവും ആയിരത്തി ഇരുന്നൂറോളം നാഴിക വിസ്താരവുമുണ്ട്.

യാത്ര തുടങ്ങിയപ്പോൾ കടൽ ശാന്തമായും നീലനിറമായും കാണപ്പെട്ടിരുന്നുവെങ്കിലും പിറെറ ദിവസം കടൽ വല്ലാതെ കോപിച്ചു. ഒരു കൊടുങ്കാററുവരുന്നുണ്ടെന്നു കമ്പിയില്ലാകമ്പിവഴി അറിഞ്ഞു. പക്ഷെ അതൊഴിഞ്ഞുപോയി. മൂന്നാം ദിവസം ഇററലിയുടെയും അതിന്നു തെക്ക്കിടക്കുന്ന സിസിലി എന്ന ദ്വീപിൻെറയും ഇടയിലുള്ള ഒരു കടലിടുക്കിൽക്കൂടി സഞ്ചരിച്ചു. അതിന്നുശേഷം സർടീനിയ കോർസിക്ക എന്നീ രണ്ടു വലിയ ദ്വീപുകളുടെ ഇടയിലുള്ള കടലിടുക്കിൽക്കൂടിയും പോയി. യാത്ര രാത്രിയിലായിരുന്നതുകൊണ്ടു ഈ പ്രദേശങ്ങൾ കാണ്മാ

ൻ സാധിച്ചില്ല. അതിനാൽ ഇററലിയുടെ തെക്കഭാഗത്തു എപ്പോഴും പുകഞ്ഞു കൊണ്ടിരിക്കുന്ന വെസൂവിയസ് എന്ന അഗ്നിപൎവ്വതം കാണ്മാൻ സാധിക്കാഞ്ഞതിൽ വലിയ നിരാശയുണ്ടായി. ഇപ്പോഠം കടൽ വളരെ കോപിച്ചിരിക്കുന്നു. കപ്പലിൻെറ ഉലച്ചിൽ വളരെ കലശലായിരിക്കുന്നു. ഏതായാലും വൈകുന്നേരം മാർസ്സയിൽസിൽ എത്തുന്നതാണ്. അവിടെ കുറെ അധികനേരം താമസമുണ്ടാകുമത്രേ. യാത്രക്കാരിൽ ഒരു വലിയ ഭാഗം മാർസ്സയിൽസിൽ ഇറങ്ങി തീവണ്ടിവഴിയായി പാരീസ്സിൽകൂടെ പോയി ഇംഗ്ലീഷ് ചാനൽകടന്ന് ഇംഗ്ലണ്ടിലേക്ക് പോകുന്നവരാണ്. അങ്ങിനെ പോകുന്നതുകൊണ്ടു മൂന്നു ദിവസം മുമ്പെ എത്താം. പക്ഷെ ചിലവ് ജാസ്തിയുണ്ടെന്നേയുള്ളു. ഞാൻ കടൽവഴിക്ക് ജിബ്രാൾട്ടർ കടലിടുക്കിൽ കൂടി പോകാനാണ് തീൎച്ചയാക്കീട്ടുള്ളതു. മാർസ്സയിൽസിൽ എത്തിയാൽ ഞാൻ നാട്ടിൽനിന്നു 5060 നാഴിക ദൂരത്തായിരിക്കും. യൂറോപ്പിലെ ആദ്യത്തെ ഈ തുറമുഖം ഇറങ്ങികാണ്മാൻ ആശിച്ചുകൊണ്ടിരിക്കയാണ്.

ZOHRA BRAND
TEA DUST

Packed By
Rukaiya Tea Company

CALICUT

Sole Agent—
T. K. MUHAMED KOYA,
Near 2nd Railway gate, CALICUT.

കുറിപ്പുകൾ

യുദ്ധഭീതി.

യുദ്ധം പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ നാം ചെയ്യേണ്ടതു ഭയാകുലരായും ഭീരുക്കളായും വർത്തിക്കുകയല്ല. പൗരസ്ത്യരുടെ ചരിത്രപ്രസിദ്ധമായ ആത്മവിശ്വാസത്തെയും മനക്കരുത്തിനേയും എപ്പോഴും വാഴ്ത്തിപ്പാടുന്ന നമ്മൾ ഏതു ആപത്തിനേയും തരണം ചെയ്യുന്നതിനു തക്ക തന്റേടമുള്ളവരായിരുന്നില്ലെങ്കിൽ പിന്നെ നമ്മുടെ ആത്മാഭിമാനത്തിന് എന്തർത്ഥമാണുള്ളതു്? ഇന്നത്തെ വമ്പിച്ച പാശ്ചാത്യകോയ്മകളുടെ വിസ്മയാവഹമായ സമരസാമഗ്രികളുടെ മുൻപിൽ അസ്വാതന്ത്ര്യരായ നമ്മുടെ ഭൗതികശക്തി അസ്തമിച്ചുപോവുന്നതു കണ്ടു നാം അമ്പരന്നോടുകയല്ല വേണ്ടതു. ഭയാകുലതയും ഭീരുത്വവും, ജീവിതത്തിന്റെ ഒരു ഘട്ടത്തിലും, ഒരു അവസരത്തിലും നമുക്കു അഭിമാനകരമോ അഭിലഷണീയമോ ആയിരിക്കയില്ല. മനസ്സിന്റെ പതറൽ നമ്മുടെ ജീവിതത്തിന്റെ പരാജയത്തെ സൃഷ്ടിക്കുവാൻ മതിയാകുന്നതാണ്. അതു നമ്മുടെ ആപൽശങ്കകളെ ആളിക്കത്തുവാൻ സഹായിക്കുകയല്ലാതെ ഉറച്ചുനില്ക്കുവാൻ ഒരിക്കലും, നമുക്ക് ഉശിരു് നൽകയില്ല. ആത്മവിശ്വാസത്തിൽ അടിയുറച്ച സഹനശക്തിയാൽ നമ്മുടെ അഭിമാനത്തെയും ജീവിതമഹിമയെയും സംരക്ഷിക്കുവാൻ നിശ്ശബ്ദമായി നമ്മോട് ആജ്ഞാപിക്കുന്ന അത്യുഗ്രമായ ഒരു പരീക്ഷണഘട്ടത്തെയാണ് നാം അഭിമുഖീകരിച്ചിരിക്കുന്നതു്. അതിനാൽ പതറിപ്പാച്ചിൽകൊണ്ടു് നാട്ടിന്റെ പരിഭ്രാന്തിയെ വർദ്ധിപ്പിക്കാതെ ആത്മവിശ്വാസത്തിന്റെയും സഹനത്തിന്റെയും അപജയമേൽക്കാത്ത അന്തഃശക്തിയാൽ നാം നമ്മെ പിടിച്ചുനിറുത്തി ആശ്വസിപ്പിക്കയാണ് വേണ്ടതു് എന്നു ഞങ്ങൾ ഉൽബോധിപ്പിച്ചുകൊള്ളട്ടെ.

വ്യക്തിയേയോ സമുദായത്തെയോ മാത്രമല്ല, നമ്മുടെ ജനതയെ ഒന്നോടെ സമീപിക്കുവാൻ സന്നദ്ധമാവുന്ന ഏതു ദുരിതത്തേയും കൂട്ടത്തോടെനിന്നു എതിരിടുവാൻ നാം നമ്മെ ഉത്സാഹിപ്പിക്കണം, ഉദ്ദീപിപ്പിക്കണം, അതാണ് നാം ചെയ്യേണ്ട ധീരകൃത്യം, അതാണ് നാം ചെയ്യേണ്ട ഉചിതകൃത്യം.

ബോംബുകൾ പൊട്ടിത്തെറിച്ചേക്കാം, കപ്പലുകൾ തകർന്ന് താഴ്ന്നുപോയേക്കാം, ടാങ്കുകൾ മനുഷ്യന്റെ അവകാശങ്ങളെ ചവിട്ടിത്തേച്ചേക്കാം, എന്നാൽ നമുക്കു അജയ്യമായ ദൈവവിലാസത്തിലും സത്യത്തിന്റെയും ധർമ്മത്തിന്റെയും വിജയത്തിലും വിശ്വസിച്ചുകൊണ്ടു പേടികൊണ്ടു പിടയ്ക്കാത്ത ഹൃദയത്തോടെ മുന്നോട്ടുഗമിക്കാം.

ഈ അവസരത്തിൽ ഒരു കാര്യംകൂടി ഞങ്ങൾ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. നാം നമ്മുടെ നിത്യജീവിതത്തിൽ നിരുപയോഗമെന്നും നിസ്സാരമെന്നും കരുതിക്കളയുന്ന പല സാധനങ്ങളും, സാമ്പത്തികദൃഷ്ട്യാ, ഇന്നു വിലയുള്ളവയായി ത്തീർന്നിരിക്കയാണല്ലോ. തുണ്ടുകടലാസ്സുകളും തുണിക്കഷണങ്ങളുംപോലും മുൻപറഞ്ഞ മട്ടിൽ വലിച്ചെറിയുവാനുള്ള ഒരു പരിതാവസ്ഥയിലല്ല നാം ഇപ്പോൾ ജീവിക്കുന്നത്. അതിനാൽ ഇത്തരം സാധനങ്ങളെ വേണ്ടപോലെ മുൻകരുതലോടുകൂടി സംരക്ഷിച്ച് ഉപയോഗപ്പെടുത്തുന്നതിൽ നാമെല്ലാം പ്രത്യേകം ഗൗനിക്കേണ്ടിയിരിക്കുന്നു.

പസിഫിക്കിലെ വിജയത്താൽ വ്യാമോഹിതരായ ജപ്പാൻെറ ആക്രമണത്തിന്നു നമ്മുടെ രാജ്യവും വിധേയമായേക്കാം. ഭാഗ്യദോഷത്താൽ അങ്ങനെ സംഭവിക്കുകയാണെങ്കിൽ വിശിഷ്യ, കടലോരങ്ങളിലും നഗരങ്ങളിലും നിവസിക്കുന്നവർ സന്നദ്ധഭടന്മാരുടെ (എ. ആർ. പി.) അവസരോചിതമായ നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർത്തിക്കേണ്ടതാണ്. ഇവരുടെ നിർദ്ദേശങ്ങളെ ഗൗനിക്കാഞ്ഞതിൻെറ ഫലമായി റംഗൂണിൽ കൂടുതൽ നാശങ്ങൾ സംഭവിച്ച കഥ ഇവിടെ സ്മരണീയമാണ്.

തിരൂർ മുസ്‌ലിം ഗറൽസ് ഹൈസ്കൂൾ കമ്മിററി.

സ്കൂൾ സഹായാർത്ഥം പിരിച്ചുവരുന്ന ഫണ്ടിലേക്കു താഴെ പറയുന്ന സംഭാവനകൾ സിക്രട്ടെരിക്കു അയച്ചുകിട്ടിയതായി അദ്ദേഹം ഞങ്ങളെ അറിയിച്ചിരിക്കുന്നു.

ഖാൻസാഹിബ് വി. കെ. ഉണ്ണിക്കമ്മുസാഹിബ്, ഒലവക്കോട്	ക.	200
ടി കെ. എം. ഉണ്ണിയാൻസാഹിബ്, മലപ്പുറം	ക.	200
ഹാജി കൊയപ്പത്തൊടി എം. അഹമ്മദുകുട്ടിസാഹിബ്, കോഴിക്കോട്	ക.	200
ഖാൻസാഹിബ് ഹാജി കെ. കുഞ്ഞമ്മതുകോയ, കോഴിക്കോട്	ക.	100
ഹാജി, പി. ഐ. അഹമ്മതുകോയ സാഹിബ്. ,,	ക.	100
മി. ആർ. എം സാവൂർ, കോയമ്പത്തൂര്	ക.	30
കെ. മുഹമ്മദ്സാഹിബ്, കോഴിക്കോട്	ക.	25
എം. കെ. അബ്ദുള്ളക്കുട്ടിസാഹിബ്, തിരൂര	ക.	15
വി. അബൂബക്കർസാഹിബ്, തിരൂര	ക.	10
പട്ടര്മഠത്തിൽ അഹമ്മതുണ്ണിസാഹിബ് അയിരൂര് (പൊന്നാനി)	ക.	10
എ. ചെക്കാമുസാഹിബ്, അരീക്കോട്	ക.	5
ഹാജി, എം. മമ്മതുസാഹിബ് അരീക്കോട്	ക.	5
ആകെ	ക.	900

സ്കൂളിന്റെ തൽക്കാലാവശ്യത്തിന്നായി പ്രസ്തുത സംഖ്യയിൽനിന്നു 700 ക. വിദ്യാഭ്യാസ ഡയരക്ടർ മി. സ്റ്റാത്താമിന്നു അയച്ചുകൊടുത്തതായും അറിയിച്ചിരിക്കുന്നു.

സംഭാവനകൾ വാഗ്ദാനം ചെയ്തിട്ടുള്ളവരും അഭ്യുദയകാംക്ഷികളും തങ്ങളാലാവുന്ന സംഖ്യ ഉടനെ അയച്ചുകൊടുത്തു സ്കൂളിന്റെ ഭാവി കൂടുതൽ സുരക്ഷിതമാക്കുമെന്നു കമ്മിററി പ്രതീക്ഷിക്കുന്നു.

ചരമങ്ങൾ.

മി. കെ. പി. രാമൻമേനോൻ കഴിഞ്ഞമാസം 20-ാംനു- ഹൃദ്രോഗത്താൽ മദിരാശിയിൽവെച്ചു നിര്യാതനായിരിക്കുന്നു. കോഴിക്കോട്ട് ബാറിലെ കീർത്തിമാനായ ഒരു അഭിഭാഷകപ്രമുഖനും പൊതുപ്രവർത്തകനുമായിരുന്ന അദ്ദേഹത്തിന്റെ ചരമം കേരളത്തിനും വിശിഷ്യ, മലബാറിനും സന്താപജനകമായ ഒരു നഷ്ടമാണു്. അദ്ദേഹത്തിന്റെ തിരോധാനത്തിൽ ഞങ്ങൾ ഹൃദയംഗമമായ ദുഃഖം രേഖപ്പെടുത്തികൊള്ളുന്നു.

ഒരു ഉത്തമസമുദായ സ്നേഹിയും തിരൂരിന്നടുത്തു് വെട്ടത്തുപുതിയങ്ങാടിയിലെ ഒരു പൗരപ്രധാനിയുമായിരുന്ന ജ. പി. പി. അഹമദ് സഹിബ് കഴിഞ്ഞ മാസം 25-ാംനു- ഹൃദ്രോഗത്താൽ നിര്യാതനായതിൽ ഞങ്ങൾ വ്യസനിക്കുകയും, പരേതന്റെ കുടുംബത്തോടുള്ള സഹതാപത്തെ രേഖപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു.

തിരൂർ മസ്ലിം ഗേൾസ് ഹൈസ്കൂളിന്നുവേണ്ടി അദ്ദേഹം ഒരു പ്രാർത്ഥനാമന്ദിരം പണിയിച്ചുകൊടുത്തും മററു പലവിധത്തിലും! സ്കൂളിന് നൽകിക്കൊണ്ടിരുന്ന സഹായസഹകരണങ്ങൾ ഈ അവസരത്തിൽ സ്മരണീയമാകുന്നു. സ്കൂൾകമ്മിററിയിൽ അദ്ദേഹം ഒരു അംഗവുമായിരുന്നു.

ചിത്രാ എലക്ട്രിക്ക്

സ്റ്റുഡിയോ,

കോഴിക്കോട്ട്

വിദ്യുഛക്തികൊണ്ടു രാപ്പകൽ ഭേദമെന്യെ മേത്തരമായ ഫോട്ടോഎടുക്കുന്നതിന്നു ഇവിടെ അന്വേഷിക്കുക.

Chithra Electric Studio,
CALICUT.

The Bombay Life Assurance Company Ltd.

(Estd: 1908)

Accident or Ill Health may come at any time.

To-day you are insurable; to-morrow you may not be.

Hence, take up a Policy immediately in the

"BOMBAY LIFE"

and make provision for the debt you owe to your family, community and country. For further particulars, please write to any of the Offices of:

KOCHIKAR BROTHERS, LTD.

MADRAS BRANCH SECRETARIES,

for South India including Indian States.

1. Udipi
2. Mangalore
3. Calicut
4. Trivandrum
5. Madras
6. Bangalore

and 7. Bombay.

ദി ഇൻഡ്യൻ ഇൻഷൂറൻസ് & ബാങ്കിംഗ്
കോർപ്പൊറേഷൻ, ലിമിററഡ്., തൃശ്ശൂർ.

[Incorporated in Cochin State, with liability of Members Ltd.]

പുതിയ മാസക്കുറി

നറുക്കൊന്നുക്ക് 50 ക. 111 നറുക്ക് 5550 ക.

ആകെ സല

1942 മാർച്ച് 7-ാംനു- നറുക്കെടുപ്പ്.

കുറിയിൽ കുറഞ്ഞതു 1ക 9ണയുടെ (1/32) വീതം വരെ ചേരാവുന്നതാകുന്നു. കൂടുതൽ വിവരത്തിന്നു കോർപ്പൊറേഷന്റെ തൃശ്ശൂർ, തിരൂർ, കോഴിക്കോട് ആപ്പീസുകളിൽ അന്വേഷിക്കുക.

Rao Saheb Chevalier
C. V. Antony, B. A., B. L., K. S. G., Chairman.

ഷാർക്ക് ലിവർ ഓയിൽ

(മദിരാശി—ബ്രാണ്ട്.)

(MADRAS BRAND)

വയിററമിൻ "ഡി" അടങ്ങീട്ടുള്ളതും സാധാരണ കോഡ്ലിവർ ഓയിലിനേക്കാൾ അധികം വയിററമിൻ "എ" ഉള്ളതും പരിശുദ്ധവുമായ ഈ എണ്ണ ദേഹക്ഷയ സംബന്ധമായ സകല രോഗങ്ങൾക്കും ഏററവും ഫലപ്രദമായതാകുന്നു.

ദൌർബ്ബല്യത്തെ അകററുന്നു. കുട്ടികൾക്കും വൃദ്ധന്മാർക്കും ഒരുപോലെ ആരോഗ്യവും ശക്തിയും നൽകുന്നു.

കൃത്രിമമായ അനുകരണങ്ങൾ നിഷേധിപ്പിൻ.

ഏജണ്ടുമാർ:—മെ: **പാരി & കമ്പനി** Ltd., മദിരാശി.

(മദിരാശി സംസ്ഥാനത്തിലേക്കും, ഹൈദരബാദ്, മൈസൂർ, തിരുവിതാംകൂർ, കൊച്ചി, പുതുക്കോട്ട, സാണ്ടൂർ, മുതലായ അടുത്ത നാട്ടുരാജ്യങ്ങളിലേക്കും.)

ഗവമ്മേണ്ട് ഓയിൽ ഫാക്ടറി,—കോഴിക്കോട്.

Visit 'BASHASTORES' Calicut.

THE BEST SHOPPING CENTRE ON WEST COAST

For almost anything & everything up-to-date in PIECE GOODS and FANCY ARTICLES. Prices Defy competition.

കോഴിക്കോട്
'ബാദ്ഷാ സ്റ്റോർസ്സിൽ'

എല്ലാതരം തുണിച്ചരക്കുകളും മററു സാധനങ്ങളും വളരെ ആദായത്തിൽ കിട്ടുന്നതാണ്.

S. H. BADSHA SAHEB & Co.,
HUZUR ROAD,
CALICUT.

KERALA SHAVING SOAP IS

BETTER THAN BREAKFAST

KERALA SOAP INSTITUTE, CALICUT

ഷേവ് ചെയ്യുന്നതിന്ന കേരളാ ഷേവിങ്ങ് സോപ്പ് ഉപയോഗിക്കുക.
അതു മുഖത്തിന് തേജസ്സും ചർമ്മത്തിന് മാർദ്ദവവും നൽകുന്നു.
ഏജൻറ്:—ആർ. സി. ദലാൽ, കോഴിക്കോട്.

Use

"Stag Brand" Umbrellas

Known all over India for the last 82 years for their durability & quality. Made only by M/s. EBRAHIM CURRIM & SONS, Calicut.

H. O: BOMBAY, Br: MADRAS.

The Standard Furniture Co., Ltd.,

KALLAI, MALABAR.

Manufacturers of HOUSEHOLD and OFFICE FURNITURE

Branches :-

MADRAS— 34/35 General Patters Road, Mount Road.
TRICHINOPOLY–Promenade Road, Cantt.
COIMBATORE — Avanasi Road.
BANGALORE— Kempegowda Road, Bangalore City.

മാറാത്തതല്ല

ചിത്തഭ്രമം, ഉന്മാദം മുതലായ മാനസീക രോഗങ്ങൾ മാറാത്തതെന്നു വിചാരിച്ചു ഇച്ഛാഭംഗപ്പെടേണ്ട. ഈ ചികിത്സയിൽ തഴക്കവും പഴക്കവും സിദ്ധിച്ച വൈദ്യവിദഗ്ദ്ധനെ കാണുക.

അനുഭവസ്ഥന്മാർ എന്തു പറയുന്നു?

എന്റെ അന്തർജ്ജനം ഏകദേശം ഒരു കൊല്ലത്തിലധികം പഴക്കമുള്ളതും പല വൈദ്യന്മാർ ചികിത്സിച്ചു യാതൊരു ഭേദവും കിട്ടാതിരുന്ന ചിത്തഭ്രമരോഗത്തെ വലിയ ബുദ്ധിമുട്ടു കൂടാതെ ചുരുങ്ങിയ ചിലവിന്മേൽ കുറഞ്ഞ കാലത്തെ ചികിത്സകൊണ്ടു ഭേദപ്പെടുത്തിത്തന്ന ശ്രീമാൻ എം. പി. രാമചന്ദ്രനോടു ഈയുള്ളവന്റെ കൃതജ്ഞതയെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഇങ്ങിനെ ഈവക രോഗംകൊണ്ടു കഷ്ടപ്പെടുന്ന ഏതൊരു സഹോദരനും ഇത്തരം വൈദ്യന്മാരെ തേടിപ്പിടിക്കുവാൻ ഈശ്വരൻ തോന്നിക്കുമാറാകട്ടെ:—
എന്ന് കാലടിമനക്കൽ നീലകണ്ഠൻ നമ്പൂതിരി, പുലാശ്ശേരി. 18—12—41.

എം. പി. രാമചന്ദ്രൻ, സിദ്ധവൈദ്യാശ്രമം, കോഴിക്കോട്.

ഏതുതരം അച്ചടിപ്രവൃത്തികളും, ബുക്ക് ബൈണ്ടിങ്ങും മിതമായ നിരക്കിൽ ഭംഗിയായും വൃത്തിയായും കൃത്യസമയത്ത് ചെയ്തുകൊടുക്കുന്നു.

അധിക വിവരങ്ങൾക്ക്

അന്വേഷിക്കുക :-

എമ്പയർ പ്രസ്സ്,

ബേങ്ക് റോഡ്,

കോഴിക്കോട്.

മദിരാശി പാഠ്യപുസ്തക കമ്മിററിക്കാരാൽ അംഗീകരിക്കപ്പെട്ട

പുതിയ പഠനക്രമമനുസരിച്ച

പ്രസിദ്ധീകരിക്കപ്പെട്ട

പാഠപുസ്തകങ്ങൾ

ഭാരതമലയാള പാഠാവലി

(C. L. Antony B. A. Hons)

ഒന്നാം പുസ്തകം	... ...	0—3—0
രണ്ടാം പുസ്തകം	... ...	0—3—6
മൂന്നാം പുസ്തകം	... ...	0—4—0
നാലാം പുസ്തകം	... ...	0—5—0
അഞ്ചാം പുസ്തകം	... ...	0—6—0

ബാലലീല.

(Pandit K. Vasudevan Moosad)

ഒന്നാം ഭാഗം	... ...	0—1—0
രണ്ടാം ഭാഗം	... ...	0—1—9
മൂന്നാം ഭാഗം	... ...	0—1—6
നാലാം ഭാഗം	.. ...	0—2—0

കൂടാതെ അനേകം ഉപപാഠപുസ്തകങ്ങളും ഇംഗ്ലീഷ്, മലയാളം, സംസ്കൃതം എന്നീ അച്ചടി കോപ്പികളും വില്പനയ്ക്കുണ്ട്. ആകർഷണീയമായ കമ്മീഷൻ. കാററ് ലോക്ക് സൌജന്യം. ആദായവിലക്ക് ലൈബ്രറി പുസ്തകങ്ങൾ കൊടുക്കും.

ഭാരതവിലാസം പ്രസ്സ് & ബുക്ക്ഡിപ്പോ,

തൃശ്ശിവപേരൂർ.

മ്യൂച്വൽ ബെനിഫിററ് കോപ്പൊറേഷൻ,

ലിമിററഡ, തൃശ്ശൂർ. **Estd: 1928.**

സെക്യൂരിട്ടികെട്ടി, പ്രശസ്തമാംവണ്ണം നടത്തപ്പെടുന്ന

ഇൻഷ്വറൻസ് സ്ഥാപനം.

ഇതിലെ എല്ലാ ആദായങ്ങളും പോളിസി ഉടമസ്ഥന്മാർക്കുള്ളതാകുന്നു.

പോളിസി ഉടമസ്ഥന്മാരാൽ കമ്പനി പ്രവർത്തനം നടത്തപ്പെടുന്നു.

തക്കതായ-പ്രതിഫലത്തിന്മേൽ

ഓർഗനൈസർമാർ—ഏജണ്ടുമാർ

മുതലായവരെ ആവശ്യമുണ്ട്.

K. A. Davies, B. A., B. L. Managing Director.

ദേഹകാന്തിയുടെ ഏകാസ്പദം

കണ്ണഞ്ചിക്കുന്ന കാന്തിയോടുകൂടിയതും, ചൊറിചിരങ്ങുകളോ, അവയുടെ കലകളോ, കറുപ്പുപുള്ളികളോ ഇല്ലാത്തതുമായ മനോഹരചർമ്മം! ഏതു സ്ത്രീയാണ്, ഏതു പുരുഷനാണ് ഇത് കാമിയ്ക്കാത്തത്?

കടകളിൽ ഡസൻ കണക്കാക്കി വില്ക്കപ്പെടുന്ന പൌഡർ, സ്നോ മുതലായവ വാങ്ങി മുഖത്തും ദേഹത്തിന്റെ വെളിക്കു കാണപ്പെടുന്ന ഭാഗങ്ങളിലും പൂശുന്നവർ ത്വക്ദോഷങ്ങളെ തൽക്കാലത്തേക്കു മൂടിവെക്കുക മാത്രമേ ചെയ്യുന്നുള്ളു. ദേഹത്തിലുള്ള അഴുക്കുകളെ പുറത്തേക്കു കളയുന്ന ചെറു സുഷിരങ്ങളെ കാലക്രമത്തിൽ അടച്ചുകളഞ്ഞ്, പുറംപൂച്ചുകൊണ്ട് മറയ്ക്കാനാവാത്ത ത്വഗ്രോഗങ്ങളെ ക്ഷണിച്ചുവരുത്തുക മാത്രമാണ് അവർ ചെയ്യുന്നത്. എന്നാൽ അനേകനൂററാണ്ടുകളായി ഇന്ത്യയിലെ വൈദ്യവിശാരദന്മാരുടെ നിരന്തര സ്തുതിയ്ക്കു പാത്രമായ

ദിനേശവല്യാദി കുഴമ്പ്

അത്തരത്തിൽപ്പെട്ടതല്ല. അത് ചർമ്മസുഷിരങ്ങളിലൂടെ ഉള്ളിലേയ്ക്കു വ്യാപിച്ച് ത്വഗ്രോഗങ്ങളെ ഉണ്ടാക്കുന്ന അണുകൃമികളെ നശിപ്പിയ്ക്കുന്നു; ആ വഴിയിലൂടെ രക്തത്തെ ശുദ്ധീകരിയ്ക്കുന്നു; തൊലിന്ന് പട്ടുപോലെയുള്ള മാർദ്ദവവും, മിനുമിനുപ്പും, അകൃത്രിമമായ രക്തപ്രസാദവും പ്രദാനം ചെയ്യുന്നു. കാലക്രമത്തിൽ ചിരങ്ങ്, ചൊറി മുതലായവയുടെ പഴയ കലകളെക്കൂടി കാണാതാക്കുന്നു. നിത്യേന അര മണിക്കൂറെങ്കിലും ദിനേശവല്യാദി കുഴമ്പ് ദേഹത്തിൽ പുരട്ടി ഉഴിഞ്ഞു കുളിക്കുന്ന ആൾ മരണംവരെ ത്വഗ്രോഗങ്ങളെ ഭയപ്പെടേണ്ടതില്ല. ദിനേശവല്യാദി കുഴമ്പ് പതിവായി ഉപയോഗിക്കുന്ന ആളെ ദൂരെനിന്നു കണ്ടാലറിയാം; അവന്റെയോ അവളുടെയോ മുഖത്തുള്ള ആരോഗ്യലക്ഷ്മീവിലാസം അത്ര പ്രത്യക്ഷമായിരിക്കും. പക്ഷേ—കുഴമ്പ് ആരേയെങ്കിലുമേല്പിച്ച്, എങ്ങിനെയെങ്കിലും തയ്യാറാക്കിയാൽപ്പോരാ. വിധിയ്ക്കപ്പെട്ട പച്ചമരുന്നുകളൊക്കെ അതിൽ ചേർന്നിരിക്കണം; പരിചയമുള്ളവർ തയ്യാറാക്കിയിരിക്കണം. കേരളത്തിലെ ഔഷധനിർമ്മാണശാലകളിൽവെച്ച് ഏററവും പഴക്കവും പ്രശസ്തിയുമുള്ളതും, വൈദ്യരത്നം പി. എസ്സ്. വാരിയർ അവർകളുടെ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും ഇന്നും നടത്തപ്പെട്ടുവരുന്നതുമായ

സാക്ഷാൽ (കോട്ടക്കൽ) ആര്യവൈദ്യശാല

യുടെ പേർ എല്ലാ വഴിക്കുമുള്ള വിശ്വാസ്യതക്ക് ഏററവും മികച്ച തെളിവാണെന്ന് ഞങ്ങൾ പൊതുജനങ്ങളെ അറിയിക്കേണ്ടതില്ല.

മറേറതുതരം ആയുർവ്വേദൌഷധത്തിന്നും കോട്ടക്കൽ ആര്യവൈദ്യശാലയിലോ കോഴിക്കോട്ടും പാലക്കാട്ടുമുള്ള ഞങ്ങളുടെ ബ്രാഞ്ചുകളിലോ ആവശ്യപ്പെടുക. അത്യാവശ്യമായ ചികിത്സാനിർദ്ദേശങ്ങളോടും ഉപയോഗക്രമവിവരണത്തോടും കൂടിയ ഔഷധവിലവിവരപ്പട്ടിക ഇനാം.

ദിനേശവല്യാദി കുഴമ്പ് 24 ഔൺസ് കുപ്പിക്ക് വില: 5ക. 1ണ.

ബ്രാഞ്ചുകൾ:—

കോഴിക്കോട്.
&
പാലക്കാട്.

മാനേജർ.

ആര്യവൈദ്യശാല,
കോട്ടക്കൽ.

Steel Safes and Strong Rooms Specialities.



"A BATTERY OF THREE STRONG ROOMS SUPPLIED BY THE COMMONWEALTH TRUST, LTD., ENGINEERING WORKS, MANGALORE, TO BRANCHES OF THE CANARA BANK, LTD., IN BOMBAY CITY".

THE COMMONWEALTH TRUST, LTD.,

CALICUT, MALABAR.

Printed by K. A. KRISHNAN at the Empire Press, Calicut, and Edited & Published by K. ABUBUCKER.